വാല്യം 4
ഇഷ്യൂ 1

ഏപ്രിൽ 2020

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം





കേരള സർക്കാർ

നിയമ വകുപ്പ് പ്രസിദ്ധീകരണം




# നിയമധ്വനി

GPM 5/55/2021

**പത്രാധിപ സമിതി**

*ചീഫ് എഡിറ്റർ*
**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി

*എഡിറ്റർ*
**എൽ. ശോഭാ നായർ**
അഡീഷണൽ നിയമ സെക്രട്ടറി

*അംഗങ്ങൾ*
**ഗ്രാൻസി. റ്റി. എസ്.**
ജോയിന്റ് സെക്രട്ടറി

**സോണിഷ്. കെ.**
സെക്ഷൻ ആഫീസർ

**ശ്രീരഞ്ജിത്ത്. എം. സി.**
അസിസ്റ്റന്റ് ലീഗൽ ആഫീസർ

**ജെസ്സി. പി**
ലീഗൽ അസിസ്റ്റന്റ്



*പുറംതാൾ രൂപകല്പന*
**രൂപകല്പന വിഭാഗം**
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം-2019

GCPT graphic designing Section



*വിലാസം*
നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം-695 001.

*ഫോൺ*
0471-2517064, 0471-2517066



## പ്രസാധക കുറിപ്പ്

കേരളത്തിലെ ഭരണസംവിധാനം ഇപ്പോൾ മാറ്റത്തിന്റെ പാതയിലാണ്. ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കണം എന്നതാണ് കേരള സർക്കാരിന്റെ പ്രഖ്യാപിത നയം. കോടതിഭാഷ മലയാളമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നമ്മുടെ സർക്കാർ വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തുവരുന്ന ഈ ഘട്ടത്തിൽ ബഹു. സുപ്രീംകോടതിയുടേയും ബഹു. ഹൈക്കോടതിയുടേയും വിധിന്യായങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി നിയമ വകുപ്പ് പ്രസിദ്ധീകരിച്ചു വരുന്ന നിയമധ്വനി എന്ന പ്രസിദ്ധീകരണം പ്രാധാന്യം അർഹിക്കുന്നതും ഈ പ്രസിദ്ധീകരണത്തിനു ലഭിക്കുന്ന പ്രോത്സാഹനം പ്രശംസനീയവുമാണ്.

നിയമധ്വനിയുടെ എല്ലാ മാന്യവായനക്കാർക്കും സമ്പൽസമൃദ്ധിയുടേയും ഐശ്വര്യത്തിന്റെയും വിഷു ആശംസകൾ നേർന്നുകൊണ്ട് **നിയമ ധ്വനി** യുടെ 2020 ഏപ്രിൽ പതിപ്പ് മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു.

ആശംസകളോടെ,

**അരവിന്ദബാബു. പി. കെ**
നിയമ സെക്രട്ടറി.

നിയമ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
16-03-2020

# ഉൾത്താളുകളിൽ......

## സുപ്രീം കോടതി വിധിന്യായങ്ങൾ

1. ആർ. ശ്രീനിവാസ് കുമാർ *Vs* ആർ. ഷമേത ........ 3
2. രാജ് കുമാർ *Vs* സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ് ........ 8
3. കേരള സംസ്ഥാന ബിവറേജസ് (എം. & എം.) കോർപ്പറേഷൻ ലിമിറ്റഡും മറ്റുള്ളവരും *Vs* പി. പി. സുരേഷും മറ്റുള്ളവരും ........ 16
4. അവധേഷ് കുമാർ *Vs* സ്റ്റേറ്റ് ഓഫ് യു.പി.യും മറ്റുള്ളവരും ........ 29
5. ബീഹാർ സംസ്ഥാനവും മറ്റുള്ളവരും *Vs* ഫുൽപാരി കുമാരി ........ 35

## ഹൈക്കോടതി വിധിന്യായങ്ങൾ

1. എസ്. ബാലു *Vs* ഐ.സി.ഡി.എസ്. ലിമിറ്റഡും മറ്റുള്ളവരും ........ 41
2. ബിനു കുമാർ *Vs* എ. അനുശ്രീ ........ 44
3. ജെ. ജോർജ്ജ് *Vs* കേരള സംസ്ഥാനവും മറ്റുള്ളവരും ........ 52
4. അശ്വതി ഉദയൻ *Vs* പ്രിൻസ് ആനന്ദും മറ്റുള്ളവരും ........ 58
5. കേരള സംസ്ഥാനവും മറ്റുള്ളവരും *Vs* സുനു ജോർജ്ജ് ........ 61
6. എം. കെ. വർഗ്ഗീസ് കോർ എപ്പിസ്കോപ്പ *Vs* കേരള സംസ്ഥാനവും മറ്റുള്ളവരും ........ 64
7. കെ. എം. ജേക്കബ്ബ് *Vs* കേരള സംസ്ഥാനവും മറ്റുള്ളവരും ........ 70

# സുപ്രീം കോടതി വിധിന്യായങ്ങൾ

# ബഹു. സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ

&

ബഹു. ജസ്റ്റിസ് എം. ആർ. ഷാ

ആർ. ശ്രീനിവാസ് കുമാർ

Vs

ആർ. ഷമേത

സിവിൽ അപ്പീൽ നമ്പർ 4696/2013

2019 ഒക്ടോബർ 4-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വിവാഹബന്ധത്തിലെ ഇരുകക്ഷികളും ശാശ്വതമായ വേർപിരിയലിനു സമ്മതിക്കുകയോ/വിവാഹമോചത്തിനു സമ്മതിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആ കേസിൽ, തീർച്ചയായും ഇരുകക്ഷികൾക്കും ക്ഷമതയുള്ള കോടതിയെ പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചന ഉത്തരവിനായി സമീപിക്കാം. കക്ഷികളിൽ ഒരാൾ യോജിക്കാതിരിക്കുകയും സമ്മതം നൽകാതിരിക്കുകയും ചെയ്യുന്ന കേസിൽ മാത്രം കക്ഷികൾ തമ്മിലുള്ള ഗണ്യമായ നീതി നടപ്പാക്കുന്നതിനുവേണ്ടി, കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലുള്ള അധികാരങ്ങൾ നടപ്പിലാക്കാൻ ആവശ്യപ്പെടേണ്ടതാണ്.**

### വിധിന്യായം

### ജസ്റ്റിസ് എം. ആർ. ഷാ

1. ആന്ധ്രാപ്രദേശ് ഹൈക്കോടതി, 6-2-2012 തീയതിയിലെ സി.എം.എ. നമ്പർ 4142/2003-ൽ അപ്പീൽവാദി-ഭർത്താവ് സമർപ്പിച്ച അപ്പീൽ തള്ളുകയും, കുടുംബ കോടതി, എതിർകക്ഷി-ഭാര്യയ്ക്കെതിരെ വിവാഹമോചന ഉത്തരവ് പുറപ്പെടുവിക്കുന്നത് നിരസിച്ചുകൊണ്ട് പുറപ്പെടുവിച്ച ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടുകൊണ്ടാണ് അപ്പീൽവാദി-ഭർത്താവ് ഈ അപ്പീൽ സമർപ്പിച്ചത്.

2. അപ്പീൽവാദിയുടെയും എതിർകക്ഷിയുടെയും വിവാഹം 9-5-1993-ൽ നടന്നു. പ്രസ്തുത വിവാഹബന്ധത്തിൽ 29-8-1995-ൽ എതിർകക്ഷി ഒരു ആൺകുട്ടിക്ക് ജന്മം നൽകി. കക്ഷികൾ തമ്മിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടായതായി കാണുന്നതും അപ്പീൽവാദി-ഭർത്താവിന്റെ അഭിപ്രായത്തിൽ അയാൾക്ക് നേരെ ക്രൂരത ഉണ്ടാകുകയും ചെയ്തു. 1997 വരെ, പലതവണ എതിർകക്ഷി-ഭാര്യ അവളുടെ രക്ഷാകർത്താക്കളോടൊപ്പം താമസിച്ചു. അപ്പീൽവാദി-ഭർത്താവ്, ഹൈദരാബാദ് കുടുംബകോടതി മുമ്പാകെ ഒ.പി. നമ്പർ 157/1999 ആയി 1999-ൽ ഒരു വിവാഹമോചന ഹർജി സമർപ്പിച്ചു.

പ്രസ്തുത ഹർജി, 1995-ലെ ഹിന്ദു വിവാഹ നിയമത്തിന്റെ 13(1) (iഎ) (iബി) എന്നീ വകുപ്പുകളിൻകീഴിൽ എതിർകക്ഷി-ഭാര്യയ്ക്കെതിരെ വിവാഹമോചന ഉത്തരവിന് വേണ്ടിയായിരുന്നു ഫയൽ ചെയ്തത്. അപ്പീൽവാദി-ഭർത്താവ് എതിർ കക്ഷി ഭാര്യയാലുള്ള ക്രൂരത തെളിയിക്കുന്നതിൽ പരാജയപ്പെട്ടു എന്ന നിരീക്ഷണത്തിൽ കുടുംബകോടതി പ്രസ്തുത ഹർജി തള്ളി. ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നു എന്ന കാരണത്താൽ വിവാഹ മോചന ഉത്തരവ് പുറപ്പെടുവിക്കാൻ കുടുംബ കോടതിയും വിസമ്മതിച്ചു.

2.1. ഒ.പി. നമ്പർ 157/1999-ൽ ഹൈദരാബാദിലെ കുടുംബകോടതി 4-9-2003 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടുകൊണ്ട് അപ്പീൽവാദി-ഭർത്താവ് ഹൈക്കോടതി മുമ്പാകെ ഒരു അപ്പീൽ സമർപ്പിച്ചു. ഹൈക്കോടതി മുമ്പാകെയും, അപ്പീൽവാദി-ഭർത്താവ്, ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നു എന്ന കാരണത്താൽ ഒരു വിവാഹമോചന വിധി തേടി. ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്താലും ഉത്തരവിനാലും ഹൈക്കോടതി പ്രസ്തുത അപ്പീൽ തള്ളി. ആയതിനാൽ, അപ്പീൽവാദി-ഭർത്താവ് ഈ കോടതി മുമ്പാകെ ഈ അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽവാദി-ഭർത്താവിനുവേണ്ടി ഹാജരാകുന്ന ശ്രീ. ഗുരു കൃഷ്ണകുമാർ, ഇരു കീഴ്ക്കോടതികളും ക്രൂരത സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ള കണ്ടെത്തലുകൾ തകിടം മറിയ്ക്കുവാൻ കഠിനശ്രമം നടത്തി. ബദലായി, അപ്പീൽവാദിയ്ക്കുവേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷകൻ, ശ്രീ. ഗുരു കൃഷ്ണകുമാർ കഴിഞ്ഞ 22 വർഷമായി അപ്പീൽവാദി-ഭർത്താവും എതിർകക്ഷി-ഭാര്യയും വെവ്വേറെ താമസിക്കുന്നതുകൊണ്ടും വിവാഹബന്ധം നിലനിർത്താൻ അസാദ്ധ്യമായതുകൊണ്ടും വിവാഹബന്ധം നിലനിർത്താൻ യാതൊരു സാദ്ധ്യതയില്ലാതെയും കൂട്ടിയോജിപ്പിക്കാൻ കഴിയാത്തവിധം തകർന്നുപോയിട്ടുള്ളതുമാണ് എന്ന് വാദിച്ചു. ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നുപോയിട്ടുള്ളതിനാൽ വസ്തുതകളുടെ യോജിപ്പിൽ ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടുകൂടി വിവാഹബന്ധം വേർപിരിക്കണമെന്നും കക്ഷികളോടു ഗണ്യമായ നീതി പുലർത്തേണ്ടതുമാണെന്ന് ബോധിപ്പിച്ചു.

3.1. ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നതിന്റെ അടിസ്ഥാനത്തിൽ വിവാഹം വേർപ്പെടുത്താനുള്ള അയാളുടെ ബദൽ സമർപ്പണത്തെ പിന്തുണച്ചുകൊണ്ട്, ഈ കോടതിയുടെ താഴെ പറയുന്ന തീരുമാനങ്ങളിൽ ശക്തമായി അവലംബിച്ചു; **ദുർഗാ പ്രസാദ് ത്രിപതി** Vs. **അരുന്ധതി ത്രിപതി** [മനു/എസ്.സി./050/2005: (2005) 7 എസ്.സി.സി. 353]; **നവീൻ കോലി** Vs. **നീലു കോലി** [മനു/എസ്.സി./1387/2006: (2006) 4 എസ്.സി.സി. 558]; **സംഘമിത്ര ഘോഷ്** Vs. **കാജൽ കുമാർ ഘോഷ്** [മനു/എസ്.സി./5143/2006: (2007) 2 എസ്.സി.സി. 220]; **സമർ ഘോഷ്** Vs. **ജയാ ഘോഷ്** [മനു/എസ്.സി./1386/2007: (2007) 4 എസ്.സി.സി. 511]; **കെ. ശ്രീനിവാസ് റാവു** Vs. **ഡി.എ. ദീപ** [മനു/എസ്.സി./0180/2013: (2013) 5 എസ്.സി.സി. 226]; **സുഖേന്ദു ദാസ്** Vs. **റിതാ മുഖർജി** [മനു/എസ്.സി./1275/2017: (2017) 9 എസ്.സി.സി. 632].

3.2. അപ്പീൽവാദി-ഭർത്താവിനുവേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷകൻ ശ്രീ. ഗുരു കൃഷ്ണകുമാർ, അപ്പീൽവാദി-ഭർത്താവിനു വിവാഹബന്ധം വേർപ്പെടുത്തുന്നതിനുള്ള ഒരു വിധി ഉണ്ടാകുകയാണെങ്കിൽ, അപ്പീൽവാദി-ഭർത്താവ് ഒരു ന്യായമായ സ്ഥിര ജീവനാംശം നൽകുവാൻ സന്നദ്ധമാണെന്ന് കോടതിയിൽ പ്രസ്താവിച്ചു.

4. എതിർകക്ഷി-ഭാര്യയ്ക്കുവേണ്ടി ഹാജരായിട്ടുള്ള അഭിഭാഷകൻ ജയന്ത് കുമാർ മേത്ത നിലവിലെ അപ്പീലിനെ ശക്തമായി എതിർത്തു. അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം, ദാമ്പത്യ ബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നിട്ടുള്ളതിനാൽ, ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹ ബന്ധം വേർപ്പെടുത്താൻ അനുയോജ്യമായ ഒരു കേസല്ല ഇതെന്ന് അയാൾ ശക്തമായി വാദിച്ചു.

4.1. ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നു എന്ന കാരണത്താൽ കക്ഷികളിൽ ഒരാൾ താത്പര്യപ്പെടാതെയും അത്തരം വേർപിരിയലിനു സമ്മതം നൽകാത്തിടത്തും ഒരു വിവാഹമോചന ഉത്തരവ് നൽകുവാൻ കഴിയുകയില്ലെന്ന് എതിർകക്ഷി-ഭാര്യയ്ക്കുവേണ്ടിയുള്ള അഭിഭാഷകൻ ശക്തമായി വാദിച്ചു. വിവാഹബന്ധത്തിലെ ഇരുകക്ഷികളും സമ്മതിക്കുകയോ/സമ്മതം നൽകുകയോ ചെയ്യുന്ന ഒരു സംഗതിയിൽ മാത്രം വിവാഹബന്ധം വേർപിരിക്കുവാൻ കഴിയുകയും ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തതരത്തിൽ തകർന്നതിനാൽ വിവാഹമോചന ഉത്തരവും പുറപ്പെടുവിക്കാൻ കഴിയുമെന്ന് ബോധിപ്പിച്ചു.

4.2. മേൽപറഞ്ഞവ ബോധിപ്പിച്ചുകൊണ്ടും ഈ കോടതിയുടെ **ചേതനാ ദാസ്** Vs. **കമലാദേവി** [മനു/എസ്.സി./0262/2001: (2001) 4 എസ്.സി.സി. 250]; **വിഷ്ണുദത്ത് ശർമ്മ** Vs. **മഞ്ജു ശർമ്മ** [മനു/എസ്.സി./0314/2009: (2009) 6 എസ്.സി.സി. 379]; **ഹിതേഷ് ഭട്നാഗർ** Vs. **ദീപാ ഭട്നാഗർ** [മനു/എസ്.സി./0428/2011: (2011) 5 എസ്.സി.സി. 234]; **ദർശൻ ഗുപ്ത** Vs. **രാധികാ ഗുപ്ത** [മനു/എസ്‌സി/0627/2013: (2013) 9 എസ്‌സിസി 1]; **മനീഷ് ഗോയൽ** Vs. **രോഹിണി ഗോയൽ** [മനു/എസ്‌സി/0106/2010: (2010) 4 എസ്‌സിസി 393]; എന്നീ കേസുകൾ അവലംബിച്ചുകൊണ്ട് നിലവിലെ അപ്പീൽ തള്ളുവാൻ അപേക്ഷിക്കുന്നു.

5. ബന്ധപ്പെട്ട കക്ഷികൾക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകരെ ഞങ്ങൾ വിശദമായി കേട്ടു.

5.1. ആരംഭത്തിൽ, കഴിഞ്ഞ 22 വർഷമായി അപ്പീൽവാദി-ഭർത്താവും എതിർകക്ഷി-ഭാര്യയും വെവ്വേറെ താമസിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ടതും യാതൊരു തർക്കവും ഇല്ലാത്തതുമാണെന്നത് ശ്രദ്ധിക്കേണ്ടതാണ്. വിവാഹബന്ധം തുടരുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടുവെന്നും കക്ഷികൾ തമ്മിലുള്ള ബന്ധം വഷളായതിനാൽ വീണ്ടും ഒത്തുചേരാനുള്ള യാതൊരു സാദ്ധ്യതയില്ലാത്തതുമാണ് എന്നുകൂടി കാണുന്നു. അങ്ങനെ, അപ്പീൽവാദി-ഭർത്താവും എതിർകക്ഷി-ഭാര്യയും തമ്മിലുള്ള ദാമ്പത്യബന്ധം യോജിപ്പിക്കാനാകാത്തവിധം തകർന്നിട്ടുള്ളതായി കാണുന്നു. ഹിതേഷ് ഭട്നാഗറുടെ (മുകളിലെ) കേസിൽ, ഒരു വിവാഹബന്ധം നിലനിർത്താൻ സാധിക്കാത്തതും അതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടന്നതും ദാമ്പത്യബന്ധം നിലനിർത്താൻ യാതൊരു സാദ്ധ്യതയുമില്ലെന്നും അത് യോജിപ്പിക്കാനാവാത്തവിധം തകർന്നിരിക്കുകയാണെന്നും കോടതിക്ക് നിസ്സംശയം ബോദ്ധ്യമാകുമ്പോൾ മാത്രം കോടതിക്ക് വിവാഹബന്ധം വേർപ്പെടുത്തുവാൻ കഴിയും എന്നത് ശ്രദ്ധിക്കേണ്ടതാണ്.

5.2. **നവീൻ കോലി**-യുടെ (മുകളിലെ) കേസിൽ, ഈ കോടതിയുടെ മൂന്നംഗ ബെഞ്ച് താഴെപ്പറയും പ്രകാരം നിരീക്ഷിച്ചു:

74. ......... ഒരിക്കൽ ദാമ്പത്യബന്ധം യോജിക്കാൻ കഴിയാത്തവിധം തകരുകയാണെങ്കിൽ, ആ വസ്തുത പരിഗണിക്കാതിരിക്കുന്നത് നിയമത്തിന് അയാഥാർത്ഥ്യമായതും അത്, സമൂഹത്തിന് ഹാനികരവും കക്ഷി

കളുടെ താത്പര്യത്തിന് വിരുദ്ധവുമാണ്. ദീർഘകാലമായി തുടർച്ചയായി വേർപിരിഞ്ഞ് നിൽക്കുന്നിടത്ത്, ദാമ്പത്യബന്ധം യോജിപ്പിക്കാൻ കഴിയാത്തവിധമാണ് എന്ന് തികച്ചും അനുമാനിക്കാം. നിയമപരമായ ബന്ധത്തിന്റെ പിന്തുണയുണ്ടെങ്കിലും വിവാഹം വെറും ഒരു സങ്കല്പമാകുന്നു. ആ കെട്ട് വേർപെടുത്തുവാൻ നിരസിച്ചുകൊണ്ട് അത്തരം കേസുകളിൽ നിയമം വിവാഹത്തിന്റെ പവിത്രത നിലനിർത്തുന്നില്ല; നേരെ മറിച്ച്, ഇത് കക്ഷികളുടെ വികാരങ്ങളോട് വിരളമായ പരിഗണന കാണിക്കുന്നു.

85. നിസ്സംശയമായും, വിവാഹബന്ധം കഴിയുന്നിടത്തോളവും കഴിയുന്നത്ര കാലവും സാധ്യമാകുമ്പോഴെല്ലായ്പ്പോഴും, നിലനിർത്തുക എന്നത്, കോടതിയുടെയും ബന്ധപ്പെട്ട എല്ലാവരുടെയും കടമയാണ്. എന്നാൽ വിവാഹബന്ധം പൂർണ്ണമായും നിർജ്ജീവമായാൽ, ആ സാഹചര്യത്തിൽ, യഥാർത്ഥത്തിൽ ഒരു വിവാഹബന്ധം നിലവിൽ ഇല്ലാത്തിടത്ത് കക്ഷികളെ എന്നെന്നേയ്ക്കുമായി ബന്ധിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ട് ഒന്നും നേടാനാവില്ല...........

86. "10 വർഷത്തിൽ കൂടുതലായി കക്ഷികൾ വെവ്വേറെ താമസിക്കുന്നതും മേൽപ്രതിപാദിച്ച ധാരാളം സിവിലും ക്രിമിനലും നടപടികൾ അപ്പീൽവാദിക്കെതിരെ എതിർകക്ഷി ആരംഭിച്ചിട്ടുണ്ട്. ചില നടപടികൾ എതിർകക്ഷിക്കെതിരെ അപ്പീൽവാദിയും ആരംഭിച്ചിട്ടുണ്ട് എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ കക്ഷികളുടെ ദാമ്പത്യബന്ധം യോജിപ്പിക്കുവാൻ കഴിയുകയില്ല. കക്ഷികൾ തമ്മിലുള്ള വിവാഹബന്ധം പേരിൽ മാത്രമാണ്. പുനർയോജിപ്പിക്കാമെന്ന പ്രതീക്ഷയ്ക്കപ്പുറം വിവാഹബന്ധം തകരുകയും പൊതുതാത്പര്യവും ബന്ധപ്പെട്ട എല്ലാവരുടെയും താത്പര്യവും വസ്തുത തിരിച്ചറിയുന്നതിൽ വർത്തിക്കുന്നതും ഇതിനകം വാസ്തവത്തിൽ പ്രവർത്തനരഹിതമാകുന്നതെന്തോ അതിനെ നിയമപ്രകാരം പ്രവർത്തനരഹിതമായതായി പ്രഖ്യാപിക്കുന്നു.".

[ഊന്നൽ നൽകുന്നു]

**സമർഘോഷിന്റെ** (മുകളിലെ) കേസിൽ സമാന കാഴ്ചപ്പാട് പ്രകടിപ്പിക്കുകയുണ്ടായി. കേസിലെ സമാന വസ്തുതകളിലും സാഹചര്യങ്ങളിലും, ഈ കോടതി, സുഖേന്ദുദാസ് (മുകളിലെ) കേസിൽ ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നു എന്ന കാരണത്താൽ വിവാഹബന്ധം വേർപ്പെടുത്താൻ നിർദ്ദേശിച്ചു.

6. ഇരുകക്ഷികളുടെയും സമ്മതമില്ലെങ്കിൽ, ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻ കീഴിലെ അധികാരങ്ങൾ വിനിയോഗിച്ചാൽ പോലും, ദാമ്പത്യബന്ധം യോജിപ്പിക്കാനാവാത്തവിധം തകർന്നു എന്ന കാരണത്താൽ വിവാഹബന്ധം വേർപ്പെടുത്താൻ കഴിയുകയില്ല എന്ന് മേൽ പ്രസ്താവിച്ചതിൽ യാതൊരു അർത്ഥവുമില്ല എന്നതാണ് എതിർകക്ഷി-ഭാര്യയ്ക്കുവേണ്ടി ബോധിപ്പിച്ചത്. വിവാഹബന്ധത്തിലെ ഇരു കക്ഷികളും ശാശ്വതമായ വേർപിരിയലിനു സമ്മതിക്കുകയോ/വിവാഹമോചനത്തിനു സമ്മതിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആ കേസിൽ, തീർച്ചയായും ഇരു കക്ഷികൾക്കും ക്ഷമതയുള്ള കോടതിയെ പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചന ഉത്തരവിനായി സമീപിക്കാം. കക്ഷികളിൽ ഒരാൾ യോജിക്കാതിരിക്കുകയും സമ്മതം നൽകാതിരിക്കുകയും ചെയ്യുന്ന കേസിൽ മാത്രം, കക്ഷികൾ തമ്മിലുള്ള ഗണ്യമായ നീതി നടപ്പാക്കുന്നതിനുവേണ്ടി, കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട്, ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലുള്ള അധികാരങ്ങൾ നടപ്പിലാക്കാൻ ആവശ്യപ്പെടേണ്ടതാണ്. എന്നിരുന്നാലും, അതേസമയം, ഭാര്യയുടെ

സാമ്പത്തിക താല്പര്യവും സംരക്ഷിക്കേണ്ട തുണ്ട്, അതിനാൽ ഭാവിയിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കാതിരിക്കുന്നതിനും മറ്റുള്ളവരെ ആശ്രയിക്കാതിരിക്കുന്നതിനും കഴിയും.

7. വിവാഹം പൂർണ്ണമായും പ്രാവർത്തിക മല്ലാത്തതും, വൈകാരികമായി നിർജ്ജീവവും ഉദ്ധരിക്കാനാവാത്തവിധവും യോജിപ്പിക്കാനാവാത്തവിധവും തകർന്നിരിക്കുകയും കേസിന്റെ വസ്തുതകൾ നിയമപ്രകാരം വിവാഹമോചനം നൽകുവാൻ കഴിയുന്ന ഒരു കാരണം നൽകുന്നില്ലെങ്കിലും ഭാരതത്തിന്റെ ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിൽ ഈ കോടതി, ഒരു കൂട്ടം വിധിന്യായങ്ങളിൽ, അതിന്റെ അന്തർലീനമായ അധികാരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. നിലവിലെ കേസിൽ, അപ്പീൽവാദി-ഭർത്താവും എതിർകക്ഷി-ഭാര്യയും 22 വർഷത്തിൽ കൂടുതലായി വെവ്വേറെ താമസിക്കുകയാണെന്നും കക്ഷികൾക്ക് ഒരുമിച്ചു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നതും നിസ്സംശയമാണ്. അക്കാരണത്താൽ, സ്ഥിരമായ ജീവനാംശം നഷ്ടപരിഹാരമായി നൽകിക്കൊണ്ട് എതിർകക്ഷി-ഭാര്യയുടെ താല്പര്യം സംരക്ഷിക്കുമ്പോൾ ഭാരതത്തിന്റെ ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അനുയോജ്യമായ ഒരു കേസാണ് ഇതെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

8. മേൽ പ്രസ്താവിച്ച കാരണങ്ങളുടെ അടിസ്ഥാനത്തിൽ, അപ്പീൽവാദി-ഭർത്താവ് വിവാഹബന്ധം വേർപ്പെടുത്താൻ സമർപ്പിച്ച വിവാഹമോചന ഹർജി ഇതിനാൽ അനുവദിച്ചു. ഭരണഘടനയുടെ 142-ാം അനുച്ഛേദത്തിൻകീഴിലുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, അപ്പീൽവാദി-ഭർത്താവിനുവേണ്ടി ഹാജരായ അഭിഭാഷകൻ സമ്മതിച്ച പ്രകാരം അപ്പീൽവാദി-ഭർത്താവ് ഒരു നിശ്ചിതതുക സ്ഥിരമായ ജീവനാംശമായി, 20,00,000 രൂപ (ഇരുപത് ലക്ഷം രൂപ) കണക്കാക്കി ഡിമാൻഡ് ഡ്രാഫ്റ്റ് വഴി ഇന്നു മുതൽ എട്ട് ആഴ്ചയ്ക്കുള്ളിൽ എതിർകക്ഷി-ഭാര്യയ്ക്ക് നേരിട്ട് നൽകുന്നതാണ് എന്ന വ്യവസ്ഥയിൽ വിവാഹബന്ധം വേർപ്പെടുത്താൻ ഉത്തരവാകുന്നു. മേൽപ്പറഞ്ഞ സ്ഥിരമായ ജീവനാംശം കൊടുക്കുന്നതുവരെ അപ്പീൽവാദി-ഭർത്താവ് അവൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ജീവനാംശം തുടർന്നും നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകളാൽ അപ്പീൽ അനുവദിക്കുന്നു. ചെലവില്ല.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ദീപക് ഗുപ്ത

&

ബഹു. ജസ്റ്റിസ് അനിരുദ്ധ ബോസ്

ക്രിമിനൽ അപ്പീൽ നമ്പർ 1541/2019
[പ്രത്യേകാനുമതി ഹർജി (ക്രിമിനൽ)
നമ്പർ 6687/2017-ൽ നിന്നുത്ഭവിച്ചത്]

രാജ് കുമാർ

Vs

സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്

2019 ഒക്ടോബർ 4-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**142-ാം അനുച്ഛേദത്തിൻകീഴിലെ അധികാരം, നിയമത്തിന്റെ സമ്പൂർണ്ണ ലംഘനത്തിൽ ഉപയോഗിക്കാൻ കഴിയില്ല. നിയമത്താൽ ഒരു ഏറ്റവും കുറഞ്ഞ ഒരു ശിക്ഷ നിർണ്ണയിക്കുമ്പോൾ, ഈ കോടതിക്ക്, 142-ാം അനുച്ഛേദത്തിൻകീഴിലെ അതിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് നിയമത്തിന് പൂർണ്ണമായും കടകവിരുദ്ധമായ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയില്ല. നിർദ്ദിഷ്ട കുറഞ്ഞ ശിക്ഷയേക്കാൾ കുറഞ്ഞത് ഒരു മായം ചേർക്കൽ കേസിൽ ചുമത്തുന്നതിന് അങ്ങനെയുള്ള അധികാരം ഉപയോഗിക്കാൻ കഴിയുന്ന പക്ഷം, പിന്നീട് കൊലപാതകം, ബലാൽസംഗം എന്നീ കേസുകളിൽ പോലും, ഈ കോടതിക്ക് അതേ തത്വങ്ങൾ പ്രയോഗിച്ചുകൊണ്ട് ഏറ്റവും കുറഞ്ഞതിനേക്കാൾ കുറഞ്ഞ ഒരു ശിക്ഷ ചുമത്താൻ കഴിയും. ഇത്, 142-ാം അനുച്ഛേദത്തിന്റെ ഉദ്ദേശ്യമല്ല. 142-ാം അനുച്ഛേദത്തിൻ കീഴിലെ അധികാരങ്ങൾ അങ്ങനെയുള്ള ഒരു രീതിയിൽ വിനിയോഗിക്കാൻ കഴിയാത്തതും, അത് നിയമത്തെ തന്നെ പരിഹസിക്കുന്നതുമാണ് എന്നതിൽ യാതൊരു സംശയവുമില്ല.**

വിധിന്യായം

ജസ്റ്റിസ് ദീപക് ഗുപ്ത

1. അനുമതി നൽകി.

2. 30-10-1995-ൽ ഫുഡ് ഇൻസ്പെക്ടർ അപ്പീൽവാദിയിൽനിന്നും പാലിന്റെ സാമ്പിൾ പരിശോധനയ്ക്കായി ശേഖരിച്ചു. ആയത് പബ്ലിക് അനലിസ്റ്റിന് അയച്ചുകൊടുക്കുകയും അയാൾ അത് 2-11-1995-ന് സ്വീകരിക്കുകയും ചെയ്തു. സാമ്പിൾ പാൽ പരിശോധിക്കുകയും, നിർദ്ദിഷ്ട അളവായ 8.5%-ൽ നിന്നും

വ്യത്യസ്തമായി പാൽ കൊഴുപ്പ് (ചുരുക്കത്തിൽ എം.എഫ്) 4.6% ആയും കൊഴുപ്പില്ലാത്ത മിൽക്ക് സോളിഡ് (ചുരുക്കത്തിൽ എം.എസ്.എൻ.എഫ്) 7.7% ആയും കണ്ടെത്തി. ചീഫ് മെഡിക്കൽ ആഫീസറുടെ അനുമതി വാങ്ങിയ ശേഷം അപ്പീൽവാദിയെ പ്രോസിക്യൂട്ട് ചെയ്യുകയും വിചാരണക്കോടതി ശിക്ഷിക്കുകയും ആ ശിക്ഷ സെഷൻസ് കോടതിയും ഹൈക്കോടതിയും ശരിവയ്ക്കുകയും ചെയ്തു.

3. അപ്പീൽവാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ധാരാളം പ്രശ്നവിഷയങ്ങൾ ഉന്നയിച്ചു. ആദ്യത്തേത്, സാമ്പിൾ പരിശോധിച്ചതിൽ കാലതാമസം ഉണ്ടായിരുന്നതും അപ്രകാരം എം.എസ്.എൻ.എഫ്-ലെ നേരിയ കുറവ്, സാമ്പിൾ പരിശോധിച്ചതിലെ കാലതാമസത്താൽ ഉണ്ടാവുന്നതാകയാൽ അവഗണിക്കേണ്ടതാണ്. ഈ വാദത്തെ പിന്തുണയ്ക്കുന്നതിന് റിക്കാർഡിൽ യാതൊരു വസ്തുതയും ഇല്ലാത്തതിനാൽ ഈ തർക്കം ഞങ്ങൾക്ക് സ്വീകരിക്കാൻ കഴിയില്ല. ഈ ആവശ്യത്തിലേയ്ക്കായി എതിർ വിസ്താരത്തിന് വേണ്ടി പബ്ലിക് അനലിസ്റ്റിനെ വിളിക്കുന്നത് ഉചിതമാണെന്ന് അപ്പീൽവാദി പോലും കരുതുന്നില്ല. സാമ്പിളുകൾ പരിശോധിക്കുന്നതിൽ 44 ദിവസത്തെ കാലതാമസം വന്നിട്ടുള്ള സമാന സാഹചര്യങ്ങളിൽ, ഈ കോടതി, **ഷംഭു ദയാൽ Vs. സ്റ്റേറ്റ് ഓഫ് യു.പി [മനു/എസ്‌സി/0164/1978:(1979)1 എസ്‌സിസി 202]**-ൽ, നിലവിലെ കേസിലെ പോലെ, ഫോർമാലിൻ ഉപയോഗിച്ചു കൊണ്ട് സാമ്പിൾ സൂക്ഷിച്ചതിനാൽ പ്രതിക്ക് ആനുകൂല്യം കിട്ടില്ല എന്ന് വിധിച്ചിട്ടുണ്ട്.

4. രണ്ടാമതായി ഉന്നയിച്ച തർക്കം, അയാളുടെ രണ്ടാമത്തെ സാമ്പിൾ പരിശോധനയ്ക്കായി കേന്ദ്ര ഫുഡ് ലബോറട്ടറിയിൽ (ചുരുക്കത്തിൽ സിഎഫ്എൽ) അയയ്ക്കുന്നതിന് അപ്പീൽവാദിക്ക് അവസരം നൽകാത്തത് കൊണ്ട് 1954-ലെ ഭക്ഷ്യത്തിൽ മായം ചേർക്കൽ ആക്റ്റിലെ (ഇതിനുശേഷം ആക്റ്റ് എന്ന് പരാമർശിക്കപ്പെടും) 13(2) വകുപ്പിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്നതായിരുന്നു. ഈ വാദത്തിലും യാതൊരു യോഗ്യതയും ഇല്ല. 18-2-1996-ൽ ആക്റ്റിന്റെ 13(2) വകുപ്പ് പ്രകാരം അപ്പീൽവാദിക്ക് നോട്ടീസ് നൽകിയതായ വസ്തുതാ കണ്ടെത്തൽ എല്ലാ കോടതികളും നൽകിയിട്ടുണ്ട്. അപ്പീൽവാദി അയാളുടെ കൈവശത്തിലെ സാമ്പിൾ സി.എഫ്.എൽ.-നെ കൊണ്ട് പരിശോധിപ്പിക്കാനുള്ള അയാളുടെ സ്വാതന്ത്ര്യം വിനിയോഗിച്ചില്ല. ഈ സ്വാതന്ത്ര്യം സാമ്പിൾ എടുത്ത് മൂന്ന് മാസങ്ങൾക്ക് ശേഷമാണ് അയാൾക്ക് നൽകിയതെന്നും രണ്ടാമത്തെ സാമ്പിൾ പ്രത്യക്ഷമായും പരിശോധനയ്ക്ക് അനുയോജ്യമല്ലായിരുന്നു എന്നും അപ്പീൽവാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ വാദിച്ചു. 15-2-1996-ൽ ഫയൽ ചെയ്ത പരാതി ന്യൂനതയുള്ളതായിരുന്നെന്നും ന്യൂനതകൾ 27-6-1996-ൽ മാത്രമാണ് പരിഹരിച്ചതെന്നും അതിനുശേഷം ആക്റ്റിന്റെ 13(2) വകുപ്പിൻകീഴിലെ യാതൊരു സ്വാതന്ത്ര്യവും നൽകിയില്ല എന്നും തർക്കിച്ചു. ഈ വാദം പൂർണ്ണമായും യോഗ്യത ഇല്ലാത്തതാണ്. മജിസ്ട്രേറ്റ് പരാതി നടപടിക്കെടുത്തപ്പോൾ രണ്ടാമത്തെ സാമ്പിൾ സി.എഫ്.എൽ.-ന് അയയ്ക്കാൻ അപ്പീൽവാദിക്ക് സ്വാതന്ത്ര്യം നൽകിയിരുന്നു. സാക്ഷിപട്ടിക ഫയൽ

ചെയ്യാത്തതിനാൽ, പരാതി പൂർണ്ണമല്ലാതാവുന്നതും, എന്നാൽ ഇത്, സി.എഫ്.എൽ.-ൽ നിന്നും രണ്ടാമത്തെ സാമ്പിൾ പരിശോധിച്ച് കിട്ടുന്നതിനുള്ള അപ്പീൽവാദിയുടെ അവകാശത്തെ യാതൊരു തരത്തിലും സ്വാധീനിച്ചിട്ടില്ല. അപ്പീൽവാദി അയാളുടെ സ്വാതന്ത്ര്യം വിനിയോഗിക്കുകയും, മജിസ്ട്രേറ്റ് രണ്ടാമത്തെ സാമ്പിൾ സി.എഫ്.എൽ.-ന് അയയ്ക്കാതിരിക്കുകയും, അല്ലെങ്കിൽ, സാമ്പിൾ പരിശോധനയ്ക്ക് അനുയോജ്യമല്ലെന്ന് സിഎഫ്എൽ റിപ്പോർട്ട് ചെയ്യുന്നെങ്കിലോ മാത്രം അപ്പീൽവാദിയ്ക്ക് ചില ആനുകൂല്യം നേടാൻ കഴിയും. രണ്ടാമത്തെ സാമ്പിൾ പരിശോധനയ്ക്കായി സി.എഫ്എൽ.-ന് അയയ്ക്കാൻ മജിസ്ട്രേറ്റിനോട് അപേക്ഷിക്കാതെ അപ്പീൽവാദി അയാളുടെ അവകാശം ഉപേക്ഷിച്ചു, ഇതിന് വേണ്ടി അയാൾക്ക് യാതൊരു സങ്കടവും ഉണ്ടാകാൻ കഴിയില്ല.

5. അപ്പീൽവാദി നിരക്ഷരനാണ് കൂടാതെ ഒപ്പിടാനും കഴിയില്ല, എന്നാൽ ഫുഡ് ഇൻസ്പെക്ടർ അയാളുടെ ഒപ്പുകൾ നേടി എന്നുമാണ് അയാൾ ഉന്നയിച്ച മറ്റൊരു കാരണം. എല്ലാ കോടതികളും ഒപ്പുകൾ അപ്പീൽവാദിയുടേതാണെന്ന ഒരു കണ്ടെത്തൽ നടത്തിയിട്ടുള്ളതും, ഇപ്പറഞ്ഞത്, ഈ നടപടികളിൽ പ്രവേശിക്കാൻ കഴിയില്ല.

6. ഇവിടെ നിർദ്ദിഷ്ട മാനദണ്ഡങ്ങളിൽ നിന്നും നേരിയ വ്യതിയാനം ഉള്ളിടത്ത്, കോടതികൾ പ്രതിക്ക് സംശയത്തിന്റെ ആനുകൂല്യം നൽകേണ്ടതാണെന്ന് ബോധിപ്പിക്കുന്നതിന്, വിവിധ ഹൈക്കോടതികളുടെ ധാരാളം വിധിന്യായങ്ങൾ, അതായത് **ദട്ടപ്പാ Vs. ബുൾഡാന മുനിസിപ്പാലിറ്റിയും [എഐആർ (38) 1951 നാഗ്പൂർ 191]; ദുലിചന്ദ് Vs. സ്റ്റേറ്റ് ഓഫ് യു.പി-യും (മനു/യു.പി/0741/1987:1987 അല.എൽ.ജെ 971); കരുണൻ Vs. ഫുഡ് ഇൻസ്പെക്ടർ-ഉം (1985 കെഎൽറ്റി 523); റാംകുമാർ Vs. ദി സ്റ്റേറ്റ് ഓഫ് പഞ്ചാബ്-ഉം [1982 (1) എഫ്.എ.സി 68]; ഹൻസ് രാജ് Vs. ദി സ്റ്റേറ്റ് ഓഫ് പഞ്ചാബ്-ഉം [1980 (II) എഫ്.എ.സി 396]; ഉജാഗാർ സിംഗ് Vs. ദി സ്റ്റേറ്റ് ഓഫ് പഞ്ചാബ്-ഉം [1980 (1) എഫ്.എ.സി 432]** അപ്പീൽവാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ഉദ്ധരിച്ചു. പാലിന്റെ ഗുണനിലവാരം കന്നുകാലികൾക്ക് നൽകുന്ന ആഹാരത്തെ മാത്രമല്ല, കന്നുകാലികളുടെ ആരോഗ്യത്തെ കൂടി ആശ്രയിച്ചിരിക്കുന്നതും, നേരിയ ന്യൂനതകൾ മനുഷ്യനിയന്ത്രണത്തിനതീതമായ സ്വാഭാവിക കാരണങ്ങളാൽ സംഭവിക്കാം.

7. അഭിഭാഷകൻ മേൽ സൂചിപ്പിച്ച വിധിന്യായങ്ങളിൽ ഏറെയും അസാധുവാക്കിയവയാണെന്ന് ചൂണ്ടിക്കാണിക്കുന്നതിന് ഞങ്ങൾ നിർബന്ധിതരായി. കരുണന്റെ (മുകളിലെ) കേസ് പരാമർശിക്കുമ്പോൾ, കേരള ഹൈക്കോടതിയിലെ ഒരു ഡിവിഷൻ ബഞ്ച്, **ഫുഡ് ഇൻസ്പെക്ടർ, പാലക്കാട് മുനിസിപ്പാലിറ്റി Vs. കരിംഗരപ്പുള്ളി കോ-ഓപ്പറേറ്റീവ് മിൽക്ക് സൊസൈറ്റി ലിമിറ്റഡും മറ്റുള്ളവരും (1986 കെഎൽജെ 29)**-ൽ, കരുണന്റെ കേസിൽ പ്രതിപാദിച്ച നിർദ്ദേശം നിയമത്തിൽ നല്ലതല്ല എന്ന് പറഞ്ഞു. അപ്പീൽവാദി, ഉജാഗാർ സിംഗിന്റെ കേസും (മുകളിലെ) അതുപോലെ രാംകുമാറിന്റെ കേസും (മുകളിലെ) അവലംബിച്ചു. പ്രതി ആ കേസിൽ മായം ചേർക്കലിന് കുറ്റക്കാരനല്ലെന്ന നിഗമനത്തിന് രാംകുമാറിന്റെ കേസും (മുകളിലെ) ഉജാഗാർ സിംഗിന്റെ കേസും (മുകളിലെ) അവലംബിച്ചു.

എന്നിരുന്നാലും, പഞ്ചാബ് & ഹരിയാന ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബഞ്ച്, **സ്റ്റേറ്റ് ഓഫ് പഞ്ചാബ് Vs. രമേഷ് കുമാറിന്റെ (മനു/പിഎച്ച്/0295/1983:1984 ക്രി.എൽ.ജെ 381)** കേസിൽ, ഹൈക്കോടതിയുടെ **സ്റ്റേറ്റ് ഓഫ് പഞ്ചാബ് Vs. തേജാസിംഗ് (മനു/പിഎച്ച്/0131/1976:1976 ക്രി.എൽ.ജെ 1648)**-ലെ ഒരു ഫുൾ ബഞ്ച് വിധിന്യായത്തെ അവലംബിച്ചുകൊണ്ട് ഉജാഗാർ സിംഗിന്റെ കേസ് (മുകളിലെ) ഇനി നിയമത്തിൽ നല്ലതല്ല എന്ന് വിധിച്ചു. അഭിഭാഷകൻ ഉദ്ധരിച്ച വിധിന്യായങ്ങൾ സുപ്രീംകോടതി തലത്തിൽ അസാധുവാക്കിയത് നിർഭാഗ്യകരമാണ്.

8. നിയമസഭ ഒരിക്കൽ മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്നിടത്ത്, ആ നിലവാരങ്ങൾ പിന്തുടരേണ്ടതാണെന്നാണ് നമ്മുടെ പരിഗണിത വീക്ഷണം. ഒരു പ്രാഥമിക ഭക്ഷണമായ പാൽ പോലുള്ള ഇനങ്ങൾ, ആക്റ്റിൻകീഴിൽ, ഭക്ഷണ ഇനം, മനുഷ്യന് ഭക്ഷ്യയോഗ്യമല്ലാതായെന്നോ ആരോഗ്യത്തിന് ഹാനികരമായെന്നോ തെളിയിക്കേണ്ട ആവശ്യവുമില്ല. ആക്റ്റിന്റെ കീഴിൽ വരുന്ന ഭക്ഷണങ്ങളുടെ സംഗതികളിൽ, ആഹാരവസ്തു ആരോഗ്യത്തിന് ഹാനികരമായിരുന്നു എന്ന് തെളിയിക്കേണ്ട ആവശ്യകതയില്ല. ഈ കേസിൽ തീരുമാനിക്കേണ്ട ഒരേ ഒരു തർക്ക വിഷയം, വസ്തു നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതാണോ അല്ലയോ എന്നതാണ്? അത് നിലവാരങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെടുന്ന പക്ഷം, അത് ആരോഗ്യത്തിന് ഹാനികരമാകുന്നില്ല, എങ്കിൽപോലും, അത് മായം ചേർന്ന ഒരു വസ്തുവായി കരുതുന്നതാണ്. നിർദ്ദിഷ്ട നിലവാരത്തിൽ നിന്നുള്ള നേരിയ വ്യതിയാനം പോലും അവഗണിക്കാൻ കഴിയില്ല.

9. ഈ കോടതി, **എം.വി.ജോഷി Vs. എം.യു. ഷിംപിയും മറ്റൊരാളും (മനു/എസ്സി/0151/1961:എഐആർ (48)1961 എസ്സി 1494)**-ൽ താഴെ പറയും പ്രകാരം വിധിച്ചിട്ടുള്ളത് നമുക്ക് ചൂണ്ടിക്കാട്ടാം:

> 7. ...... അതുകൊണ്ട്, വെണ്ണയുടെ ഗുണമോ പരിശുദ്ധിയോ നിർദ്ദിഷ്ട മാനദണ്ഡത്തിന് താഴെ പോയാലോ അതിന്റെ ഘടകങ്ങൾ പരിവർത്തനം വരുത്തുന്നതിന് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പരിധിയേക്കാൾ കൂടുതലാകുന്നെങ്കിലോ അത് മായം ചേർത്തതാണെന്ന് ആക്റ്റിന്റെ 2-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ കരുതുന്നു. നിർദ്ദിഷ്ട മാനദണ്ഡം കൈവരിക്കാത്ത പക്ഷം, വാസ്തവത്തിൽ അതിൽ മായം ചേർക്കുന്നില്ലെങ്കിലും അത്തരം ഒരു വെണ്ണ മായം കലർന്ന ഭക്ഷണമായി നിയമത്തിൽ സങ്കല്പിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ സങ്കല്പം കാരണം, നിർദ്ദിഷ്ട നിലവാരം കൈവരിച്ചില്ലെങ്കിലും ഭക്ഷണവസ്തു വാസ്തവത്തിൽ മായം ചേർന്നതല്ലെന്ന് തെളിയിക്കാൻ പ്രതിക്ക് അനുവാദമില്ല. നിർദ്ദിഷ്ട മാനദണ്ഡവുമായി പൊരുത്തപ്പെടാത്തത് അത്തരം വെണ്ണയെ ഒരു മായം ചേർന്ന ഭക്ഷണമാക്കുന്നു. ആക്റ്റിന്റെ 7-ാം വകുപ്പ് അത്തരം ഭക്ഷണത്തിന്റെ ഉത്പാദനവും വില്പനയും ശേഖരണവും വിതരണവും തടയുന്നു........

10. ഈ കോടതി 14-8-1967-ൽ തീർപ്പ് കൽപ്പിച്ച **ഇൻഡോർ മാൽവാ കോ-ഓപ്പറേറ്റീവ് മിൽക്ക് യൂണിയൻ ലിമിറ്റഡും മറ്റുള്ളവരും Vs. ബിഹാരി ലാലും മറ്റൊരാളും (1973 എഫ് എ സി 375)**-ലെ വിധിന്യായത്തിൽ, ചില നിരീക്ഷണങ്ങൾ ഉണ്ടായിരുന്നതും, ആയത്, ആവശ്യകതകൾ നിറവേറ്റുന്നതിൽ നേരിയ ന്യൂനതകൾ ഉണ്ടായിരിക്കുന്ന സംഗതിയിൽ, കുറ്റവിമുക്തനാക്കുന്നത് ന്യായീകരിക്കപ്പെട്ടെന്ന് അർത്ഥമാക്കിക്കൊണ്ട് ചില ഹൈക്കോടതികൾ വ്യാഖ്യാനിച്ചു. മാൽവാ കോ-ഓപ്പറേറ്റീവ് കേസ് (മുകളിലെ) ഈ കോടതി, **മുനിസിപ്പിൽ കമ്മിറ്റി, അമൃത്സർ Vs. ഹസാര സിംഗിൽ [മനു/എസ്‌സി/0170/1975:(1975)1 എസ്‌സിസി 794]** ഇനി പറയും പ്രകാരം പരിഗണിച്ചു:

> 4. ...... തീർച്ചയായും, ഈ കോടതിയുടെ മേൽ സൂചിപ്പിച്ച തീരുമാനം, ജസ്റ്റിസ് ഹിദായത്തുള്ള, (അന്നത്തെ പോലെ), പാൽ ഘടകങ്ങളിലെ നിസ്സാര പോരായ്മകൾ ഭക്ഷ്യമായം ചേർക്കൽ കേസ്സുകളിൽ കുറ്റവിമുക്തമാക്കുന്നതിനെ ന്യായീകരിക്കുന്നതായി നിയമം പ്രതിപാദിക്കുന്നില്ല എന്ന് വെളിവാക്കുന്നു......

കൂടാതെ, ഈ കോടതി. കേരള ഹൈക്കോടതിയുടെ **സ്റ്റേറ്റ് ഓഫ് കേരള Vs. പരമേശ്വരൻ പിള്ള വാസുദേവൻ നായർ**-ലെ **(മനു/കെഇ/0111/1974:1975 ക്രി.എൽ.ജെ 97)** ഫുൾ ബഞ്ചിന്റെ വിധിന്യായം, അംഗീകാരത്തോടെ ഉദ്ധരിച്ചു, ആയത് ഇനി പറയും പ്രകാരം വിധിച്ചു:

13. ആക്റ്റ് ഉപഭോക്തൃ നിയമ നിർമ്മാണത്തിന്റെ ഒരു ഭാഗമാണ്. ഇത് ഒരു പരിധി വരെ ഉപഭോക്തൃ-വിതരണ ബന്ധങ്ങളെ നിയന്ത്രിക്കുന്നു. ഭക്ഷ്യ രംഗത്ത് സുരക്ഷ ഉറപ്പാക്കുന്നതിന് ഭക്ഷണ നിർമ്മാതാക്കൾ അല്ലെങ്കിൽ നിർമ്മാതാക്കൾക്ക് ഇടയിൽ അച്ചടക്കം നടപ്പാക്കണമെന്ന് ഉപഭോക്താക്കൾ ആവശ്യപ്പെടുന്നു. ഉപഭോക്താവിന്റെ നിയമാനുസൃതമായ അജ്ഞതയും, ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നവരുടെ ന്യായബോധത്തേയും കഴിവിനേയും പൂർണ്ണമായും അയാൾ ആശ്രയിക്കുന്നതും അയാളെ ചൂഷണത്തിന് ഉന്നംവച്ചു. തികഞ്ഞ തട്ടിപ്പിൽ നിന്നും അവനെ സംരക്ഷിക്കുന്നതിന് ആക്റ്റ് ഉദ്ദേശിക്കുന്നു.

14. മായം ചേർക്കലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ അതിന്റെ കീഴിൽ വരുന്ന കേസുകൾ തമ്മിൽ ഈ ആക്റ്റ് ഒരു വേർത്തിരിവ് ഉണ്ടാക്കുന്നില്ല. മലിനീകരണത്തിന്റെ വ്യാപ്തിയെ അടിസ്ഥാനമാക്കി കുറ്റകൃത്യം വർദ്ധിപ്പിക്കുന്നതിന് ഇത് വ്യവസ്ഥ ചെയ്യുന്നില്ല. മായം ചേർക്കൽ വലുതോ ചെറുതോ ആണെങ്കിലും കുറ്റവും ശിക്ഷയും ഒന്നു തന്നെയാണ്. ഭക്ഷ്യമലിനീകരണം തുച്ഛമായ ഒരു പരിധിവരെയാണെങ്കിലും, പതിവായി തുടരുകയാണെങ്കിൽ, അത് രാജ്യത്തെ ഓരോ പുരുഷന്റെയും സ്ത്രീയുടെയും കുട്ടിയുടെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ, ആക്റ്റിന് കീഴിലുള്ള നിർദ്ദിഷ്ട

മാനദണ്ഡങ്ങളുടെ നിസ്സാരമോ അല്ലെങ്കിൽ നേരിയ വ്യതിയാനങ്ങൾപോലും എല്ലാ പേർക്കും ഗൗരവമായി ഉത്കണ്ഠ ഉണ്ടാകുന്ന സംഗതികളാകുന്നതും അവയിൽ പൊതുതാത്പര്യങ്ങൾ ഉൾക്കൊള്ളുന്നതിനാൽ, മാക്സിം, 'ഡി മിനിമസ് നോ കുറാറ്റ് ലെക്സ്' നിസ്സാര കാര്യങ്ങളെ നിയമം ഗൗനിക്കുന്നില്ല, അവർക്ക് ബാധകമല്ല.

15. ആക്റ്റിൻ കീഴിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം ഒന്നാണ്, അതായത് സുനിശ്ചിതം. ഇത് ഏതെങ്കിലും അളവിൽ വ്യത്യാസം വരുന്ന പക്ഷം, ഒരു പൊതു മാനദണ്ഡത്തിന്റെ ദൃഢതയെ മാനദണ്ഡത്തിന്റെ ഒരു ഏറ്റക്കുറച്ചിലിന്റെ ചാഞ്ചാട്ടം മാറ്റും. തത്ഫലമായുള്ള പ്രവചനാതീതതയും, അനിശ്ചിതത്വവും ന്യായവും സ്ഥിരവുമായ തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള അസാദ്ധ്യതയുടെയും അസൗകര്യങ്ങൾ വിപുലമാണ്.

16. ആക്റ്റിന്റെ പ്രവൃത്തിക്രമത്തിൽ നിന്നും മാനദണ്ഡത്തിന്റെ നിസ്സാരമോ അല്ലെങ്കിൽ നേരിയ വ്യതിയാനങ്ങളോ ഒഴിവാക്കാൻ ആക്റ്റ് വ്യവസ്ഥ ചെയ്യുന്നില്ല. ഇത്തരം സാഹചര്യത്തിൽ അവ അവഗണിക്കാമെന്ന കാരണത്താൽ അത്തരം വ്യതിയാനങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്നത്, ഫലത്തിൽ ആക്റ്റിൻ കീഴിൽ നിശ്ചയിച്ച മാനദണ്ഡം മാറ്റുന്നതാണ്.

17. വസ്തുക്കളുടെ ഗുണനിലവാരങ്ങളുടെ മാനദണ്ഡങ്ങൾ, സർക്കാർ, വേണ്ടത്ര പര്യാലോചനയ്ക്കും യോഗ്യരായ ഒരു സമിതിയുമായുള്ള ചർച്ചയ്ക്ക് ശേഷവും ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. ഒരു മാനദണ്ഡം നിശ്ചയിക്കുന്നതിന് മുൻപ് ഇടയായേക്കാവുന്ന പിശകുകൾക്ക് കൊടുക്കേണ്ട കിഴിവ് അവർക്ക് നൽകാം. അവർ അത് ചെയ്തിരിക്കാം. മറ്റുവിധത്തിൽ ഊഹിക്കുന്നതിന് യാതൊരു കാരണവുമില്ല. അതിനാൽ, ഒരു ഭക്ഷ്യവസ്തുവിന് ആക്റ്റിൻകീഴിൽ ഒരു മാനദണ്ഡം നിശ്ചയിക്കുമ്പോൾ, അത് എല്ലാ വിശദാംശത്തിലും അനുഷ്ഠിക്കണം എന്നാണ് നിഗമനം.

11. മേൽ സ്ഥാപിത നിയമത്തിന്റെ അടിസ്ഥാനത്തിൽ, മാനദണ്ഡങ്ങൾ പാലിക്കാത്ത പക്ഷം, മായം ചേർത്തതിന് കുറ്റാരോപിതനായ പ്രതിയെ, നിസ്സാര ന്യൂനതയുടെ മാത്രം കാരണത്താൽ കോടതി കുറ്റവിമുക്തനാക്കുന്നത് ന്യായീകരിക്കുന്നതല്ല എന്ന് ഞങ്ങൾ ഗ്രഹിക്കുന്നു.

12. **സന്തോഷ് കുമാർ Vs. മുനിസിപ്പൽ കോർപ്പറേഷനും മറ്റൊരാളും [മനു/എസ്സി/0899/2000:(2000)9 എസ്സിസി 151]**-ൽ സമാന സാഹചര്യങ്ങളിൽ ആറ് മാസക്കാല തടവ് ശിക്ഷ ഇളവ് ചെയ്യുകയും, ഇളവ് ചെയ്തുകൊണ്ട് നിയമാനുസരണം ഉത്തരവ് പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തത് ഈ കോടതിക്ക് പിന്തുടരാമെന്നായിരുന്നു അഭിഭാഷകൻ അന്തിമമായി ബോധിപ്പിച്ചത്. ബഞ്ച്, സന്തോഷ് കുമാറിന്റെ കേസിൽ (മുകളിലെ),

**എൻ. സുകുമാരൻ നായർ Vs. ഫുഡ് ഇൻസ്പെക്ടർ, മാവേലിക്കര [മനു/എസ്സി/1991/1995:(1997)9 എസ്സിസി 101]**-ലെ വിധി ന്യായം പിന്തുടർന്നതായി കാണുന്നതും, ഈ രണ്ട് കേസുകളിലും, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയുടെ (ചുരുക്കത്തിൽ സിആർപിസി) 433-ാം വകുപ്പിന്റെ ഉദ്ദേശ്യ ത്തിന്റെയും പരിധിയുടെയും യാതൊരു ചർച്ചയും ഉണ്ടായിരുന്നില്ല എന്ന് ഞങ്ങൾ കണ്ടെത്തുന്നു. ഈ വിധിന്യായങ്ങൾ തെറ്റായ ധാരണയിൽ നിന്നുണ്ടായ വിധിയാണെന്നും, ക്രിമിനൽ നടപടി നിയമസംഹിതയുടെ 433-ാം വകുപ്പിലെ വ്യവസ്ഥകൾ അത്തരം കേസുകളിൽ ആകാം എന്ന് ഏതെങ്കിലും നിയമപരമായ നിർദ്ദേശം പ്രതിപാദിച്ചിട്ടില്ല എന്നും അതിനാൽ ഞങ്ങൾ നിരീക്ഷിക്കുന്നു.

13. ക്രിമിനൽ നടപടി നിയമസംഹിതയുടെ 433-ാം വകുപ്പ് താഴെ പറയും പ്രകാരം വായിക്കാം:

433. ശിക്ഷാവിധി ലഘൂകരിക്കാനുള്ള അധികാരം.—ശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആളുടെ സമ്മതം കൂടാതെ സമുചിത സർക്കാരിന്,—

(എ) മരണ ശിക്ഷാവിധി, ഇന്ത്യൻ ശിക്ഷാ നിയമസംഹിത വ്യവസ്ഥ ചെയ്യുന്ന മറ്റേതെങ്കിലും ശിക്ഷയ്ക്കുള്ള തായോ;

(ബി) ജീവപര്യന്തത്തടവു ശിക്ഷാവിധി, പതിനാലു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ ഉള്ളതായോ;

(സി) കഠിനതടവിനുള്ള ശിക്ഷാവിധി, അയാളെ ഏത് കാലത്തേക്ക് ശിക്ഷിക്കാമായിരുന്നോ അങ്ങനെയുള്ള ഏതെങ്കിലും കാലത്തേക്കുള്ള വെറും തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ ഉള്ളതായോ;

(ഡി) വെറും തടവിനുള്ള ശിക്ഷാവിധി, അല്ലെങ്കിൽ പിഴയ്ക്കുള്ളതായോ;

ലഘൂകരിക്കാവുന്നതാണ്.

ക്രിമിനൽ നടപടി നിയമസംഹിതയുടെ 433-ാം വകുപ്പിന്റെ ഒരു ലളിതമായ പരിശോധന, 433-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ സമുചിത സർക്കാരിന് മാത്രമേ വിനിയോഗി ക്കാൻ കഴിയൂ എന്ന് കാണിക്കുന്നു. ഈ അധികാരങ്ങൾ ഈ കോടതി ഉൾപ്പെടെ യാതൊരു കോടതിക്കും വിനിയോഗിക്കാൻ കഴിയില്ല. കോടതിക്ക് അങ്ങനെയുള്ള അധികാരം വിനിയോഗിക്കാൻ സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യാൻ കഴിയും, എന്നാൽ സമുചിത സർക്കാരിന്റെ അധികാരം കോടതികളാൽ അട്ടിമറിക്കപ്പെടാൻ കഴിയാ ത്തതും, 'നിയമാനുരൂപ പാലിക്കൽ ഉത്തരവ്' പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിക്കുന്നതിനും കഴിയില്ല. അതിനാൽ, ഒരു സമാന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഞങ്ങൾ താത്പര്യപ്പെടുന്നില്ല, കാരണം, അത് ഈ കോടതിയുടെ അധികാരപരിധിക്ക് പുറത്താണ്.

14. ഇരുപതിലേറെ വർഷം മുൻപ് നടന്ന സംഭവമായതിനാൽ, ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരമുള്ള അധികാരങ്ങൾ ഞങ്ങൾ വിനിയോഗിക്കണമെന്നു കൂടി ഉദ്ബോധിപ്പിച്ചു. നിർദ്ദിഷ്ട നിയമവ്യവസ്ഥ ക്കെതിരെ 142-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം വിനിയോഗിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ സ്പഷ്ടമായി നിരീക്ഷിക്കുന്നു. ആക്റ്റിലെ 16(1)(എ) വകുപ്പ് ആറ് മാസത്തെ ഒരു കുറഞ്ഞ ശിക്ഷ പ്രതിപാദിക്കുന്നു.

മായം ചേർക്കലിന്റെ നിരോധനവും മായം ചേർക്കലും നിലവാരമില്ലാത്ത ഭക്ഷണവും പൗരന്മാരുടെ (പ്രത്യേകിച്ച്, പാൽ ഉൾക്കൊള്ളുമ്പോൾ കുട്ടികൾ) ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നത് പരിഗണിച്ച്, നിയമസഭ ആറ് മാസത്തെ ഒരു കുറഞ്ഞ ശിക്ഷ നൽകി. ഏറ്റവും കുറഞ്ഞതിനേക്കാൾ കുറഞ്ഞ ഒരു ശിക്ഷ നൽകുന്നതിന് കടന്നുപോയ സമയം ഒരു ഒഴികഴിവല്ല.

15. കൂടാതെ, 142-ാം അനുച്ഛേദത്തിൻ കീഴിലെ അധികാരം, നിയമത്തിന്റെ സമ്പൂർണ്ണ ലംഘനത്തിൽ ഉപയോഗിക്കാൻ കഴിയില്ല എന്നതാണ് ഞങ്ങളുടെ പരിഗണിത കാഴ്ചപ്പാട്. നിയമത്താൽ ഏറ്റവും കുറഞ്ഞ ഒരു ശിക്ഷ നിർണ്ണയിക്കുമ്പോൾ, ഈ കോടതിക്ക്, 142-ാം അനുച്ഛേദത്തിൻകീഴിലെ അതിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് നിയമത്തിന് പൂർണ്ണമായും കടകവിരുദ്ധമായ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയില്ല. നിർദ്ദിഷ്ട കുറഞ്ഞ ശിക്ഷയേക്കാൾ കുറഞ്ഞത് ഒരു മായം ചേർക്കൽ കേസിൽ ചുമത്തുന്നതിന് അങ്ങനെയുള്ള അധികാരം ഉപയോഗിക്കാൻ കഴിയുന്ന പക്ഷം, പിന്നീട് കൊലപാതകം, ബലാൽസംഗം എന്നീ കേസുകളിൽ പോലും, ഈ കോടതിക്ക് അതേ തത്വങ്ങൾ പ്രയോഗിച്ചുകൊണ്ട് ഏറ്റവും കുറഞ്ഞതിനേക്കാൾ കുറഞ്ഞ ഒരു ശിക്ഷ ചുമത്താൻ കഴിയും. ഇത്, ഞങ്ങളുടെ അഭിപ്രായത്തിൽ, 142-ാം അനുച്ഛേദത്തിന്റെ ഉദ്ദേശ്യമല്ല. 142-ാം അനുച്ഛേദത്തിൻ കീഴിലെ അധികാരങ്ങൾ അങ്ങനെയുള്ള ഒരു രീതിയിൽ വിനിയോഗിക്കാൻ കഴിയാത്തതും, അത് നിയമത്തെ തന്നെ പരിഹസിക്കുന്നതുമാണ് എന്നതിൽ ഞങ്ങളുടെ മനസ്സിൽ യാതൊരു സംശയവുമില്ല.

16. മേൽ പരിശോധനയുടെ അടിസ്ഥാനത്തിൽ, ഈ കേസിൽ ഞങ്ങൾ യാതൊരു യോഗ്യതയും കണ്ടെത്താത്തതും ആയത് തള്ളുകയും ചെയ്യുന്നു. അപേക്ഷകൾ എന്തെങ്കിലും ഉണ്ടെങ്കിൽ തള്ളിയതായി നിലകൊള്ളുന്നു. പ്രതിയുടെ/അപ്പീൽവാദിയുടെ ജാമ്യ ബോണ്ടുകൾ റദ്ദാക്കുകയും നാലാഴ്ചകൾക്കുള്ളിൽ അയാൾ കീഴടങ്ങുന്നതിനും ശിക്ഷയുടെ ശേഷിച്ച ഭാഗം അനുഭവിക്കുന്നതിനും നിർദ്ദേശിക്കുന്നു. വിധിന്യായത്തിന്റെ ഒരു പകർപ്പ് വിചാരണക്കോടതിക്ക് അയയ്ക്കുന്നതും, അപ്രകാരം, അപ്പീൽവാദി കീഴടങ്ങാത്ത പക്ഷം, അയാൾക്കെതിരെ ഉചിതമായ നടപടി എടുക്കാം.

*——————*

## ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എൽ. നാഗേശ്വര റാവു

&

ബഹു. ജസ്റ്റിസ് ഹേമന്ദ് ഗുപ്ത

സിവിൽ അപ്പീൽ നമ്പരുകൾ 7804-7813/2019

[പ്രത്യേകാനുമതി ഹർജി (സി) നമ്പരുകൾ 5550-5559/2016]

&

സിവിൽ അപ്പീൽ നമ്പരുകൾ 7814-7832/2019

[പ്രത്യേകാനുമതി ഹർജി (സി) നമ്പരുകൾ 33452-33470/2016]

&

സിവിൽ അപ്പീൽ നമ്പർ 7833/2019

[പ്രത്യേകാനുമതി ഹർജി (സി) നമ്പർ 6759/2017]

&

സിവിൽ അപ്പീൽ നമ്പർ 7834/2019

[പ്രത്യേകാനുമതി ഹർജി (സി) നമ്പർ 12573/2019]

കൂടാതെ

[പ്രത്യേകാനുമതി ഹർജി (സി) നമ്പരുകൾ 5550-5559/2016-ലെ
കോടതിയലക്ഷ്യ ഹർജി (സി) നമ്പർ 638/2019]

കേരള സംസ്ഥാന ബിവറേജസ് (എം & എം)

കോർപ്പറേഷൻ ലിമിറ്റഡും മറ്റുള്ളവരും

**Vs**

പി.പി. സുരേഷും മറ്റുള്ളവരും

2019 ഒക്ടോബർ 4-ന് വിധി പ്രസ്താവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

1996-ൽ കേരളത്തിൽ ചാരായ നിരോധനം ഏർപ്പെടുത്തിയതോടെ തൊഴിൽ നഷ്ടപ്പെട്ട അബ്കാരി തൊഴിലാളികളുടെ പുനരധിവാസമാണ് ഈ അപ്പീലിലെ വിഷയം. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായിരുന്നതും ചാരായ നിരോധനത്താൽ ജോലി നഷ്ടപ്പെട്ടവരുമായ തൊഴിലാളികൾക്ക് ബിവറേജസ് കോർപ്പറേഷനിൽ ഭാവിയിൽ ഉണ്ടാകുന്ന ദിവസവേതന ഒഴിവുകളുടെ 25% സംവരണം ചെയ്യുന്നതിന് 20-2-2002-ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചു. എന്നാൽ

**ഇത് പിരിച്ചുവിട്ടതും മരണപ്പെട്ടതുമായ തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 7-8-2004-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 7-8-2004-ലെ ഉത്തരവ് ഏകപക്ഷീയവും യുക്തിരഹിതവുമാണെന്നും അത് 20-2-2002-ലെ ഉത്തരവിന്റെ തുടർച്ചയാണെന്നും അതിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടവർക്കെല്ലാം പുനരധിവാസത്തിന് അർഹതയുണ്ടെന്നും എതിർകക്ഷികൾ വാദിച്ചു. എന്നാൽ 7-8-2004-ലെ ഉത്തരവ് ഒരു പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20-2-2002-ലെ ഉത്തരവിന് ബദലായി പുറപ്പെടുവിച്ചതാണെന്ന് കോടതി ഉത്തരവായി.**

വിധിന്യായം

ജസ്റ്റിസ്. എൽ. നാഗേശ്വര റാവു.

അനുമതി നൽകി.

1. അബ്കാരി തൊഴിലാളികളുടെ പുനരധിവാസമാണ് മേൽ അപ്പീലുകളിൽ ഉയർന്ന കാതലായ പ്രശ്നവിഷയം. കേരള സംസ്ഥാനത്തിലെ ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ, അവർ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ വിജയിച്ചു. കേരള സംസ്ഥാനവും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡും (ചുരുക്കത്തിൽ 'കോർപ്പറേഷൻ') ഫയൽ ചെയ്ത അപ്പീലുകൾ കേരള ഹൈക്കോടതിയിലെ ഒരു ഡിവിഷൻ ബഞ്ച് തള്ളി. അപ്രകാരമാണ് മേൽ അപ്പീലുകൾ.

2. 1995-ൽ അതുവരെ സ്വകാര്യ കക്ഷികൾ നടത്തി വന്നിരുന്ന ചാരായഷാപ്പുകൾ നിർത്തലാക്കുന്നതിന് സർക്കാർ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷൻ ചാരായത്തിന്റെ ചില്ലറ വില്പനശാലകൾ ആരംഭിച്ചു. അതിനുശേഷം, 1-4-1996-ൽ കേരള സംസ്ഥാനത്ത് ചാരായം നിരോധിച്ചു. തത്ഫലമായി 12500 ചാരായ തൊഴിലാളികൾക്ക് അവരുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ടു. പിരിച്ചുവിടപ്പെട്ട ചാരായ തൊഴിലാളികൾക്ക് പുനർനിയമനം നൽകുന്നതിന് സാദ്ധ്യമല്ലാത്തതിനാൽ ചാരായ തൊഴിലാളികൾക്ക് പുനരധിവാസത്തിന് പകരമായി സംസ്ഥാന സർക്കാർ, 30000 രൂപ വീതം നഷ്ടപരിഹാരം കൊടുത്തു. കൂടുതലായി, പ്രൊവിഡന്റ് ഫണ്ട് പെൻഷനും ഡിസിആർജി-യ്ക്കും പുറമെ 2000 രൂപ കൂടി ഔദാര്യമായി സർക്കാർ വിതരണം ചെയ്തു. പുനർനിയമനം നൽകാത്ത സർക്കാരിന്റെ തീരുമാനത്തിൽ അസംതൃപ്തിപ്പെട്ടുകൊണ്ട് പുനരധിവാസം ആവശ്യപ്പെട്ടുകൊണ്ട് ചാരായ തൊഴിലാളികൾ പ്രക്ഷോഭം ആരംഭിച്ചു. ചാരായ തൊഴിലാളികളും സർക്കാരുമായുള്ള ഒരു ഉടമ്പടിയെ തുടർന്ന് 20-2-2002-ലെ സ.ഉ (സാധാ.) നമ്പർ 81/2002/റ്റി.ഡി. പുറപ്പെടുവിച്ചു. ഭാവിയിൽ കോർപ്പറേഷനിൽ ഉണ്ടാകുന്ന എല്ലാ ദിവസവേതന ഒഴിവുകളുടെയും 25% ചാരായ നിരോധനം മൂലം സേവനത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നവരാൽ നികത്തുന്നതിന് സംവരണം ചെയ്യുമെന്ന് സർക്കാർ ഉത്തരവിട്ടു.

3. അബ്കാരി തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടതായ മാനദണ്ഡം 7-8-2004-ലെ സ.ഉ(സാധാ.)നമ്പർ 567/2004/റ്റി.ഡി. പ്രകാരം മാറ്റം വരുത്തി. ഈ ഉത്തരവ് പ്രകാരം, കോർപ്പറേഷനിൽ ഉണ്ടായേക്കാവുന്ന എല്ലാ ദിവസവേതന ഒഴിവുകളുടെയും 25%, സംസ്ഥാനത്ത് ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടതിനെ തുടർന്ന് അകാല ചരമം പ്രാപിച്ച ചാരായ തൊഴിലാളികളുടെ ആശ്രിതരായ ആൺമക്കൾക്ക് നീക്കിവയ്ക്കുന്നതിന് നിർദ്ദേശിച്ചു. അവകാശവാദികൾ ലഭ്യമായ ഒഴിവുകളുടെ എണ്ണത്തിൽ കവിയുന്നപക്ഷം, ഒരു സെലക്ഷന് ശേഷം നിയമനം നൽകും. പുനർനിയമനം നേടുന്നതിനുള്ള യോഗ്യത,

പരേതരായ ചാരായ തൊഴിലാളികളുടെ ആശ്രിതരായ മക്കൾക്ക് 38 വയസ്സ് പൂർത്തിയാകരുത് എന്നായിരുന്നു.

4. ഇതിനിടെ, 2002-ലെ കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ ചട്ടങ്ങളിൽ (ചുരുക്കത്തിൽ "ചട്ടങ്ങൾ ") 4(2)-ഉം 9(10) ബി-യും ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നു. അബ്കാരി ഷോപ്പുകൾ നിർത്തലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ ഉൾക്കൊള്ളുന്നതിന് പ്രസ്തുത ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ചട്ടങ്ങളെ 1902-ലെ അബ്കാരി ആക്റ്റ് (ചുരുക്കത്തിൽ ''ആക്റ്റ്''), അസാധുവാക്കിയതായി സിവിൽ അപ്പീൽ നമ്പർ 1732/2006-ലെ 24-3-2006-ലെ വിധിന്യായത്തിലൂടെ ഈ കോടതി പ്രഖ്യാപിച്ചു. [കാണുക: **കേരള സംസ്ഥാന ചെത്തു തൊഴിലാളി യൂണിയൻ Vs. കേരള സംസ്ഥാനവും മറ്റുള്ളവരും (മനു/എസ്സി/1654/ 2006:(2006)4 എസ്സിസി327)**]

5. 7-8-2004 തീയതിയിലെ സർക്കാർ ഉത്തരവിനെ തുടർന്ന്, പരേതരായ ചാരായ തൊഴിലാളികളുടെ ആശ്രിതരായ 265 പേരുടെ ഒരു പട്ടിക തയ്യാറാക്കി. അപ്പീൽവാദിയോട്/സംസ്ഥാനത്തോട് അവർക്ക് തൊഴിൽ നൽകുന്നതിന് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു റിട്ട് ഹർജി ഫയൽ ചെയ്തുകൊണ്ട് അവർ ഹൈക്കോടതിയെ സമീപിച്ചു. പരേതരായ ചാരായ തൊഴിലാളികളുടെ ആശ്രിതരെ, വിധിന്യായത്തിന്റെ തീയതി മുതൽ ആറാഴ്ചക്കാലയളവിനുള്ളിൽ നിയമിച്ചുകൊണ്ട് 7-8-2004-ലെ സർക്കാർ ഉത്തരവ് നടപ്പാക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചു. കൂടാതെ ഹൈക്കോടതി അതിന്റെ 3-3-2009-ലെ വിധിന്യായത്തിലൂടെ, ചാരായ നിരോധനത്തെ തുടർന്ന് തൊഴിൽ രഹിതരായിത്തീർന്ന എല്ലാ ചാരായ തൊഴിലാളികൾക്കും പുനരധിവാസത്തിന്റെ ആനുകൂല്യം നൽകാത്ത 7-8-2004-ലെ ഉത്തരവ് പുനഃപരിശോധിക്കുന്നതിനും സർക്കാരിനോട് നിർദ്ദേശിച്ചു. പരേതരായ ചാരായ തൊഴിലാളികളെ ആശ്രയിച്ചിരുന്നവരുടെ പട്ടികയിൽ ഉള്ള 265 പേരെ നിയമിച്ചുകൊണ്ട് 30-4-2019-ലെ സ.ഉ (സാധാ.) നമ്പർ 399/09/റ്റി.ഡി. എ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് റിട്ട് ഹർജി (സി) നമ്പർ 26878/2007-ലെ നിർദ്ദേശം സർക്കാർ നടപ്പിലാക്കി. ചാരായ നിരോധനത്തെ തുടർന്ന് തൊഴിൽരഹിതരായ തൊഴിലാളികൾക്ക് യാതൊരു സഹായവും നൽകിയില്ല. 20-2-2002-ലെ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ, ഉദാഹരണമായി, ഒഴിവുകളുടെ അഭാവം, അവരെ ഉൾക്കൊള്ളിക്കുന്നതിനുള്ള ഉചിതമായ മാനദണ്ഡം നിശ്ചയിക്കുന്നത് മുതലായവ ഉദ്ധരിച്ചുകൊണ്ട് 22-6-2009-ലെ സ.ഉ (സാധാ.) നമ്പർ 562/09/റ്റി.ഡി. പുറപ്പെടുവിച്ചു.

6. പിരിച്ചുവിടപ്പെട്ട ചാരായ തൊഴിലാളികൾ 7-8-2004-ലെയും 22-6-2009-ലെയും സർക്കാർ ഉത്തരവുകളുടെ നിയമ സാധുത്വവും യുക്തിയും ചോദ്യം ചെയ്തു. നിരോധനത്തെ തുടർന്ന് തൊഴിൽരഹിതരായ എല്ലാ ചാരായ തൊഴിലാളികൾക്കും പുനരധിവാസത്തിന്റെ ആനുകൂല്യം നൽകിക്കൊണ്ട് 20-2-2002-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. കേരളാ ഹൈക്കോടതി സിംഗിൾ ബഞ്ച് 29-5-2015-ലെ വിധിന്യായത്തിലൂടെ റിട്ട് ഹർജികൾ അനുവദിക്കുകയും വിധിന്യായത്തിന്റെ തീയതി മുതൽ രണ്ടുമാസക്കാലയളവിനുള്ളിൽ 20-2-2002-ലെ സ.ഉ (സാധാ.) നമ്പർ 81/2002/റ്റി.ഡി. നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. പിരിച്ചുവിട്ട തൊഴിലാളികൾക്ക് തുടരുന്ന തൊഴിലിന്റെ ഒരു നിയമാനുസൃതമായ പ്രതീക്ഷ ഉണ്ടായിരുന്നതും ആയത് അവകാശമായി ചോദിക്കാൻ അവർക്ക് കഴിയുമായിരുന്നു എന്നായിരുന്നു സിംഗിൾ ബഞ്ചിന്റെ വീക്ഷണം. പൊതു താത്പര്യത്തെ മറികടക്കുന്ന പേരിലുള്ളതായിരുന്നു നയമാറ്റം എന്ന സർക്കാരിന്റെ ന്യായീകരണം സിംഗിൾ ബഞ്ച് സ്വീകരിച്ചില്ല.

7. അപ്പീൽവാദികൾ ബോധിപ്പിച്ച അപ്പീലുകളിൽ, 20-2-2002 തീയതിയിലെ സർക്കാർ ഉത്തരവ്, അവർക്ക് ഒരു നിയമനത്തിന്, അവകാശം പോലെ അർഹതയുണ്ടെന്ന് തൊഴിലാളികളിൽ നിയമാനുസൃതമായ പ്രതീക്ഷ ജനിപ്പിച്ചു എന്ന് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് നിരീക്ഷിച്ചു. നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് മുമ്പായി ചാരായ തൊഴിലാളികൾക്ക് പറയാനുള്ളത് പറയുന്നതിന് അനുയോജ്യമായ ഒരവസരം നൽകേണ്ടിയിരുന്നു. പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, 7-8-2004-ലെ സർക്കാർ ഉത്തരവിന്റെ നടപ്പാക്കൽ ഏകപക്ഷീയവും ഇന്ത്യൻ ഭരണ ഘടനയുടെ (ചുരുക്കത്തിൽ "ഭരണഘടന") 14-ാം അനുച്ഛേദത്തിന്റെ ലംഘനവുമാണെന്ന് ഡിവിഷൻ ബഞ്ച് വിധിച്ചു. ഈ സംഗതി ചാരായ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുത്തുന്നതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട കാര്യമായതിനാൽ, 7-8-2004-ലെ സർക്കാർ ഉത്തരവും ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ ലംഘനമായിരുന്നു എന്നായിരുന്നു ഹൈക്കോടതിയുടെ അഭിപ്രായം. ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, 7-8-2004-ലെ സർക്കാർ ഉത്തരവ് 20-2-2002-ലെ നേരത്തെയുള്ള ഉത്തരവിന്റെ ഭേദപ്പെടുത്തൽ മാത്രമായിരുന്നു, അല്ലാതെ അതിലംഘിച്ചുകൊണ്ടുള്ളതല്ലായിരുന്നു. പരേതരായ ചാരായ തൊഴിലാളികളുടെ ആശ്രിതരായ മക്കൾക്ക് തൊഴിൽ നൽകുന്നതിന് പുറമെ, 20-2-2002-ലെ ഉത്തരവ് പ്രകാരം പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകാനുള്ള സർക്കാരിനുള്ള ബാധ്യത തുടർന്നു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, നിർദ്ദേശക തത്വങ്ങൾ, പ്രത്യേകിച്ച്, ഭരണഘടനയുടെ 38 മുതൽ 43 വരെയുള്ള അനുച്ഛേദങ്ങൾ പരാമർശിച്ചുകൊണ്ട്, പുനരധിവാസം നൽകുന്നതിന് സർക്കാർ എടുത്ത നയപരമായ തീരുമാനം സാമൂഹിക ലക്ഷ്യങ്ങൾ കൈവരിക്കുന്ന ആവശ്യത്തിലേക്കായിരുന്നു എന്ന് വിധിച്ചു. 7-8-2004-ലെ സർക്കാർ ഉത്തരവ് ഏകപക്ഷീയം, യുക്തിരഹിതം എന്നീ തിന്മകൾ ബാധിക്കുന്നതാണ് എന്ന് ആത്യന്തികമായി പറഞ്ഞുകൊണ്ട്, പിരിച്ചുവിടപ്പെട്ട ചാരായ തൊഴിലാളികൾക്ക് കോർപ്പറേഷനിൽ തൊഴിൽ നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള സിംഗിൾ ബഞ്ചിന്റെ വിധിന്യായം ഡിവിഷൻ ബഞ്ച് ശരിവച്ചു.

8. 20-2-2002-ലെ മുൻപത്തെ സർക്കാർ ഉത്തരവ് പരിഷ്കരിച്ചുകൊണ്ടുള്ള 7-8-2004-ലെ സർക്കാർ ഉത്തരവ് പൊതുതാത്പര്യത്തെ മറികടക്കുന്നതിനാലാണെന്ന് സംസ്ഥാനത്തിന് വേണ്ടി ഈ കോടതി മുമ്പാകെ തർക്കിച്ചു. കോർപ്പറേഷനിൽ പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുള്ള തീരുമാനം നടപ്പാക്കുന്നത് വളരെ പ്രയാസമാണെന്ന് സർക്കാർ തിരിച്ചറിഞ്ഞു. 2002-വർഷത്തിൽ ദിവസവേതന തൊഴിലാളികൾക്ക് വേണ്ടിയുള്ള ലഭ്യമായ ഒഴിവുകളുടെ എണ്ണം വെറും 51 ആയിരുന്നു. ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ചയ്ക്ക് ശേഷം, ചാരായ നിരോധനത്തിന് ശേഷം മരിച്ച പിരിച്ചുവിട്ട അബ്കാരി തൊഴിലാളികളുടെ ആശ്രിതരായ മക്കൾക്ക് മാത്രം തൊഴിൽ നൽകുന്നതിന് 20-2-2002-ലെ സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്നതിന് ഒരു തീരുമാനമെടുത്തു. സംസ്ഥാനത്തിന്റെ അഭിപ്രായത്തിൽ, പിരിച്ചുവിട്ട തൊഴിലാളികൾക്ക് പൊതുതൊഴിൽ അവകാശപ്പെടാൻ നിക്ഷിപ്ത അവകാശമില്ല. 20-2-2002-ലെ സർക്കാർ ഉത്തരവ് പരിഷ്കരിക്കാൻ/മാറ്റം വരുത്താൻ ഉള്ള തീരുമാനം പൊതു താത്പര്യത്തെ മറികടക്കുന്നതിനാലായതിനാൽ, എതിർകക്ഷികൾക്ക്, അവർക്ക് നിയമാനുസൃതമായ പ്രതീക്ഷ ഉണ്ടായിരുന്നു എന്ന അവകാശവാദത്തിന് കഴിയില്ല. 20-2-2002-ലെ സർക്കാർ

ഉത്തരവ് പരിഷ്കരിച്ചത് സംസ്ഥാനത്തിന്റെ ഒരു നയപരമായ തീരുമാനത്തെ തുടർന്നായിരുന്നെന്നും, അതിൽ സ്വാഭാവികമായി ഇടപെടേണ്ടതില്ലെന്നും സംസ്ഥാനത്തിന് വേണ്ടി ബോധിപ്പിച്ചു. പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്ക് 20 വർഷത്തിലേറെ മുമ്പേ തൊഴിൽ നഷ്ടമായതാണെന്നും എതിർകക്ഷികൾക്ക് ഇപ്പോൾ തൊഴിലിന് അവകാശവാദത്തിന് കഴിയില്ല എന്നും സംസ്ഥാനത്തിന് വേണ്ടിയുള്ള മുതിർ അഭിഭാഷകൻ ബോധിപ്പിച്ചു. ചാരായ നിരോധനം മൂലം അവരുടെ ഉപജീവനം നഷ്ടപ്പെട്ട എതിർകക്ഷികൾക്ക് 1996-ൽ തന്നെ ഉചിതമായ നഷ്ടപരിഹാരം നൽകിയിരുന്നെന്നും അവരുടെ തൊഴിൽ നഷ്ടപ്പെട്ടിട്ട് 23 വർഷങ്ങൾക്ക് ശേഷവും അവർ തൊഴിൽ രഹിതരായി തുടരുന്നു എന്ന് ഊഹിക്കാൻ കഴിയില്ല എന്നും അയാൾ കൂടുതലായി പറഞ്ഞു. 51 ഒഴിവുകളിലേക്ക് 12500 പേരെ ഉൾക്കൊള്ളിക്കുന്നതിന് ഉചിതമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സർക്കാരിന് ഒരു വലിയ വെല്ലുവിളിയായിരുന്നു. 20-2-2002-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ നടപടിക്രമം പരിശോധിക്കുന്നതിന് മുഖ്യമന്ത്രി 22-10-2003-ൽ ഒരു യോഗം വിളിച്ചിരുന്നു. പരേതരായ പിരിച്ചുവിട്ട തൊഴിലാളികളുടെ 38 വയസ്സ് പൂർത്തിയാകാത്ത ആശ്രിതരായ മക്കൾ മാത്രം കോർപ്പറേഷനിൽ നിയമനം ലഭിക്കാൻ അർഹരാകുമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. അങ്ങനെയുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കി. എല്ലാം ചേർത്ത്, പട്ടികയിലുള്ള 265 പേർക്ക് നിയമനം നൽകി. ഈ നിയമനങ്ങൾ 7-8-2004-ലെ സർക്കാർ ഉത്തരവിനെ തുടർന്നാണ് നടത്തിയത്. കോർപ്പറേഷനിലെ എല്ലാ തസ്തികകളിലും കേരള സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമനങ്ങൾ നടത്തുന്നതെന്ന് കോർപ്പറേഷൻ തർക്കിച്ചു. പിരിച്ചുവിട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നത് മറ്റ് അർഹരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുമെന്നും കോർപ്പറേഷന് വേണ്ടിയുള്ള മുതിർന്ന അഭിഭാഷകൻ ബോധിപ്പിച്ചു.

9. എതിർകക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ, 20-2-2002-ലെ സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയവും യുക്തിരഹിതവും ആയിരുന്നു എന്ന് വാദിച്ചുകൊണ്ട് ഹൈക്കോടതിയുടെ വിധിന്യായത്തെ ന്യായീകരിച്ചു. കോർപ്പറേഷനിലെ ദിവസവേതന ഒഴിവുകളുടെ 25% പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്കായി പരിഗണിക്കുമെന്ന് 2002-ൽ സർക്കാർ നൽകിയ ഉറപ്പ്, ഒരു നിക്ഷിപ്ത അവകാശം സംജാതമാക്കിയതായി അവർ ബോധിപ്പിച്ചു. സംസ്ഥാനം ഉചിതമായി പ്രവർത്തിക്കും എന്ന് ഊഹിച്ചുകൊണ്ട് എതിർകക്ഷികൾക്ക് ഒരു നിയമാനുസൃതമായ പ്രതീക്ഷ ഉണ്ടായിരുന്നു എന്ന് അവർ വാദിച്ചു. പരേതരായ അബ്കാരി തൊഴിലാളികളുടെ ആശ്രിതരായ മക്കൾക്ക് മാത്രം തൊഴിൽ നൽകുന്നത്, പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നത് ക്ഷണിച്ചുവരുത്തുമെന്ന് എതിർകക്ഷികളായ ചിലർക്ക് വേണ്ടി തർക്കിച്ചു. 7-8-2004-ലെ സർക്കാർ ഉത്തരവിലെ തെറ്റുതിരുത്തലുമായി ബന്ധപ്പെട്ട പ്രശ്ന വിഷയം തീർപ്പ് കൈവരിച്ചതായി ബോധിപ്പിച്ചുകൊണ്ട്, എതിർകക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകൻ ഹൈക്കോടതിയുടെ റിട്ട് ഹർജി (സിവിൽ) നമ്പർ 26878/2007-ലെ വിധിന്യായം അവലംബിച്ചു. അവർ വ്യവഹാരത്തിനു വേണ്ടി ദൈർഘ്യമേറിയതും നിരവധി വർഷങ്ങളും ചെലവഴിക്കുകയും, പിരിച്ചുവിടപ്പെട്ട ഭൂരിഭാഗം അബ്കാരി തൊഴിലാളികളും ഇപ്പോഴും തൊഴിൽരഹിതരാണെന്നും എതിർകക്ഷികൾക്ക് വേണ്ടി വാദിച്ചു. അവർക്ക് പുനർനിയമനം നൽകാൻ കഴിയില്ലെങ്കിൽ, കുറഞ്ഞപക്ഷം അവർക്ക് നഷ്ടപരിഹാരമെങ്കിലും നൽകണമെന്ന് അവർ ബോധിപ്പിച്ചു.

10. ഈ അപ്പീലുകളിൽ നമ്മുടെ പരിഗണനയ്ക്കായി ഉയർന്നുവന്ന വിഷയങ്ങൾ:

(എ) 20-2-2002-ലെ സർക്കാർ ഉത്തരവിനെ തുടർന്ന് പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് പുനരധിവാസത്തിന് ഒരു നിക്ഷിപ്ത അവകാശം ഉണ്ടായിരുന്നോ;

(ബി) 20-2-2002-ലെ സർക്കാർ ഉത്തരവിന്റെ പരിഷ്ക്കരണം/രൂപഭേദപ്പെടുത്തൽ അനുചിതവും, ഏകപക്ഷീയവും യുക്തിരഹിതവും ആയതിനാൽ വികലമായോ;

(സി) എതിർ കക്ഷികളുടെ നിയമാനുസൃതമായ പ്രതീക്ഷയുടെ സാദ്ധ്യത; കൂടാതെ

(ഡി) ചാരായ നിരോധനം മൂലം ജോലി നഷ്ടപ്പെട്ട് 23 വർഷങ്ങൾ കടന്നുപോയതിനുശേഷം എന്തെങ്കിലും പരിഹാരത്തിന് എതിർകക്ഷികൾ അർഹരാണോ;

എ. നിക്ഷിപ്ത തൊഴിൽ അവകാശം

11. 1996-ൽ സംസ്ഥാനത്ത് ചാരായം നിരോധിച്ചതുമൂലം ധാരാളം അബ്കാരി തൊഴിലാളികൾക്ക് അവരുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ടു എന്നതിൽ യാതൊരു തർക്കവുമില്ല. അവർക്ക് നഷ്ടപരിഹാരം നൽകിയതിൽ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് അവർ കോർപ്പറേഷനിൽ ജോലി ആവശ്യപ്പെട്ടു. പ്രക്ഷോഭം അക്രമാസക്തമാകുകയും, ക്രമസമാധാന പ്രശ്നത്തിന് ഉടൻ ഒരു പരിഹാരം കണ്ടെത്തുന്നതിന്, കോർപ്പറേഷനിൽ ഉണ്ടാകുന്ന ദിവസവേതന ഒഴിവുകളുടെ 25% അവർക്ക് ക്രമീകരിച്ചുകൊണ്ട് പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സർക്കാർ ഒരു തീരുമാനമെടുത്തു. അവർക്ക് പുനർ നിയമനം നൽകുമെന്ന് പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്കാർക്കും യാതൊരു ഉറപ്പും നൽകിയില്ല. ഭാവിയിൽ ഉണ്ടാകുന്ന ദിവസവേതന ഒഴിവുകളുടെ 25% പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് സംവരണം ചെയ്യുമെന്നായിരുന്നു സർക്കാർ നൽകിയ ഉറപ്പ്. എല്ലാ അബ്കാരി തൊഴിലാളികൾക്കും കോർപ്പറേഷനിലെ ചില്ലറ വില്പന ശാലകളിൽ ഒരു നിക്ഷിപ്ത അവകാശം ഉണ്ടാകുമെന്ന് പറയാൻ കഴിയില്ല. 20-2-2002-ലെ സർക്കാർ ഉത്തരവിലൂടെ ഒരു നിക്ഷിപ്ത അവകാശം സൃഷ്ടിച്ചു എന്ന് എതിർകക്ഷികൾ ബോധിപ്പിച്ചതിനോട് ഞങ്ങൾക്ക് യോജിപ്പില്ലാത്തതും അത് അസാധുവാകുന്നതല്ലാത്തതുമാണ്. പിരിച്ചുവിടപ്പെട്ട എല്ലാവർക്കും പുനർ നിയമനം നൽകുമെന്ന് സ്പഷ്ടമായ യാതൊരു വാഗ്ദാനവും ഉണ്ടായിരുന്നില്ല.

12. കോർപ്പറേഷനിൽ ഉണ്ടാകുന്ന ദിവസവേതന ഒഴിവുകളുടെ 25% നിയമനത്തിന് അവരെ പരിഗണിക്കുമെന്ന് അബ്കാരി തൊഴിലാളികൾക്ക് നൽകിയിരുന്ന ഉറപ്പ്, സർക്കാരിന്റെ അഭിപ്രായത്തിൽ, ഭരണ സംബന്ധമായ ദുർഘട സ്ഥിതികളിൽ മാറ്റം വരുത്തേണ്ടി വന്നു. 2002-നു ശേഷം ദിവസവേതന ഒഴിവുകളുടെ എണ്ണം വളരെ കുറവായിരുന്നു, എന്നാൽ ഉൾക്കൊള്ളിക്കേണ്ട പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികളുടെ എണ്ണം ധാരാളമായിരുന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുള്ള തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല. 20-2-2002-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ സർക്കാർ നേരിട്ട ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിൽ, നയപരമായ തീരുമാനം 7-8-2004-ലെ സർക്കാർ ഉത്തരവിലൂടെ പരിഷ്കരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കണ്ടെത്തി. 1996-ന് ശേഷം ധാരാളം പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾ അകാലചരമം പ്രാപിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. അവരുടെ കുടുംബങ്ങൾക്ക് അടിയന്തിര സഹായം നൽകണമായിരുന്നു. അടിയന്തിര ആവശ്യമുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകു

ന്നതിന്, 1996-ന് ശേഷം മരണപ്പെട്ട അബ്കാരി തൊഴിലാളികളുടെ ആശ്രിതരായ മക്കൾക്ക് കോർപ്പറേഷനിലെ ദിവസവേതന ഒഴിവുകളുടെ 25% മാറ്റിവച്ച് നിയമനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. പൊതു താത്പര്യത്തെ മറികടന്നുകൊണ്ട് അപ്രകാരം തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ പ്രസ്തുത തീരുമാനം യുക്തിരഹിതമോ ഏകപക്ഷീയമോ ആണെന്ന് പറയാൻ കഴിയില്ല. 20-2-2002-ലെ സർക്കാർ ഉത്തരവ് പരിഷ്കരിക്കുന്നതിന് തക്കതായ പരിഗണനകൾ സർക്കാർ കണക്കിലെടുത്തിരുന്നു.

ബി. നിയമാനുസൃതമായ പ്രതീക്ഷ

13. സർക്കാർ അതിന്റെ വാഗ്ദാനത്തിൽ ബാദ്ധ്യസ്ഥമായതും അതിൽനിന്നും പിൻവാങ്ങാൻ കഴിയില്ല എന്നുമായിരുന്നു എതിർകക്ഷികൾക്ക് വേണ്ടിയുള്ള പ്രധാനവാദം. 20-2-2002-ലെ സർക്കാർ ഉത്തരവിൽ നിന്നും ഉത്ഭവിച്ചിരുന്ന തുടർച്ചയായ തൊഴിലിന് അസാധുവാക്കാനാകാത്ത ഒരു നിയമാനുസൃതമായ പ്രതീക്ഷ അവർക്കുണ്ടായിരുന്നതും ആയത് പിൻവലിക്കാൻ കഴിയുകയുമില്ല. വാഗ്ദാനം ചെയ്ത ആനുകൂല്യം എടുത്തുകളയുന്നതിനു മുമ്പായി അവർക്ക് ഒരവസരം നൽകിയിരുന്നില്ല എന്ന് എതിർകക്ഷികൾക്ക് വേണ്ടി കൂടുതലായി ബോധിപ്പിച്ചു. എതിർകക്ഷികളുടെ ഈ തർക്കം വിവേചിച്ചറിയുന്നതിന്, നിയമാനുസൃതമായ പ്രതീക്ഷയുടെ സാമാന്യ സങ്കല്പം മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

14. നിയമാനുസൃതമായ പ്രതീക്ഷയുടെ തത്വം ഈ കോടതി **യൂണിയൻ ഓഫ് ഇന്ത്യ Vs. ഹിന്ദുസ്ഥാൻ ഡവലപ്മെന്റ് കോർപ്പറേഷനും മറ്റുള്ളവരും [മനു/എസ്‌സി/0219/1994:(1993)3 എസ്‌സിസി 499]**-ൽ അംഗീകരിച്ചിട്ടുണ്ട്. ഒരു അധികാരസ്ഥാനം നൽകിയ വാഗ്ദാനം വ്യക്തവും ഉറപ്പായതും നിസ്സന്ദേഹവുമാണെങ്കിൽ, ആ അധികാരസ്ഥാനം, ന്യായമായും വാഗ്ദാനത്തിന് എതിരെ പ്രവർത്തിക്കില്ല എന്ന അവകാശവാദത്തിന് ഒരാൾക്ക് കഴിയും.

15. ജസ്റ്റിസ് എം. ജഗന്നാഥ റാവു, **പഞ്ചാബ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് Vs. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും [മനു/എസ്‌സി/0326/1999:(1999)4 എസ്‌സിസി 727]**-ൽ നിയമാനുസൃതമായ പ്രതീക്ഷയിൽ വിശദമായ വ്യാഖ്യാനം നൽകിയിട്ടുണ്ട്. അദ്ദേഹം **കൗൺസിൽ ഓഫ് സിവിൽ സർവ്വീസ് യൂണിയൻസും മറ്റുള്ളവരും Vs. മിനിസ്റ്റർ ഫോർ ദി സിവിൽ സർവ്വീസ് [മനു/യു.കെ. എച്ച്.എൽ/0045/1984:1985 എ സി 374:(1984)3 എ എൽ ഇ ആർ 935]** പരാമർശിക്കുകയും, അതിൽ ലോഡ് ഡിപ് ലോക് ഒരു നിയമാനുസൃതമായ പ്രതീക്ഷ ഉയരുന്നതിനായി, ഒരാളുടെ ചില ആനുകൂല്യത്തെയോ അവസരത്തെയോ, ആയത്,

(i) മുൻകാലങ്ങളിൽ അനുഭവിക്കുന്നതിന് തീരുമാനമെടുക്കുന്നയാൾ അയാളെ അനുവദിച്ചിരുന്നതും, അത് പിൻവലിക്കുന്നതിന് മുമ്പ് യുക്തിസഹമായ കാരണങ്ങൾ അയാളെ അറിയിക്കുകയും അതിന്മേൽ അഭിപ്രായം പറയാൻ അവസരം നൽകുകയും; അഥവാ,

(ii) അവ പിൻവലിക്കരുതെന്ന് വാദിക്കുന്നതിനുള്ള കാരണങ്ങൾ മുന്നോട്ട് വയ്ക്കാൻ അവസരം നൽകാതെ അവരെ പിൻവലിക്കില്ലെന്ന് തീരുമാനമെടുക്കുന്നയാളിൽ നിന്ന് അയാൾക്ക് ഉറപ്പ് ലഭിക്കുകയും, ചെയ്യുന്നിടത്ത് ഭരണാധികാരിയുടെ തീരുമാനം അയാളെ തീർച്ചയായും ബാധിക്കും എന്ന് നിരീക്ഷിച്ചു.

ഈ കേസിൽ ജസ്റ്റിസ് റാവു, നിയമാനുസൃതമായ പ്രതീക്ഷയുടെ നടപടി സംബന്ധിച്ച ഭാഗം, തീരുമാനമെടുക്കുന്നതിന് മുൻപ് ഒരു ഹിയറിംഗോ മറ്റ് ഉചിതമായ നടപടിയോ

നൽകണമെന്ന ഒരു നിവേദനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് നിരീക്ഷിച്ചു. ഈ തത്വത്തിന്റെ മുഖ്യമായ ഭാഗം, ഒരു സ്ഥിരമായ സ്വഭാവമുള്ള ഒരു ആനുകൂല്യം നൽകണമെന്ന ഒരു നിവേദനം ഉണ്ടാകുന്ന പക്ഷം, അല്ലെങ്കിൽ ആ വ്യക്തിക്ക് ഇതിനകം തന്നെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ, അത് തുടരുന്നതും, സാരാംശത്തിൽ വ്യത്യാസപ്പെടാത്തതും, അപ്പോൾ, ആയത് നിർബന്ധമാക്കാൻ കഴിയും എന്നതാണ്.

16. **റാം പ്രവേഷ് സിംഗ് Vs. സ്റ്റേറ്റ് ഓഫ് ബീഹാർ [മനു/എസ്സി/4176/ 2006:(2006)8 എസ്സിസി 381]**-ൽ ജസ്റ്റിസ് ആർ. വി. രവീന്ദ്രൻ, നിയമാനുസൃതമായ പ്രതീക്ഷ, നിയമപരമായ ഒരു അവകാശമല്ലെന്ന് വിധിച്ചിട്ടുണ്ട്. ഒരു അവകാശമല്ലാത്തിടത്ത്, അപ്രകാരം അത് നടപ്പിലാക്കത്തക്കതല്ല. അത് ഒരു പ്രതീക്ഷകന്:

(എ) പ്രതീക്ഷ തകർക്കുന്നതിന് മുമ്പ്, കാരണം കാണിക്കുന്നതിനുള്ള ഒരു അവസരത്തിനോ; അല്ലെങ്കിൽ

(ബി) നിരസിക്കാനുള്ള കാരണത്തെ കുറിച്ച് ഒരു വിശദീകരണത്തിനോ, അർഹത നൽകുന്നു. ഉചിതമായ കേസുകളിൽ, വാഗ്ദാനം ചെയ്ത നടപടിയോ സ്ഥാപിത സമ്പ്രദായമോ പിൻതുടരുന്നതിന് അധികാര സ്ഥാനത്തോട് ആവശ്യപ്പെട്ടുകൊണ്ട് കോടതികൾക്ക് ഒരു നിർദ്ദേശം നൽകാവുന്നതാണ്.

സ്ഥിരമായ നിയമാനുസൃതമായ പ്രതീക്ഷ

17. നയത്തിന്റെയോ നിയമത്തിന്റെയോ ചില തുല്യമായ പരിഗണന നിലനിൽക്കുന്നതു മൂലം ഒരു വ്യക്തി അനുഭവിച്ച ഒരു പ്രതീക്ഷ നിയമാനുസൃതമായതായിരിക്കില്ല. ഭരണപരമായ നയങ്ങൾ, സർക്കാരുകളുടെ രാഷ്ട്രീയ പ്രകൃതത്തിലെ മാറ്റങ്ങൾ ഉൾപ്പെടെ മാറുന്ന സാഹചര്യമനുസരിച്ച് മാറാം. അത്തരം മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭരണഘടനാപരമായ സർക്കാരിൽ അന്തർലീനമായ ഒന്നാണ്.

18. പൊതു താത്പര്യത്തിൽ നയം മാറ്റുന്നതിനുള്ള തീരുമാനമെടുക്കുന്നവരുടെ സ്വാതന്ത്ര്യം, സ്ഥിരമായ നിയമാനുസൃതമായ പ്രതീക്ഷയുടെ തത്വം ബാധകമാക്കിക്കൊണ്ട് തടസ്സപ്പെടുത്താൻ കഴിയില്ല. സർക്കാർ ഏകപക്ഷീയവും യുക്തിരഹിതവുമായി പ്രവർത്തിക്കാത്തിടത്തോളം, ഒരു വ്യക്തിയുടെയോ വ്യക്തികളുടെ ഒരു സമൂഹത്തിന്റെയോ നിയമാനുസൃതമായ ഒരു പ്രതീക്ഷയ്ക്ക് ഭംഗം വന്നു എന്ന കാരണത്താൽ നയത്തിലെ മാറ്റം, ജുഡീഷ്യൽ പരിശോധനയിലൂടെ ഇടപെടാൻ ആവശ്യപ്പെടുന്നില്ല.

19. ഭാവിയിൽ ഉണ്ടാകുന്ന ദിവസവേതന തൊഴിലാളികളുടെ ഒഴിവുകളിൽ, നിയമിക്കുന്നതിന് അവരെ പരിഗണിക്കുമെന്ന് എതിർകക്ഷികൾക്ക് നൽകിയ ഉറപ്പ്, എതിർകക്ഷികളുടെ അഭിപ്രായത്തിൽ, നിയമാനുസൃതമായ പ്രതീക്ഷയുടെ അവകാശവാദത്തിന് ഇടയാക്കി. അവർക്ക് നൽകിയ വാഗ്ദാനത്തിൽ നിന്നും പിന്നോക്കം പോകുന്നതിന് നിയമപരമായ യാതൊരു കാരണവും സർക്കാരിനില്ലെന്ന് എതിർകക്ഷികൾ തർക്കിച്ചു. 20-2-2002-ലെ സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിലെ ബുദ്ധിമുട്ട് കാരണമായിരുന്നു നയമാറ്റമെന്ന് സംസ്ഥാന സർക്കാർ നൽകിയ വിശദീകരണത്തോട് ഞങ്ങൾ യോജിക്കുന്നു. സംസ്ഥാന സർക്കാർ വിനിയോഗിച്ച വിചക്ഷണതയ്ക്ക് അർഹമായ ആദരവ് നൽകേണ്ടതാണ്. പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികളുടെയും കേരള സംസ്ഥാനത്തെ തൊഴിൽരഹിതരായ ധാരാളം യുവജനങ്ങളുടെയും താത്പര്യങ്ങൾ സമതുലിതമാക്കാനായിരുന്നു നയം മാറ്റുന്നതിനുള്ള തീരുമാനം എന്നതിനാൽ 7-8-2004-ൽ എടുത്ത തീരുമാനം പൊതുതാത്പര്യത്തിന് വിരുദ്ധമാണെന്ന് പറയാൻ കഴിയില്ല. നിയമാനുസൃതമായ പ്രതീക്ഷ സംബന്ധിച്ചുള്ള അവകാശവാദം പരിഗണിക്കുമ്പോൾ, പൊതു താത്പര്യത്തെ മറികടന്നുള്ള നയമാറ്റത്തിന്റെ

കാരണത്തിന് കൃത്യമായ പ്രാമുഖ്യം നൽകേണ്ടതുണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്. കോർപ്പറേഷനിലെ ഭാവിയിൽ ഉണ്ടാകുന്ന ദിവസവേതന തൊഴിലാളികളുടെ ഒഴിവുകളുടെ 25 ശതമാനത്തിന് പരിഗണിക്കുമെന്ന എതിർകക്ഷികളുടെ പ്രതീക്ഷ നിയമാനുസൃതമായതല്ലെന്ന് ഞങ്ങൾ ഗ്രഹിക്കുന്നു.

നിയമാനുസൃതമായ പ്രതീക്ഷ നടപടി സംബന്ധിച്ച്

20. പുനരധിവാസത്തിനുള്ള ഉറപ്പ് പിൻവലിക്കുന്നതിന് മുമ്പ് ഒരവസരത്തിന് അവർ അർഹരായിരുന്നു എന്ന് ഹൈക്കോടതി അനുകൂലമായി കണ്ടെത്തി എന്നതായിരുന്നു എതിർകക്ഷികളുടെ മറ്റൊരു തർക്കം. ഉറപ്പ് രൂപഭേദം വരുത്തുന്നതിനു മുമ്പ് പിരിച്ചു വിടപ്പെട്ട ഓരോ അബ്കാരി തൊഴിലാളികൾക്കും ഒരവസരം നൽകിയിരുന്നില്ല എന്നതിൽ യാതൊരു തർക്കവുമില്ല. എന്നിരുന്നാലും, 7-8-2004-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികളുടെ പ്രതിനിധികൾ മുഖേന കൂടിയാലോചിച്ചിരുന്നതായി സർക്കാർ വാദിച്ചു. ധാരാളം വ്യക്തികൾക്ക് ഉറപ്പ് നൽകിയ ഒരു നയം രൂപഭേദം വരുത്തുന്നതിന് മുമ്പ് ഒരവസരം നൽകേണ്ട ആവശ്യകത പരിശോധിക്കേണ്ടതാണ്.

21. മുൻകാല സമ്പ്രദായമായിരുന്ന കേൾക്കുന്നതിനുള്ള ഒരവസരം നൽകാതെ ഒരു ഭരണാധികാരി ഒരു വാഗ്ദാനലംഘനം നടത്തി എന്ന ഒരു പരാതിയുടെ സംഗതിയിൽ, നിയമാനുസൃതമായ പ്രതീക്ഷയുടെ ഒരു അവകാശവാദം ഉയർത്തും. മറ്റൊരു വിധത്തിൽ, ആനുകൂല്യം പിൻവലിക്കുന്നതിന് മുൻപ് ഒരവസരം നൽകുക എന്നതാണ് നയമോ സമ്പ്രദായമോ എങ്കിൽ, അത്തരമൊരു സമ്പ്രദായം പാലിക്കാത്തത് ഒരു വ്യക്തിയുടെയോ വ്യക്തികളുടെയോ ന്യായമായ പ്രതീക്ഷയെ പരാജയപ്പെടുത്തും. **അറ്റോർണി ജനറൽ ഓഫ് ഹോങ്കോങ് Vs. എൻ ജി യുവാൻ ഷിയു-ൽ [മനു/ യുകെപിസി /0007/ 1983:(1983)2എ എൽ എൽ ഇ ആർ 346]** പ്രിവി കൗൺസിൽ, ഒരു അനധികൃത കുടിയേറ്റക്കാരനെ കേൾക്കുന്നതിന്റെ നിയമാനുസൃതമായ പ്രതീക്ഷയുടെ ഒരവകാശവാദവുമായി ബന്ധപ്പെട്ട ഒരു തർക്കത്തിൽ ഉത്കണ്ഠ പ്രകടിപ്പിച്ചു. ആ കേസിലെ എതിർകക്ഷി അനധികൃതമായി ഹോങ്കോങ്ങിൽ കടക്കുകയും കണ്ടുപിടിക്കപ്പെടാതെ ദീർഘകാലം അവിടെ തുടരുകയും ചെയ്തു. അയാൾക്ക്, നിരവധി തൊഴിലാളികൾ പണിയെടുക്കുന്ന ഒരു ഫാക്ടറിയുടെ ഭാഗിക ഉടമസ്ഥത ഉണ്ടായിരുന്നു. അനധികൃത കുടിയേറ്റക്കാരെ യഥാസമയം അഭിമുഖം നടത്തുന്ന തരത്തിൽ ഇമിഗ്രേഷൻ നയത്തിൽ ഒരു മാറ്റം പ്രഖ്യാപിച്ചു, എന്നാൽ അവരെ ഹോങ്കോങ്ങിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് യാതൊരു ഉറപ്പും നൽകിയിരുന്നില്ല. എതിർകക്ഷി ഇമിഗ്രേഷൻ അധികാരികളെ അഭിമുഖത്തിനായി സമീപിക്കുകയും, അഭിമുഖത്തിന് ശേഷം, ഇമിഗ്രേഷൻ ഡയറക്ടറുടെ നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് വരുന്നതുവരെ അയാളെ തടഞ്ഞുവച്ചു. അയാളുടെ അപ്പീൽ ഇമിഗ്രേഷൻ ട്രൈബ്യൂണൽ തള്ളി. തന്റെ കേസിലെ സാഹചര്യങ്ങൾ ഡയറക്ടർക്ക് മുന്നിൽ വിശദീകരിക്കാൻ അവസരം നൽകുന്നതുവരെ ഹോങ്കോങ്ങിന്റെ അപ്പീൽ കോടതി എതിർകക്ഷിക്ക് നിരോധന ഉത്തരവ് നൽകി. ഹോങ്കോങ് അറ്റോർണി ജനറൽ ഫയൽ ചെയ്ത അപ്പീൽ പ്രിവി കൗൺസിൽ തള്ളി. അപ്പീലിൽ എതിർകക്ഷി ഉന്നയിച്ച ഒരേ ഒരു തർക്ക വിഷയം, അയാൾക്കെതിരെ ഒരു നീക്കം ചെയ്യൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, പൊതുനിയമ പ്രകാരം ന്യായമായ അന്വേഷണത്തിന് അയാൾക്ക് അർഹതയുണ്ടോ എന്നായിരുന്നു. സ്വാഭാവിക നീതിയുടെ തത്വങ്ങളുടെ ലംഘനത്തെക്കുറിച്ച് യാതൊരു അഭിപ്രായവും പ്രകടിപ്പിക്കാതെ

കേസിന്റെ പ്രത്യേക വസ്തുതകളിൽ എതിർ കക്ഷിയുടെ കേൾക്കാനുള്ള അവകാശത്തിൽ വിധി പ്രസ്താവിച്ചു. നീക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഒരു ഹിയറിംഗ് നൽകുമെന്ന ഒരു നിയമാനുസൃത മായ പ്രതീക്ഷ എതിർ കക്ഷിക്ക് ഉണ്ടായിരുന്നു എന്ന് വിധിച്ചു.

22. ഒരു വാഗ്ദാനം പിൻവലിക്കുന്നതിന് മുമ്പ് ഒരു അവസരം നൽകുന്നതുമായി ബന്ധപ്പെട്ട് അവകാശവാദം ഉന്നയിക്കാവുന്ന സാഹചര്യമുള്ളിടത്ത് അത് 'നിയമാനുസൃത മായ' പ്രതീക്ഷയെ പരാജയപ്പെടുത്തുന്നു എന്ന് തെളിയിക്കുന്നതിനായി ഞങ്ങൾ മേൽ വിധിന്യായം പരാമർശിച്ചു.

23. നിയമാനുസൃതമായ പ്രതീക്ഷാ നടപടി സംബന്ധിച്ച തത്വം, ഒരു വാഗ്ദാനം നൽകുകയും അത് ബാധിതമായ ആൾക്ക് യാതൊരു അവസരവും നൽകാതെ പിൻവലിക്കുകയും ചെയ്യുന്ന സംഗതികളിൽ ബാധകമാകും. ഭരണപരമായ നടപടിയിലെ നീതിയുടെ ആസന്നമായ ആവശ്യകത, ആനുകൂല്യങ്ങൾ നഷ്ടപ്പെട്ട ഒരാൾക്ക് ഒരു അവസരം നൽകുക എന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, പ്രസ്തുത ചട്ടത്തിന് ഒരു ഒഴിവാക്കൽ ഉണ്ട്. ധാരാളം ആളുകൾക്ക് ആനുകൂല്യം നൽകുന്ന ഒരു നയത്തെക്കുറിച്ച് സർക്കാർ ഒരു പ്രഖ്യാപനം നടത്തുകയും, എന്നാൽ, അനന്തരം പൊതുതാത്പര്യം മറികടന്ന്, മുൻപ് പ്രഖ്യാപിച്ച ആനുകൂല്യ ങ്ങൾ പിൻവലിക്കുകയും ചെയ്യുന്ന പക്ഷം, നാമമാത്രമായ ആളുകൾക്ക് വ്യക്തിഗത അവസരങ്ങൾ നൽകുന്നത് ഉചിതമല്ല. മറ്റൊരു വിധത്തിൽ, അത്തരം കേസുകളിൽ, അയാളുടെ കേസിന്റെ സാഹചര്യങ്ങൾ വിശദീകരിക്കുന്നതിന് ഓരോ വ്യക്തിക്കും ഒരു അവസരം നൽകേണ്ട ആവശ്യമില്ല. യൂണിയൻ ഓഫ് ഇന്ത്യ Vs. ഹിന്ദുസ്ഥാൻ ഡവലപ്മെന്റ് കോർപ്പറേഷനും മറ്റുള്ളവരും (മുകളിലെ)-ൽ നിയമാനുസൃതമായ പ്രതീക്ഷയെ അടിസ്ഥാനമാക്കിയുള്ള താത്പര്യം ഉൾപ്പെടുന്ന കേസുകളിൽ, തീരുമാനമെടുക്കുന്ന അധികാരിക്ക് ഒരു സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുകയും തീരുമാനം ന്യായമായും വസ്തുനിഷ്ഠമായും എടുക്കുകയും ചെയ്താൽ, നടപടിക്രമപരമായ ന്യായ ബോധത്തിന്റെയും സ്വാഭാവിക നീതിയുടെയും അടിസ്ഥാനത്തിൽ കോടതി ഇടപെടാറില്ല.

സി. ജുഡീഷ്യൽ പരിശോധനയും ആനുപാതികതയും

24. നിയമനത്തിന് പരിഗണിക്കുന്നതിനുള്ള ഒരു അവസരം എതിർകക്ഷികൾക്ക് നഷ്ട പ്പെടുത്തിയ 7-8-2004-ലെ ഉത്തരവ് ഭരണ ഘടന യുടെ 14, 19, 21 എന്നീ അനുച്ഛേദങ്ങളുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിലാണ് ചോദ്യം ചെയ്തത്. **കൗൺസിൽ ഓഫ് സിവിൽ സർവ്വീസ് യൂണിയനുകളും മറ്റു ള്ളവരും Vs. മിനിസ്റ്റർ ഫോർ ദി സിവിൽ സർവ്വീസസ്-ൽ** 'നിയമവിരുദ്ധത', 'യുക്തി രാഹിത്യം', 'നടപടി സംബന്ധിച്ച അനൗചിത്യം' എന്നീ കാരണങ്ങളാൽ ഒരു ഭരണപരമായ നടപടിയിൽ ഇടപെടാൻ കഴിയും എന്ന് ലോഡ് ഡിപ്ലോക് വിധിച്ചിട്ടുണ്ട്. ഭാവിയിൽ 'ആനുപാതികത' ഒരു അധിക കാരണ മാക്കാൻ കഴിയും എന്ന് അദ്ദേഹം അഭിപ്രാ യപ്പെട്ടു. വെഡ്നെസ്ബെറി തത്വങ്ങൾ പ്രയോഗിച്ചുകൊണ്ട് ഒരു ഭരണപരമായ തീരുമാനത്തിലെ ഇടപെടൽ, ന്യായ വാദത്തെ അവഗണിച്ചുകൊണ്ടുള്ള അഹിത കരമായ തീരുമാനങ്ങളിലോ അല്ലെങ്കിൽ തീരു മാനമെടുക്കേണ്ട ചോദ്യത്തിന് മനസ്സ് അർപ്പിച്ച് വിവേകമുള്ള ഒരു വ്യക്തിയും അതിൽ എത്തുകയില്ലെന്ന് അംഗീകരിച്ച മാനദണ്ഡങ്ങളിലോ മാത്രം പരിമിതപ്പെടു ത്തിയിരിക്കുന്നു.

25. പരമ്പരാഗതമായി, ആനുപാതികത യുടെ തത്വം, 1950-ലെ മനുഷ്യാവകാശ സംരക്ഷണത്തിനും മൗലികമായ സ്വാതന്ത്ര്യ ങ്ങൾക്കും വേണ്ടിയുള്ള യൂറോപ്യൻ സമ്മേളനത്തിന്റെ കീഴിൽ ഉറപ്പ് നൽകിയ അവകാശങ്ങളുടെ സംരക്ഷണത്തിന് പ്രയോഗിച്ചു.

26. **ഓം കുമാർ Vs. യൂണിയൻ ഓഫ് ഇന്ത്യ (മനു/എസ്സി/0704/2000:എഐആർ 2000 എസ്സി 3689)**-ൽ ഈ കോടതി താഴെ പറയും പ്രകാരം വിധിച്ചു:

'ആനുപാതികത' കൊണ്ട്, മൗലികാവകാശങ്ങൾ നിയന്ത്രിക്കുന്ന വേളയിൽ, ഉചിതമായതോ കുറഞ്ഞതോ ആയ നിയന്ത്രണ നടപടികൾ തിരഞ്ഞെടുത്തു കൊണ്ട് നിയമസഭ അല്ലെങ്കിൽ ഭരണാധികാരി, അതത് സംഗതിപോലെ, നിയമനിർമ്മാണത്തിന്റെ ലക്ഷ്യമോ ഭരണപരമായ ഉത്തരവിന്റെ ഉദ്ദേശ്യമോ കൈവരിക്കുന്നതിന് ആണോ അല്ലയോ എന്ന ചോദ്യമാണ് ഞങ്ങൾ ഉദ്ദേശിച്ചത്. ഈ തത്വത്തിൻകീഴിൽ നിയമനിർമ്മാണസഭയും ഭരണപരമായ അധികാരിയും, നിയമനിർമ്മാണമോ ഭരണപരമായ ഉത്തരവോ വ്യക്തികളുടെ അവകാശങ്ങൾക്കോ സ്വാതന്ത്ര്യങ്ങൾക്കോ താത്പര്യങ്ങൾക്കോ ഉണ്ടായേക്കാവുന്ന പ്രതികൂല ഫലങ്ങൾക്കിടയിൽ, അവർ കൃത്യനിർവ്വഹണത്തിൽ ഉദ്ദേശിച്ച ലക്ഷ്യം മനസ്സിൽവച്ചു കൊണ്ട് ഉചിതമായ സംതുലിതാവസ്ഥ നിലനിർത്തുന്നു എന്ന് കോടതി കാണും. എന്നിരുന്നാലും നിയമനിർമ്മാണ സഭയ്ക്കും ഭരണപരമായ അധികാരിക്കും വിവേചനാധികാരത്തിന്റെ ഒരു മേഖലയോ അല്ലെങ്കിൽ തെരഞ്ഞെടുക്കാനുള്ള അവകാശങ്ങളുടെ ഒരു ശ്രേണിയോ നൽകിയിട്ടുണ്ട്, എന്നാൽ, തിരഞ്ഞെടുത്തത് അവകാശങ്ങളെ അമിതമായി ലംഘിക്കുന്നുണ്ടോ എന്നത് കോടതികൾ പരിശോധിക്കേണ്ടതാണ്.അതാണ് ആനുപാതികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഈ കേസിൽ, ജസ്റ്റിസ് എം. ജഗന്നാഥ റാവു, ഇംഗ്ലണ്ടിലും ഇന്ത്യയിലും ഭരണപരമായ തീരുമാനം അവലോകനം ചെയ്യുന്നതിന് ഉള്ള ആനുപാതികതയുടെ തത്വങ്ങളുടെ വികസനം പരിശോധിച്ചു. നിരവധി വിധിന്യായങ്ങൾ പരാമർശിച്ച ശേഷം, 19, 21 അനുച്ഛേദങ്ങളുടെ ലംഘനങ്ങൾ ഉള്ള കേസുകളിൽ ഒരു പ്രാഥമിക അവലോകന അധികാരിയായി ആനുകാലികത പരിശോധനകൂടി കോടതിയ്ക്ക് ബാധകമാക്കാൻ കഴിയും എന്ന് വിധിച്ചു. കോടതിക്ക്, ഭരണപരമായ നടപടി അത് വിവേചനപരമായിരുന്നു എന്ന കാരണത്താൽ ചോദ്യം ചെയ്യുന്നിടത്ത്, ആ തീരുമാനം പുനഃപരിശോധിക്കുന്നതിലും ആനുപാതികത ടെസ്റ്റ് ബാധകമാക്കാൻ കഴിയുന്നതും, അതിനാൽ 14-ാം അനുച്ഛേദത്തിന്റെ ലംഘനവുമാണ്. ഒരു ഭരണപരമായ നടപടി, ഏകപക്ഷീയമായതിനാൽ ചോദ്യം ചെയ്യുമ്പോൾ വെഡ്നസ്ബറിയുടെ തത്വങ്ങൾ പിന്തുടരേണ്ടതാണെന്നും, ആകയാൽ, ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെ ലംഘനവുമാണെന്ന് വ്യക്തമാക്കി. അത്തരം ഒരു കേസിൽ, കോടതി ഒരു ദ്വിതീയ അവലോകനം നടത്തുന്നതാണ്.

27. പ്രാഥമിക അവലോകനം നടത്തുമ്പോൾ, നയത്തെ ന്യായീകരിക്കുന്നതിനും, അവകാശവാദികളുടെ മൗലികാവകാശങ്ങൾ നിയന്ത്രിക്കേണ്ട ആസന്നമായ ഒരു ആവശ്യകത ഉണ്ടോ എന്നും സംസ്ഥാനത്തോട് ആവശ്യപ്പെടാൻ കോടതിക്ക് അവകാശമുണ്ട്. ദ്വിതീയ അവലോകനത്തിൽ എക്സിക്യൂട്ടീവിന്റെ തീരുമാനത്തിനോട് കോടതി ആദരവ് കാണിക്കുന്നു.

28. ആനുപാതികതയിൽ, 'സംതുലിതമാക്കൽ പരിശോധന'യും 'ആവശ്യകതാ പരിശോധന' യും ഉൾപ്പെടുന്നു. അമിതവും കഠിനവുമായ ശിക്ഷകളുടെയോ അല്ലെങ്കിൽ അവകാശങ്ങളുടെയോ താത്പര്യങ്ങളുടെയോ ലംഘനത്തിന്റെയോ സൂക്ഷ്മപരിശോധന സംതുലിതമാക്കൽ പരിശോധന അനുവദിക്കുന്നു, എന്നാൽ, ആവശ്യകതാ പരിശോധന, നിസ്സാരമായ പരിമിതപ്പെടുത്തുന്ന ഇതര മാർഗ്ഗങ്ങളിലൂടെയുള്ള മനുഷ്യാവകാശങ്ങളുടെ ലംഘനം ആവശ്യമാക്കുന്നു:

29. ഒരു ഭരണപരമായ തീരുമാനം:

(എ) മൗലികാവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനമെടുക്കുന്ന ലക്ഷ്യം പ്രധാനമാകുകയും;

(ബി) ലക്ഷ്യം നേടുന്നതിനായി സ്വീകരിച്ച നടപടികൾക്ക് ലക്ഷ്യവുമായി യുക്തിസഹമായ ബന്ധമുള്ളതും;

(സി) വ്യക്തികളുടെ അവകാശങ്ങളെ ദുർബ്ബലപ്പെടുത്തുന്ന മാർഗ്ഗങ്ങൾ ആവശ്യത്തിലധികം ഇല്ലാത്തിടത്തും, ആനുപാതികമാണെന്ന് പറയാൻ കഴിയും.

30. നിലവിലെ കേസിൽ, 7-8-2004-ലെ ഉത്തരവ് 14, 19, 21 അനുച്ഛേദങ്ങൾ ലംഘിക്കുന്നത് പോലെ എതിർകക്ഷികൾ ചോദ്യം ചെയ്തു. ഹൈക്കോടതി, എതിർകക്ഷികൾ ബോധിപ്പിച്ചത് അംഗീകരിക്കുകയും 7-8-2004-ലെ ഉത്തരവ് ഏകപക്ഷീയവും യുക്തിരഹിതവുമായതിനാൽ വികലമാണെന്ന് വിധിക്കുകയും ചെയ്തു. എന്നിരുന്നാലും, സർക്കാർ തീരുമാനത്തെ ചോദ്യം ചെയ്തത് 14, 19, 21 എന്നീ അനുച്ഛേദങ്ങൾ ലംഘിച്ച കാരണത്തിന്റെ അടിസ്ഥാനത്തിലായതിനാൽ, ദോഷമാരോപിക്കപ്പെട്ട സർക്കാർ ഉത്തരവ് പുനരവലോകനം നടത്തുന്നതിന് ആനുപാതികതാ പരിശോധന പ്രയോഗിക്കണം.

31. ആദ്യമായി, എതിർകക്ഷികളുടെ തർക്കം, സർക്കാർ മുൻപ് നൽകിയ ഉറപ്പിന്റെ രൂപാന്തരം/പരിവർത്തനത്തിലൂടെ അവരുടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടു എന്നാണ്. രണ്ടാമതായി, എതിർകക്ഷികൾക്ക് ജോലി ചെയ്യുന്നതിനുള്ള ഒരവസരം നഷ്ടപ്പെടുകയും ആയത് ഭരണഘടനയുടെ 21-ാം അനുച്ഛേദം ലംഘിച്ചുകൊണ്ട് അവരുടെ ജീവിതവും ഉപജീവനവും നഷ്ടപ്പെടുത്തി. തീരുമാനം ഏകപക്ഷീയവും, അതിനാൽ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെ ലംഘനവുമാണെന്ന് കൂടുതലായി ബോധിപ്പിച്ചു. പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുള്ള ഉറപ്പിന്റെ രൂപാന്തരം അനിവാര്യമായിരുന്നു എന്നായിരുന്നു സർക്കാരിന്റെ തർക്കം. രൂപാന്തരത്തിന് സ്വീകരിച്ച നടപടികളും നയം പരിവർത്തനപ്പെടുത്തിയതിന്റെ ലക്ഷ്യവും തമ്മിൽ യുക്തിസഹമായ ഒരു ബന്ധമുള്ളതായി സംസ്ഥാനത്തിന് വേണ്ടി തർക്കിച്ചു. എതിർകക്ഷികളുടെ അവകാശങ്ങളെ ദുർബ്ബലപ്പെടുത്തുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ അമിതമായതല്ലെന്ന് ബോധിപ്പിച്ചുകൊണ്ട് തീരുമാനത്തെ സർക്കാർ ന്യായീകരിച്ചു.

32. കോർപ്പറേഷനിലെ ഒഴിവുകളുടെ ലഭ്യതക്കുറവിന്റെ അടിസ്ഥാനത്തിൽ, പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് തൊഴിൽ നൽകാമെന്ന് സർക്കാർ നൽകിയ ഉറപ്പ് അസാധ്യമായ ഒരു ചുമതലയായി മാറി. പൊതുതാത്പര്യം മറികടക്കുന്നതിന് സർക്കാർ എടുത്ത തീരുമാനം, പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികളും കേരള സംസ്ഥാനത്തെ തൊഴിൽ രഹിതരായ യുവജനങ്ങളും തമ്മിലുള്ള മത്സരിക്കുന്ന താത്പര്യം ഒരു തുല്യതയിൽ ആക്കുന്നതിനുള്ള ഒരു നടപടിയായിരുന്നു. നയത്തിലെ മാറ്റംമൂലം എതിർകക്ഷികളുടെ മൗലികാവകാശങ്ങൾ ദുർബ്ബലപ്പെടുത്തിയത് അമിതമാണെന്ന് പറയാൻ കഴിയില്ല. അതിനാൽ, പിരിച്ചുവിടപ്പെട്ട അബ്കാരി തൊഴിലാളികളുടെ പുനർനിയമനവുമായി ബന്ധപ്പെട്ട നയത്തിലെ മാറ്റം പൊരുത്തമില്ലാത്തതാണെന്ന് പറയാൻ കഴിയില്ല.

33. ഹൈക്കോടതി അനുകൂലമായി കണ്ടെത്തിയ എതിർകക്ഷികളുടെ മറ്റൊരു തർക്കം, 7-8-2004-ലെ ഉത്തരവ് റിട്ട് ഹർജി (സിവിൽ) നം.26878/2007-ൽ നിയമ വിരുദ്ധമെന്ന് കണ്ടെത്തുകയും പ്രസ്തുത വിധിന്യായം അന്തിമമായതുമാണ് എന്നതാണ്. പരേതരായ പിരിച്ചുവിടപ്പെട്ട തൊഴിലാളികളുടെ

ആശ്രിതരായ 265 മക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടും അവർക്ക് നിയമനം ലഭിക്കാത്തതിൽ സങ്കടപ്പെട്ടുകൊണ്ട്, അവരെ നിയമിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവർ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. 7-8-2004-ലെ ഉത്തരവിനെ തുടർന്ന് പട്ടികയിലുൾപ്പെട്ട അപ്പറഞ്ഞ ആളുകളെ ആറാഴ്ചക്കാലയളവിനുള്ളിൽ നിയമിക്കുന്നതിന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. 20-2-2002-ലെ ഉത്തരവ് മാറ്റം വരുത്താൻ പാടില്ലായിരുന്നെന്ന് ഹൈക്കോടതി കൂടുതലായി നിരീക്ഷിക്കുകയും 7-8-2004-ലെ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. മേൽ റിട്ട് ഹർജിയിലെ നിർദ്ദേശം പാലിച്ചുകൊണ്ട്, പരേതരായ അബ്കാരി തൊഴിലാളികളുടെ ആശ്രിതരായ 265 പേർക്ക് നിയമനം നൽകിക്കൊണ്ട് 30-4-2009-ൽ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിനാൽ, 7-8-2004-ലെ ഉത്തരവിന്റെ സാധുത റിട്ട് ഹർജി (സിവിൽ) നമ്പർ 26878/2007-ൽ അന്തിമമായി തീരുമാനിച്ചു എന്ന് പറയാൻ കഴിയില്ല.

34. നിയമനത്തിനുള്ള അവകാശം എതിർകക്ഷികൾ ആർജ്ജിച്ചു എന്നും അത് ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പോലെ ഒരു ജീവിക്കാനുള്ള സമ്പൂർണ്ണ അവകാശമായി എന്നും ഹൈക്കോടതി രേഖപ്പെടുത്തിയ കണ്ടെത്തലുകളുമായി ഞങ്ങൾ യോജിക്കുന്നില്ല. 20-2-2002-ലെ ഉത്തരവ് ലംഘിച്ചില്ല എന്ന കാരണത്താൽ 7-8-2004-ലെ ഉത്തരവ് 20-2-2002-ലെ ഉത്തരവിന്റെ തുടർച്ചയാണെന്ന ഹൈക്കോടതിയുടെ അഭിപ്രായം ഞങ്ങൾ അംഗീകരിക്കുന്നില്ല. 7-8-2004-ലെ ഉത്തരവ് 20-2-2002-ലെ ഉത്തരവ് രൂപാന്തരപ്പെടുത്തി പുറപ്പെടുവിച്ചതായിരുന്നു. ഇരു ഉത്തരവുകളുടെയും സൂക്ഷ്മമായ ഒരു പരിശോധന, പരേതരായ അബ്കാരി തൊഴിലാളികളുടെ ആശ്രിതരായ മക്കൾക്ക് മാത്രം നൽകുന്നതിന് എടുത്ത ഒരു പുതിയ തീരുമാനത്തിന്റെ വെളിച്ചത്തിൽ 7-8-2004-ലെ ഉത്തരവ് 20-2-2002-ലെ ഉത്തരവിന് ബദലായിട്ടുള്ളതാണെന്ന് സൂചിപ്പിക്കും.

35. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ അപ്പീലുകൾ അനുവദിച്ചു.

*——————*

# ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് അരുൺ മിശ്ര

&

ബഹു. ജസ്റ്റിസ് എം. ആർ. ഷാ

&

ബഹു. ജസ്റ്റിസ് രവീന്ദ്ര ഭട്ട്

[ക്രിമിനൽ അപ്പീൽ നമ്പർ 1670/2019]

[പ്രത്യേകാനുമതി ഹർജി (ക്രിമിനൽ) നമ്പർ 1299/2016-ൽ നിന്നുത്ഭവിച്ചത്]

അവധേഷ് കുമാർ

Vs

സ്റ്റേറ്റ് ഓഫ് യു. പി.-യും മറ്റുള്ളവരും

2019 നവംബർ 8-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**വിചാരണക്കോടതി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പനുസരിച്ച് ശിക്ഷിച്ച കുറ്റകൃത്യം ഹൈക്കോടതി ഐ.പി.സി-യിലെ 304-ാം വകുപ്പ് I-ാം ഭാഗത്തിലെ കുറ്റകൃത്യത്തിലേക്ക് രൂപഭേദം വരുത്തിയതിനെ സംബന്ധിച്ചതാണ് ഇവിടുത്തെ പ്രതിപാദ്യ വിഷയം. മേൽ നിയമത്തിലെ 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കൽ ബാധകമാക്കുതിനായുള്ള ചില ഉപാധികൾ ഇവിടെ നിലനിൽക്കുന്നുണ്ടെങ്കിലും, വഴക്ക് പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ടതാണ്. എന്നാൽ, പരേതയും അപ്പീൽവാദിയും തമ്മിൽ അവിടെ പെട്ടെന്ന് യാതൊരു അടിപിടിയും നടന്നില്ല. 'കലഹം', ഒരു ഇരുപക്ഷവുമുള്ള പ്രവൃത്തിയും ആയതിൽ പ്രഹരം പരസ്പരം ഉണ്ടാകുകയും വേണമെന്ന് അവകാശപ്പെടുന്നു. പരേത നിരായുധയായിരുന്നു. അവർ അപ്പീൽവാദിക്കോ അയാളുടെ കൂടെയുള്ളവർക്കോ യാതൊരു പരിക്കും ഏൽപ്പിച്ചില്ല. അതിനുപുറമെ, അപ്പീൽവാദി, നിരായുധയായ ഇരയെ പരിക്കേൽപ്പിച്ചു. അപ്പീൽവാദി, ആയതിനാൽ, 4-ാം ഒഴിവാക്കലിന്റെ ആനുകൂല്യത്തിന് അർഹനല്ല.**

### വിധിന്യായം

ജസ്റ്റിസ് എം. ആർ. ഷാ

1. അനുമതി നൽകി.

2. പ്രഥമ പ്രതി ബോധിപ്പിച്ച അപ്പീൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൻ കീഴിലുള്ള ശിക്ഷയിൽ നിന്ന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304-ാം വകുപ്പിൻ കീഴിലായി രൂപഭേദം വരുത്തി ഭാഗികമായി അനുവദിച്ചുകൊണ്ട് അലഹബാദ് ഹൈക്കോടതി ലഖ്നൗ ബഞ്ച് 2517/2009 നമ്പർ ക്രിമിനൽ അപ്പീലിൽ 18-12-2015 തീയതിയിൽ പുറപ്പെടുവിച്ച ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിൽ സങ്കടമനുഭവിച്ചുകൊണ്ടും അസംതൃപ്തിയോടെയും പ്രഥമ പരാതിക്കാരൻ ബോധിപ്പിച്ചതാണ് ഈ അപ്പീൽ.

3. 11-7-2006-ന് 18.45 മണിക്ക് പരാതിക്കാരൻ അവധേഷ് കുമാർ, ലഖിംപൂർ ഖേരി ജില്ല, ഖിരി പോലീസ് സ്റ്റേഷനിൽ താഴെപറയും പ്രകാരം ഒരു എഫ്.ഐ.ആർ തയ്യാറാക്കി എന്നാണ്

പ്രോസിക്യൂഷൻ കേസിന്റെ ചുരുക്ക വസ്തുതകൾ. 11-7-2006-ന് ഉദ്ദേശം 5.30 പി.എം.-ന് പരാതിക്കാരന്റെ അമ്മ ശ്രീമതി. ലജ്ജാവതി, രവിന്ദർ വർമ്മയോട് (പ്രഥമ 1-ാം നമ്പർ പ്രതി- ഇവിടുത്തെ 2-ാം നമ്പർ എതിർകക്ഷി) അയാളുടെ അനന്തിരവൻ വിഷ്ണു കുമാറിന്റെ മോശം പെരുമാറ്റം സംബന്ധിച്ച് പരാതി പറഞ്ഞു. ആ സമയം സുധീർ അഥവാ രാമായുധ്, രാകേഷ്, വിഷ്ണുകുമാർ എന്നിവർ അവിടെ ഉണ്ടായിരുന്നു. അമ്മ പരാതി പറയുന്നതിനിടയിൽ മേൽ പേരിലുള്ള നാല് ആളുകൾ അയാളുടെ അമ്മയുമായി വഴക്കിടാൻ തുടങ്ങി. ഇതിനിടെ, പരാതിക്കാരന്റെ സഹോദരൻ അനൂപ് കുമാറും അയാളുടെ അച്ഛൻ രാഘവനും കൂടി അവിടെ എത്തിച്ചേർന്നു. പിന്നീട് നാല് പ്രതികളോടും അവിടെ നിന്നും പോകാൻ അവർ ആവശ്യപ്പെട്ടു. പരാതിക്കാരുടെ ഭാഗത്തുനിന്നും അലോസരപ്പെടുത്തുന്ന പെരുമാറ്റം ഗ്രഹിച്ച് വിഷ്ണു കുമാറും രാകേഷ് കുമാറും സുധീർ അഥവാ രാമായുധും പരേതയെ വെടിവയ്ക്കുന്നതിന് രവിന്ദറെ പ്രചോദിപ്പിക്കുകയും രവിന്ദർ അയാളുടെ നാടൻ പിസ്റ്റൾ കൊണ്ട് പരാതിക്കാരന്റെ അമ്മയെ വെടിവയ്ക്കുകയും ചെയ്തു. പരാതിക്കാരൻ മറ്റാളുകളോടൊപ്പം അയാളുടെ പരിക്കേറ്റ അമ്മയെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയും എഫ്.ഐ.ആർ തയ്യാറാക്കുകയും ചെയ്തു.

4. ആരംഭത്തിൽ ഈ കേസ് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 307, 504, 506 ഒപ്പം 34 എന്നീ വകുപ്പുകൾ പ്രകാരമായിരുന്നു രജിസ്റ്റർ ചെയ്തിരുന്നത്, എന്നാലും, ശ്രീമതി. ലജ്ജാവതി 11-7-2006-ൽ മരണപ്പെട്ടതിനെ തുടർന്ന് കേസ് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 302-ാം വകുപ്പിൻ കീഴിലാക്കി രൂപഭേദം വരുത്തി. അന്വേഷണത്തിന് ശേഷം, അന്വേഷണ ഉദ്യോഗസ്ഥൻ ഇവിടുത്തെ 2-ാം എതിർകക്ഷി ഉൾപ്പെടെയുള്ള എല്ലാ നാല് പ്രതികൾക്കുമെതിരെ കുറ്റപത്രം ഫയൽ ചെയ്തു. അവരെയെല്ലാം സെഷൻസ് കോടതി, ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന കുറ്റകൃത്യത്തിന് വിചാരണ ചെയ്തു. വിചാരണക്കോടതി, ഇവിടുത്തെ 2-ാം എതിർകക്ഷിയെ (രവിന്ദർ) പരേതയെ വെടിവച്ചതിന് പ്രത്യേക പങ്ക് ആരോപിച്ചുകൊണ്ട് ശിക്ഷിച്ചു. വിചാരണക്കോടതി മറ്റു മൂന്നു പ്രതികളെയും കുറ്റവിമുക്തരാക്കി. ഇവിടുത്തെ 2-ാം എതിർകക്ഷി (പ്രഥമ 1-ാം പ്രതി) വിചാരണക്കോടതി അയാളെ ശിക്ഷിച്ചുകൊണ്ട് പുറപ്പെടുവിച്ച ശിക്ഷാ ഉത്തരവിൽ അതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് ഹൈക്കോടതി മുമ്പാകെ ക്രിമിനൽ അപ്പീൽ ബോധിപ്പിച്ചു. ഹൈക്കോടതി, ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലൂടെയും ഉത്തരവിലൂടെയും, ശിക്ഷാവിധി, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്നതിൽ നിന്നും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304-ാം വകുപ്പ് I-ാം ഭാഗം പ്രകാരം പരിഷ്ക്കരിക്കുകയും അയാളെ 10 വർഷത്തെ കഠിന തടവ് അനുഭവിക്കുന്നതിനും 20000 രൂപയുടെ ഒരു പിഴയും നൽകി ശിക്ഷിക്കുകയും ചെയ്തു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൽ നിന്നും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304-ാം വകുപ്പ് ഭാഗം-I-ലേക്ക് ശിക്ഷാവിധി പരിഷ്ക്കരിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലും ഉത്തരവിലും സങ്കടപ്പെട്ടുകൊണ്ട് പ്രഥമ പരാതിക്കാരൻ നിലവിലെ അപ്പീൽ ബോധിപ്പിച്ചു.

5. അപ്പീൽവാദിക്ക്-പ്രഥമ പരാതിക്കാരന് വേണ്ടിയുള്ള അഭിഭാഷകൻ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൽ നിന്നും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304-ാം വകുപ്പ് ഭാഗം-I-ലേക്ക് ശിക്ഷാവിധി പരിഷ്ക്കരിച്ചുകൊണ്ട് ഹൈക്കോടതി ഒരു ഗൗരവതരമായ പിശക് വരുത്തിയിട്ടുണ്ടെന്ന് ശക്തമായി ബോധിപ്പിച്ചു.

6. പ്രതി, പരേതയെ വളരെ അടുത്തു നിന്നും വെടിവച്ചതിനാൽ പരേതയ്ക്ക് ഗുരുതര പരിക്കുകൾ ഏൽക്കുകയും അവസാനം മരിക്കുകയും ചെയ്തു, ആകയാൽ, കേസ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 300-ാം വകുപ്പ് 4-ാം ഖണ്ഡത്തിൻ കീഴിൽ വരുന്നതാണെന്ന് പ്രഥമ പരാതിക്കാരന് വേണ്ടിയുള്ള അഭിഭാഷകൻ കൂടുതലായി ബോധിപ്പിച്ചു. ആകയാൽ, കേസ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 300-ാം വകുപ്പ് 4-ാം ഖണ്ഡത്തിൻ കീഴിൽ വരുമ്പോൾ, പ്രതിയുടെ പ്രവൃത്തി കൊലപാതകമാകുന്ന നരഹത്യയാകുന്നു എന്നും ബോധിപ്പിച്ചു. അതൊരു ആസൂത്രിത കുറ്റമായിരുന്നില്ലെന്നും അവിടെ യാതൊരു പൂർവ്വലക്ഷ്യവും ഉണ്ടായിരുന്നില്ലെന്നും ആ നിമിഷത്തെ പ്രചോദനത്താലുള്ള ഉഗ്രകോപത്തിന്റെ ആവേശത്തിൽ അത് സംഭവിച്ചതാണെന്നും നിരീക്ഷിച്ചുകൊണ്ട്, പ്രതി രവിന്ദർ നടത്തിയ കുറ്റകൃത്യം ഇന്ത്യൻ ശിക്ഷാനിയമം 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കലിൽ വരുമെന്ന് വിധിച്ചതിൽ ഹൈക്കോടതിക്ക് തെറ്റുപറ്റിയതായി കാണുന്നു എന്ന് പ്രഥമ പരാതിക്കാരന് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ബോധിപ്പിച്ചു. പരസ്പരം പ്രകോപനവും ഇരുഭാഗത്തു നിന്നും അടിയും ആവശ്യമാക്കുന്ന ഒരു അടിപിടിയോ വഴക്കോ ഉണ്ടാകുകയും, ആയതിൽ, അപരാധി അനുചിതമായ ആനുകൂല്യം എടുക്കാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഇന്ത്യൻ ശിക്ഷാനിയമം 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കൽ ബാധകമാകുകയുള്ളൂ എന്ന് പ്രഥമ പരാതിക്കാരന് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ബോധിപ്പിച്ചു. മേൽ ബോധിപ്പിച്ചതിന്റെ പിന്തുണയ്ക്കായി ഈ കോടതിയുടെ സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശ് Vs ശിവ്ശങ്കർ [മനു/എസ് സി/0820/2014:(2014)10 എസ്സിസി 366] എന്ന കേസിലെ തീർപ്പിൽ പ്രഥമ പരാതിക്കാരന് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ശക്തമായി അവലംബിച്ചു. നിലവിലെ കേസ്സിൽ, പരേതയുടെയും പരാതിക്കാരന്റെയും ഭാഗത്തുനിന്നും അവിടെ യാതൊരു അടിയും ഉണ്ടായിരുന്നില്ല എന്ന് ബോധിപ്പിച്ചു. പരാതിക്കാരന്റെയോ പരേതയുടെയോ ഭാഗത്ത് യാതൊരു ആയുധവും ഉണ്ടായിരുന്നില്ല. പ്രതി ഒരു നാടൻ തോക്കുമായി വരുകയും, ശേഷം അയാളുടെ കസിനും പരേതയും തമ്മിൽ അവിടെ ചില വാക്കേറ്റവും ഉണ്ടായി. ആയതിനാൽ ഈ കേസ് ഇന്ത്യൻ ശിക്ഷാ നിയമം 300-ാം വകുപ്പിലെ 4-ാം ഒഴിവാക്കലിൻ കീഴിൽ വരില്ല എന്ന് ബോധിപ്പിച്ചു. ആകയാൽ, ശിക്ഷാവിധി, ഇന്ത്യൻ ശിക്ഷാനിയമം 302-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കാവുന്നതിൽ നിന്നും ഇന്ത്യൻ ശിക്ഷാനിയമം 304-ാം വകുപ്പ് ഭാഗം-I പ്രകാരം രൂപഭേദപ്പെടുത്തിയതിൽ ഹൈക്കോടതിക്ക് തെറ്റുപറ്റിയതായി പ്രത്യക്ഷപ്പെടുന്നു എന്ന് ബോധിപ്പിച്ചു.

7. പ്രഥമ 1-ാം നമ്പർ പ്രതിക്ക്-2-ാം നമ്പർ എതിർകക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304-ാം വകുപ്പ് ഭാഗം-I പ്രകാരമുള്ള കുറ്റകൃത്യത്തിനായി പ്രതിയെ അന്തിമമായി ശിക്ഷിച്ചുകൊണ്ടുള്ള ഹൈക്കോടതിയുടെ ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തെയും ഉത്തരവിനെയും പിന്തുണയ്ക്കുന്നതിന് ഊർജ്ജസ്വലമായ പരിശ്രമങ്ങൾ നടത്തി. അതൊരു ആസൂത്രിത കുറ്റമല്ലായിരുന്നെന്നും അങ്ങനെ യാതൊരു പൂർവ്വലക്ഷ്യവും ഉണ്ടായിരുന്നില്ലെന്നും ആ നിമിഷത്തെ പ്രചോദനത്താലുള്ള ഉഗ്രകോപത്തിന്റെ ആവേശത്തിൽ അത് സംഭവിച്ചതാണെന്നും ഹൈക്കോടതി ശരിയായി നിരീക്ഷിച്ചു എന്ന് 2-ാം നമ്പർ എതിർകക്ഷിക്ക്-പ്രഥമ 1-ാം നമ്പർ പ്രതിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ബോധിപ്പിച്ചു. അതിനാൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കൽ ബാധകമാകുമെന്ന് ഹൈക്കോടതി ശരിയായി നിരീക്ഷിച്ചതും ശിക്ഷാവിധി

ഇന്ത്യൻ ശിക്ഷാനിയമം 302-ാം വകുപ്പിൽ നിന്നും ഇന്ത്യൻ ശിക്ഷാ നിയമം 304-ാം വകുപ്പ് ഭാഗം-I-ലേക്ക് ഹൈക്കോടതി ശരിയായി രൂപഭേദം വരുത്തിയെന്നും 2-ാം എതിർ കക്ഷിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ബോധിപ്പിച്ചു.

7.1. 2-ാം എതിർകക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ മറ്റു മൂന്ന് പ്രതികളെയും കുറ്റവിമുക്തരാക്കിയപ്പോൾ വിചാരണക്കോടതി രേഖപ്പെടുത്തിയ കണ്ടെത്തലിലൂടെ ഞങ്ങളെ കൊണ്ടുപോകുകയും മറ്റു മൂന്ന് പ്രതികളെയും കുറ്റവിമുക്തരാക്കുമ്പോൾ, മുൻ ആസൂത്രിതമായി കൊലപാതകം നടത്തണമെന്ന യാതൊരു ഉദ്ദേശ്യവും അവിടെ ഇല്ലാതിരുന്നതും ലജ്ജാവതി രവീന്ദറിനോട് പരാതി പറയാൻ പോയപ്പോൾ, ഏറെക്കുറെ സംഭവം പെട്ടെന്നുണ്ടായതും ആണെന്ന് വിചാരണക്കോടതി വ്യക്തമായി നിരീക്ഷിച്ചതായി ബോധിപ്പിക്കുകയും ചെയ്തു. വിചാരണക്കോടതി രേഖപ്പെടുത്തിയ കണ്ടെത്തൽ ചോദ്യം ചെയ്യപ്പെടാതെ പോയി എന്ന് ബോധിപ്പിച്ചു. അതിനാൽ കേസ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കലിന് കീഴിൽ വരുമെന്നും അതുകൊണ്ട് ശിക്ഷാവിധി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന കുറ്റകൃത്യത്തിൽ നിന്നും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304-ാം വകുപ്പ് ഭാഗം-I-ലേക്ക് ഹൈക്കോടതി രൂപഭേദം വരുത്തുകയും ചെയ്തു എന്നും ബോധിപ്പിച്ചു.

8. ബന്ധപ്പെട്ട കക്ഷികൾക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകരെ ഞങ്ങൾ വിശദമായി കേട്ടു. വിചാരണക്കോടതിയും അതുപോലെ ഹൈക്കോടതിയും രേഖപ്പെടുത്തിയ കണ്ടെത്തലുകളിലൂടെ ഞങ്ങൾ പോകുകയും പരിശോധിക്കുകയും ചെയ്തു.

8.1. ആരംഭത്തിൽ, വിചാരണക്കോടതി, ഇവിടുത്തെ 2-ാം എതിർകക്ഷിയെ-പ്രഥമ 1-ാം പ്രതിയെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന കുറ്റകൃത്യത്തിന് ശിക്ഷിച്ചു എന്നത് ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. ദോഷമാരോപിക്കപ്പെട്ട വിധിന്യായത്തിലൂടെയും ഉത്തരവിലൂടെയും ഹൈക്കോടതി ശിക്ഷാവിധി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കാവുന്ന കുറ്റകൃത്യത്തിൽ നിന്നും

(i) ആയത് ഒരു ആസൂത്രിത കുറ്റമല്ലാത്തതിനാലും;

(ii) അവിടെ യാതൊരു മുൻ ഉദ്ദേശ്യം ഇല്ലാതിരുന്നതിനാലും;

(iii) ആ നിമിഷത്തെ പ്രചോദനത്താലുള്ള ഉഗ്രകോപത്തിന്റെ ആവേശത്തിൽ അത് സംഭവിച്ചതിനാലും;

ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304-ാം വകുപ്പ് ഭാഗം-I ലേക്ക് രൂപഭേദം വരുത്തി.

അതിനാൽ, ഹൈക്കോടതിയുടെ അഭിപ്രായ പ്രകാരം കേസ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 300-ാം വകുപ്പിലെ 4-ാം ഒഴിവാക്കലിന് കീഴിൽ വരും. എന്നിരുന്നാലും, റിക്കാർഡിലെ വസ്തുതയും/തെളിവും, പ്രഥമ പരാതിക്കാരന്റെ മൊഴിയും, പ്രോസിക്യൂഷൻ തെളിയിച്ച കേസും കണക്കിലെടുക്കുമ്പോൾ തർക്കവിഷയത്തിലെ സംഭവം, പ്രഥമ 1-ാം പ്രതി രവിന്ദറുടെ കസിൻ പരേതയോട് അസഭ്യഭാഷ ഉപയോഗിച്ചതിന് ഒരു അര മണിക്കൂർ കഴിഞ്ഞതിന് ശേഷമായിരുന്നു നടന്നത്. ആയതിനാൽ, അതിനുശേഷം, ഇവിടുത്തെ 2-ാം എതിർകക്ഷി-പ്രഥമ 1-ാം പ്രതി ഒരു നാടൻ തോക്കുമായി മറ്റുള്ളവരോടൊപ്പം വരികയും, ആ സമയം, പരേത, വിഷ്ണുകുമാർ (പ്രഥമ 1-ാം പ്രതിയുടെ കസിൻ) ഉപയോഗിച്ച അസഭ്യഭാഷ സംബന്ധിച്ച് സങ്കടം ബോധിപ്പിക്കുകയും, ആ സമയം, 2-ാം എതിർകക്ഷി-പ്രഥമ 1-ാം പ്രതി അധിക്ഷേപിക്കാൻ തുടങ്ങുകയും ചെയ്തു. ആ സമയത്ത്, പരേതയും മറ്റുള്ളവരും,

ഭാവിയിൽ അസഭ്യ വാക്കുകൾ ഉപയോഗിക്കരുതെന്ന് അവരോട് ആവശ്യപ്പെടുകയും സ്ഥലം വിടാൻ അവരോട് ആവശ്യപ്പെടുകയും ചെയ്തു. ആ സമയം, 2-ാം എതിർകക്ഷി-പ്രഥമ 1-ാം പ്രതി, പരേതയോടും മറ്റുള്ളവരോടും അയാളെ വെല്ലുവിളിക്കരുതെന്നാവശ്യപ്പെടുകയും "എന്നെ ശിക്ഷിച്ചിട്ടുള്ളതാണെന്ന് നിങ്ങൾക്കറിയില്ലേ, ഇപ്പോൾ എനിക്ക് യാതൊരു തരത്തിലുള്ള ഭയവുമില്ല" എന്നയാൾ പറയുകയും ചെയ്തു. അതിനുശേഷം, രവിന്ദർ 2-ാം എതിർകക്ഷി-പ്രഥമ 1-ാം പ്രതി വളരെ അടുത്ത് നിന്ന് വെടിവയ്ക്കുകയും ചെയ്തു. പരേതയുൾപ്പെടെ പരാതിക്കാരുടെ ഭാഗത്തുള്ളവരെല്ലാം നിരായുധരായിരുന്നു. പരേതയുടെ മേൽ പ്രതി വളരെയടുത്തുനിന്നും വെടി വയ്ക്കുന്നതിന്, പരേതയിൽ നിന്നും വീണ്ടും യാതൊരു പ്രകോപനവും പെട്ടെന്നുണ്ടായിട്ടില്ല.

8.2. ഈ കോടതി ശിവശങ്കറിന്റെ (മുകളിലെ) കേസ്സിൽ നിരീക്ഷിച്ച പോലെ, ഉദ്ദേശ്യം അനുമാനത്തിന്റെ ഒരു സംഗതിയാകുന്നതും, മരണം കരുതിക്കൂട്ടിയുള്ള ഒരു വെടിവയ്ക്കലിന്റെ ഫലമാകുമ്പോൾ കൊലപ്പെടുത്തണമെന്ന ഉദ്ദേശ്യം പ്രകടമായതും അല്ലെങ്കിൽ, കേസ് ഏതെങ്കിലും ഒഴിവാക്കലുകളിൻ കീഴിൽ വരുന്നതുമാണ്. പരസ്പര പ്രകോപനം ആവശ്യമാക്കുന്ന ഒരു അടിപിടിയോ വഴക്കോ ഉണ്ടാകുകയും ഇരുഭാഗത്തും നിന്നും ഉള്ള പ്രഹരവും, ആയതിൽ അപരാധി അനുചിതമായ കാര്യലാഭമൊന്നും ഉണ്ടാക്കിയിട്ടില്ലാത്തിടത്തും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കൽ, ബാധകമാകുന്നതാണെന്ന് കൂടുതലായി നിരീക്ഷിക്കുകയും വിധിക്കുകയും ചെയ്തു.

8.3. ഭഗ്‌വൻ മുഞ്ചജി പവ്ഡെ Vs സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര [മനു/എസ് സി/0063/1978:(1978)3 എസ്‌സിസി 330]-ൽ 6-ാം ഖണ്ഡികയിൽ ഈ കോടതി താഴെ പറയും പ്രകാരം നിരീക്ഷിക്കുകയും വിധിക്കുകയും ചെയ്തു.

6. ......... 300-ാം വകുപ്പിന്റെ 4-ാം ഒഴിവാക്കൽ ബാധകമാക്കുന്നതിനുള്ള ചില ഉപാധികൾ ഇവിടെ നിലനിൽക്കുന്നു എന്നത് ശരിയാണ്, എന്നാൽ എല്ലാം ഇല്ല. വഴക്ക് പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ടതാണ്, എന്നാൽ, പരേതനും അപ്പീൽവാദിയും തമ്മിൽ അവിടെ പെട്ടെന്ന് യാതൊരു അടിപിടിയും നടന്നില്ല. 'കലഹം', ഒരു ഇരുപക്ഷവുമുള്ള പ്രവൃത്തിയും ആയതിൽ പ്രഹരം പരസ്പരം ഉണ്ടാകുകയും വേണമെന്ന് അവകാശപ്പെടുന്നു. പരേതൻ നിരായുധനായിരുന്നു. അയാൾ അപ്പീൽവാദിക്കോ അയാളുടെ കൂടെയുള്ളവർക്കോ യാതൊരു പരിക്കും ഏൽപ്പിച്ചില്ല. അതിനുപുറമെ, അപ്പീൽവാദി, നിരായുധനായ ഇരയുടെ മേൽ, ഒരു ഉഗ്ര ആയുധമായ കോടാലി കൊണ്ട് മൂന്നിൽ കുറയാത്ത പരിക്കേൽപ്പിച്ചു. അപ്പീൽവാദി, ആയതിനാൽ, 4-ാം ഒഴിവാക്കലിന്റെ ആനുകൂല്യത്തിന് അർഹനല്ല.

8.4. മേൽപറഞ്ഞ നിരീക്ഷണങ്ങൾ, നിലവിലെ കേസ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ വരുന്നു എന്ന നിരീക്ഷണങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

8.5. അതിനാൽ, ഈ കേസ്സിന്റെ വസ്തുതയിലും സാഹചര്യത്തിലും, അതൊരു ആസൂത്രിത കുറ്റമല്ലാത്തതും അവിടെ യാതൊരു പൂർവ്വലക്ഷ്യവും ഇല്ലായിരുന്നു എന്നും ആ നിമിഷത്തെ പ്രചോദനത്താലുള്ള ഉഗ്രകോപത്തിന്റെ ആവേശത്തിൽ അത് സംഭവിച്ചതാണെന്നും വിധിച്ചുകൊണ്ട് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 4-ാം ഒഴിവാക്കൽ ബാധകമാക്കിയതിൽ ഹൈക്കോടതിക്ക് സാരവത്തായ തെറ്റുപറ്റി.

8.6. ഇവിടെ മേൽപറഞ്ഞ റിക്കാർഡിലെ വസ്തുത/തെളിവ് പരിശോധിച്ചത് കണക്കിലെടുത്തുകൊണ്ട്, കേസ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 300-ാം വകുപ്പിലെ 4-ാം ഖണ്ഡത്തിൻ

കീഴിൽ വരുമെന്ന് ഞങ്ങൾ ദൃഢമായി അഭിപ്രായപ്പെടുന്നതും, അതിനാൽ, വിചാരണക്കോടതി, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കാവുന്ന കുറ്റത്തിന് പ്രത്യേകിച്ച് പ്രതി വളരെ അടുത്ത് നിന്ന് നാടൻ തോക്കുകൊണ്ട് പരേതയെ വെടിവച്ച വേളയിൽ പ്രതിയെ ശരിയായി ശിക്ഷിച്ചിട്ടുള്ളതുമാണ്. പ്രതി വളരെ അടുത്തു നിന്നും വെടിവയ്ക്കുമ്പോൾ, അത് മരണം സംഭവിക്കുവാനോ മരണത്തിന് ഹേതുവാകുന്ന അത്തരത്തിലെ ശാരീരിക പരിക്ക് ഉണ്ടാക്കുവാനോ ഉള്ള എല്ലാ സാദ്ധ്യതയും ഉണ്ട് എന്നും പ്രതിക്ക് അറിവുണ്ടാകേണ്ടതാണ്.

9. ഇപ്പോൾ, മറ്റു മൂന്നു പ്രതികളെയും കുറ്റവിമുക്തരാക്കുമ്പോൾ, വിചാരണക്കോടതി നടത്തിയ ചില നിരീക്ഷണങ്ങൾ അവലംബിച്ചുകൊണ്ട് പ്രതിക്ക് വേണ്ടി ബോധിപ്പിച്ചത് സംബന്ധിച്ചിടത്തോളം, അത്തരം നിരീക്ഷണങ്ങൾ മറ്റു പ്രതികളുടെ പൊതു ഉദ്ദേശ്യം കണക്കിലെടുത്തുകൊണ്ട് വിചാരണക്കോടതി നടത്തിയതാണെന്ന് ശ്രദ്ധിക്കേണ്ടതും, പരേതയെ അതും വളരെ അടുത്ത് നിന്നും വെടിവച്ചത് പ്രഥമ 1-ാം പ്രതിയാണെന്ന് തെളിഞ്ഞതായി റിക്കാർഡിൽ വന്നതുകൊണ്ട് അപ്രകാരമുള്ള നിരീക്ഷണങ്ങളുടെ ആനുകൂല്യം പ്രഥമ 1-ാം പ്രതിക്ക് ലഭ്യമാകുന്നതല്ല.

10. മേൽപറഞ്ഞതിന്റെ അടിസ്ഥാനത്തിലും മേൽ പ്രസ്താവിച്ച കാരണങ്ങളാലും നിലവിലെ അപ്പീൽ വിജയിക്കുന്നു. ശിക്ഷാവിധി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കാവുന്ന കുറ്റകൃത്യത്തിൽ നിന്നും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304-ാം വകുപ്പ് I-ാം ഭാഗത്തിലേക്ക് പരിഷ്ക്കരിച്ചുകൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച ദോഷമാരോപിക്കപ്പെട്ട വിധിന്യായവും ഉത്തരവും ഇതിനാൽ റദ്ദാക്കുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 302-ാം വകുപ്പിൻ കീഴിൽ ശിക്ഷിക്കാവുന്ന കുറ്റകൃത്യത്തിന് 2-ാം എതിർകക്ഷിയെ-പ്രഥമ 1-ാം പ്രതിയെ ശിക്ഷിച്ചുകൊണ്ട് വിചാരണക്കോടതി പുറപ്പെടുവിച്ച വിധിന്യായം ഇതിനാൽ പുനഃസ്ഥാപിക്കുന്നു. ഇപ്പോൾ, 2-ാം എതിർകക്ഷി-പ്രഥമ 1-ാം പ്രതി, ഇന്നുമുതൽ മൂന്നുമാസങ്ങൾക്കുള്ളിൽ വിചാരണക്കോടതി ചുമത്തിയ ശിക്ഷ അനുഭവിക്കുന്നതിന് ബന്ധപ്പെട്ട കോടതി മുമ്പാകെ കീഴടങ്ങേണ്ടതാണ്.

*——————*

## ബഹു. സുപ്രീംകോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് എൽ. നാഗേശ്വര റാവു

&

ബഹു. ജസ്റ്റിസ് ഹേമന്ത് ഗുപ്ത

സിവിൽ അപ്പീൽ നമ്പർ 8782/2019

[പ്രത്യേകാനുമതി ഹർജി (സിവിൽ)

നമ്പർ 21197/2019-ൽ നിന്നുത്ഭവിച്ചത്]

ബീഹാർ സംസ്ഥാനവും മറ്റുള്ളവരും

Vs

ഫുൽപാരി കുമാരി

2019 ഡിസംബർ 6-ന് വിധി കൽപിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു വകുപ്പുതല അന്വേഷണത്തെ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളിലെ ഇടപെടൽ 'യാതൊരു തെളിവുമില്ല' എന്ന സംഗതിയിൽ മാത്രമേ കഴിയൂ എന്നത് സ്ഥാപിത നിയമ മാണ്. തെളിവിന്റെ പര്യാപ്തത കോടതി നടത്തുന്ന പുനഃപരിശോധനയുടെ വ്യവഹാര മണ്ഡലത്തിൽ വരുന്നില്ല. ഒരു ക്രിമിനൽ വിചാരണയിൽ വിധി പ്രസ്താവിക്കുന്ന തിനാവശ്യമായ തെളിവുകളുടെ നിലവാരം ആവശ്യമാക്കുന്നത് ഒരു വകുപ്പുതല അന്വേഷണത്തിലേതിന് തുല്യമായതല്ല. ക്രിമിനൽ കോടതി തെളിവിന്റെ കർശന ചട്ടങ്ങൾ പാലിക്കേണ്ടതും അവിടെ പ്രതിയുടെ കുറ്റം ന്യായമായ ആശങ്കയ്ക്കതീതമായി തെളിയിക്കേണ്ടതുമാണ്. നേരെ മറിച്ച്, ചാർജ്ജിലെ കൃത്യവിലോപകുറ്റം കണ്ടെത്തു ന്നതിൽ കൈക്കൊള്ളുന്ന പരിശോധന സാധ്യതകളുടെ ആധിക്യമാണ്.**

### വിധിന്യായം

ജസ്റ്റിസ് എൽ. നാഗേശ്വര റാവു

1. എതിർകക്ഷിയെ പിരിച്ചുവിട്ടുകൊണ്ടുള്ള 10-12-2014-ലെ ഉത്തരവ് അസാധുവാക്കിയ പാറ്റ്ന ഹൈക്കോടതിയുടെ വിധിന്യായത്തെ ചോദ്യം ചെയ്തുകൊണ്ട് ബീഹാർ സംസ്ഥാനം മേൽ അപ്പീൽ ഫയൽ ചെയ്തു.

2. 29-6-2011-ന് എതിർകക്ഷിയെ ചൈൽഡ് ഡവലപ്മെന്റ് ആഫീസറായി നിയമിച്ചു. നിയമവിരുദ്ധ പ്രതിഫലം ആവശ്യപ്പെട്ടു എന്നാരോപിച്ചുകൊണ്ട് ശ്രീ. ജിതേന്ദ്ര രജക് എതിർകക്ഷിക്കെതിരെ ഒരു പരാതി പാറ്റ്ന വിജിലൻസ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് നൽകി. വിജിലൻസ് ബ്യൂറോ ഒരു റെയ്ഡ് നടത്തുകയും 40000 രൂപ സ്വീകരിച്ച് കുറ്റം ചെയ്ത് കൊണ്ടി രിക്കുമ്പോൾ എതിർ കക്ഷിയെ പിടിക്കു കയും ചെയ്തു. ഒരു പ്രഥമ വിവര റിപ്പോർട്ട് (എഫ് ഐ ആർ) എതിർകക്ഷിക്കെതിരെ 17-8-2013-ന് രജിസ്റ്റർ ചെയ്തു. ഒരേ സമയത്ത് അച്ചടക്ക നടപടികളും 12-11-2013-ന് എതിർ കക്ഷിക്കെതിരെ ആരംഭിക്കുകയും അവളെ സസ്പെന്റ് ചെയ്യുകയും ചെയ്തു. ഒരു അന്വേഷണം നടത്തുകയും അതിൽ താഴെ പറയുന്ന കുറ്റങ്ങൾ ചമയ്ക്കുകയും ചെയ്തു:

ആദ്യകുറ്റം:

റൂറൽ പാറ്റ്ന ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റിന്റെ അംഗനവാടി 27-ാം നമ്പർ കേന്ദ്രത്തിലെ (മഹുലി പഞ്ചായത്ത് 3-ാം നമ്പർ വാർഡ്) ഒഴിഞ്ഞ തസ്തികയിലെ തിരഞ്ഞെടുപ്പിന്റെ പൊതുയോഗത്തിന് ശേഷം തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥിക്കുള്ള സെലക്ഷൻ/നിയമന കത്ത് നൽകുന്നതിനായി താങ്കൾ പ്രതിഫലത്തുക ആവശ്യപ്പെട്ടു.

രണ്ടാം കുറ്റം:

അംഗനവാടി കേന്ദ്രങ്ങളുടെ ക്രമരഹിത പ്രവർത്തനവും കേന്ദ്രം പൂട്ടിയതായി കണ്ടെത്തിയതും.

പാറ്റ്ന സാദർ-1-ലെ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റിന്റെ 63-ാം നമ്പർ അംഗനവാടി കേന്ദ്രത്തിലെ പ്രീ സ്കൂൾ അംഗനവാടി കേന്ദ്രം 13-10-2011-ന് അടച്ചതായി കണ്ടെത്തി. അംഗനവാടി കേന്ദ്രം വൈക്കോൽ കൊണ്ട് ഉണ്ടാക്കിയ ഭവനത്തിലാണ് നടത്തുന്നത്. സേവിക താമസിച്ചെത്തി. സേവിക, അവൾ വനിതാ സൂപ്പർവൈസറിൽ നിന്നും ആ ദിവസം അവധി എടുത്തിരുന്നു എന്നുപറഞ്ഞു, ആ വിവരം തെറ്റായിരുന്നു. സഹായിയുടെ അസാന്നിദ്ധ്യം കണ്ടെത്തി. അടുക്കള 2-10-2011 മുതൽ അടച്ചിരുന്നതായി കണ്ടെത്തി. പ്രസവാശുപത്രി ഗുണഭോക്താവ് അവൾക്ക് 4 കിലോഗ്രാം അരിയും 1 കിലോഗ്രാം ധാന്യവും കിട്ടി എന്ന് അറിയിച്ചു. കേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതായി കണ്ടെത്തി.

മൂന്നാം കുറ്റം:

വിജിലൻസ് പി എസ് കേസ് നം.49//(എസ് ഐ സി) രജിസ്റ്റർ ചെയ്ത എഫ്. ഐ. ആർ-നെ കുറിച്ച് 4-3-2014 തീയതിയിലെ 1218-ാം നമ്പർ ഫാറത്തിൽ പ്രതിപാദിച്ച പ്രകാരം.

3. പാറ്റ്ന ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റിന്റെ 27-ാം നമ്പർ അംഗനവാടി കേന്ദ്രത്തിലെ (മഹൂലി പഞ്ചായത്ത് 3-ാം നമ്പർ വാർഡ്) ചൈൽഡ് ഡവലപ്മെന്റ് ആഫീസർ (സേവിക) സ്ഥാനത്തേക്കുള്ള ഒഴിവുകൾ തീരുമാനിക്കുന്നതിന് 24-6-2013-ൽ ഒരു പൊതുയോഗം ചേർന്നിരുന്നു എന്നാണ് അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ. പരാതിക്കാരന്റെ ഭാര്യ ശ്രീമതി. സുമൻ കുമാറിനെ തിരഞ്ഞെടുക്കുന്നതിന് ഒരു പ്രമേയം പാസ്സാക്കി. എതിർകക്ഷിയും ആ പൊതുയോഗത്തിൽ ഹാജരായിരുന്നു. ശ്രീമതി. സുമൻ 62.4% മാർക്ക് നേടി. പരാതി പ്രകാരം, പരാതിക്കാരന്റെ ഭാര്യ ശ്രീമതി. സുമൻ കുമാറിനെ നിയമിക്കുന്നതിന് വേണ്ടി എതിർകക്ഷി 1,50,000 രൂപ ആവശ്യപ്പെട്ടു. തുക പിന്നീട് 50000 രൂപയായി കുറച്ചു. പരാതിക്കാരൻ വിജിലൻസ് ബ്യൂറോയെ സമീപിക്കുകയും ഒരു കെണിയൊരുക്കിക്കൊണ്ട് 17-8-2013-ന് ഒരു റെയ്ഡ് നടത്തി. വിജിലൻസ് അധികാരികളുടെ നിർദ്ദേശ പ്രകാരം, പരാതിക്കാരൻ, വീടിന്റെ വരാന്തയിൽ നിൽക്കുകയായിരുന്ന എതിർകക്ഷിയെ സമീപിച്ചു. എതിർകക്ഷി പണം വാങ്ങി കസേരയിൽ വയ്ക്കുകയും, അവളുടെ വീട്ടിലെ ഗ്രിൽ അടയ്ക്കുവാൻ തുടങ്ങുമ്പോൾ റെയ്ഡ് സംഘത്തിലെ മറ്റാളുകളെ അവൾ കണ്ടു. എതിർകക്ഷിയുടെ ഇരു കൈകളിലെയും വിരലുകൾ സോഡിയം കാർബൊണേറ്റ് ലായനിയിൽ കഴുകുകയും ലായനിയുടെ നിറം പിങ്ക് ആയിത്തീരുകയും ചെയ്തു. എതിർകക്ഷി, അവൾക്കെതിരെ ചമച്ചിട്ടുള്ള ആദ്യകുറ്റം ചെയ്തതിന് മതിയായ തെളിവുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ തീരുമാനിച്ചു. നിയമവിരുദ്ധ പ്രതിഫലം ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്ത കുറ്റം അവൾക്കെതിരെ തെളിഞ്ഞു. മറ്റു കുറ്റങ്ങളും കൂടി തെളിയിക്കേണ്ട ആവശ്യമുണ്ട്.

4. എതിർകക്ഷിയെ 10-12-2014 തീയതിയിലെ ഉത്തരവിനാൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. അവൾ പിരിച്ചുവിട്ട ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും ആയത്

12-12-2017-ലെ ഒരു വിധിന്യായത്തിലൂടെ അനുവദിക്കുകയും ചെയ്തു. അച്ചടക്ക നടപടികളിൽ പരാതിക്കാരനെയോ അയാളുടെ ഭാര്യയെയോ വിസ്തരിച്ചിരുന്നില്ല എന്ന പരാതിക്കാരന്റെ വിവരണം ഹൈക്കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജി അവിശ്വസിച്ചു. എതിർകക്ഷി നിയമവിരുദ്ധ പ്രതിഫലം ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്ത കുറ്റം തെളിയിച്ചില്ല എന്ന് വിദ്വാനായ സിംഗിൾ ജഡ്ജി തീരുമാനിച്ചു.

5. ഹൈക്കോടതി ഡിവിഷൻ ബഞ്ച് റിട്ട് ഹർജിയിലെ വിദ്വാനായ സിംഗിൾ ജഡ്ജിയുടെ വിധിന്യായം ഉറപ്പിക്കുകയും അപ്പീൽവാദി ഫയൽ ചെയ്ത അപ്പീൽ തള്ളുകയും ചെയ്തു. ഡിവിഷൻ ബഞ്ച് തെളിവ് പരിശോധന തുടരുകയും നിയമവിരുദ്ധ പ്രതിഫലം ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്ത കുറ്റം തെളിഞ്ഞില്ല എന്ന് വിധിക്കുകയും ചെയ്തു. അവളെ തെറ്റായി ഒരു വഞ്ചനാ കേസ്സിൽ അകപ്പെടുത്തിയതാണെന്ന് എതിർകക്ഷി ബോധിപ്പിച്ചത് ഡിവിഷൻ ബഞ്ച് സ്വീകരിച്ചു.

6. എതിർകക്ഷിക്കെതിരെയുള്ള ക്രിമിനൽ വിചാരണ ഇപ്പോഴും ക്ഷമതയുള്ള ഒരു ക്രിമിനൽ കോടതിയുടെ പരിഗണനയിലിരിക്കുന്നു. എതിർകക്ഷിയെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവ് അവൾക്കെതിരെയുള്ള ഒരു വകുപ്പുതല അന്വേഷണത്തെ തുടർന്നായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ തെളിവ് പരിശോധിക്കുകയും നിയമവിരുദ്ധ പ്രതിഫലം ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്ത കുറ്റം തെളിഞ്ഞതായി തീരുമാനിക്കുകയും ചെയ്തു. ഹൈക്കോടതിയിലെ വിദ്വാനായ സിംഗിൾ ജഡ്ജിയും ഡിവിഷൻ ബഞ്ചും തെളിവ് പുനർ വിവേചിച്ചറിയുന്നതിൽ തെറ്റ് വരുത്തുകയും റിക്കാർഡിലെ തെളിവ് എതിർകക്ഷിയുടെ കുറ്റത്തിലേക്ക് ചൂണ്ടിക്കാണിക്കുന്നതിന് പര്യാപ്തമല്ല എന്ന ഒരു തീരുമാനത്തിലെത്തിച്ചേരുകയും ചെയ്തു. ഒരു വകുപ്പുതല അന്വേഷണത്തെ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളിലെ ഇടപെടൽ 'യാതൊരു തെളിവുമില്ല' എന്ന സംഗതിയിൽ മാത്രമേ കഴിയൂ എന്നത് സ്ഥാപിത നിയമമാണ്. തെളിവിന്റെ പര്യാപ്തത കോടതി നടത്തുന്ന പുനഃപരിശോധനയുടെ വ്യവഹാര മണ്ഡലത്തിൽ വരുന്നില്ല. ഒരു ക്രിമിനൽ വിചാരണയിൽ വിധി പ്രസ്താവിക്കുന്നതിനാവശ്യമായ തെളിവുകളുടെ നിലവാരം ആവശ്യമാക്കുന്നത് ഒരു വകുപ്പുതല അന്വേഷണത്തിലേതിന് തുല്യമായതല്ല. ക്രിമിനൽ കോടതി തെളിവിന്റെ കർശന ചട്ടങ്ങൾ പാലിക്കേണ്ടതും അവിടെ പ്രതിയുടെ കുറ്റം ന്യായമായ ആശങ്കയ്ക്കതീതമായി തെളിയിക്കേണ്ടതുമാണ്. നേരെ മറിച്ച്, ചാർജ്ജിലെ കൃത്യവിലോപ കുറ്റം കണ്ടെത്തുന്നതിൽ കൈക്കൊള്ളുന്ന പരിശോധന സാധ്യതകളുടെ ആധിക്യമാണ്. ഹൈക്കോടതി തെളിവ് പുനഃപരിശോധിച്ചുകൊണ്ട് എതിർകക്ഷിയുടെ പിരിച്ചുവിടൽ ഉത്തരവിൽ ഇടപെടാതെ, അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകൾ അടിസ്ഥാനമാക്കിയ അച്ചടക്കം സംബന്ധിച്ച അധികാരിയുടേതിൽ നിന്നും വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് സ്വീകരിച്ചു.

7. മേൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതിയുടെ വിധിന്യായം അസ്ഥിരപ്പെടുത്തുകയും എതിർകക്ഷിയുടെ പിരിച്ചുവിടൽ ഉത്തരവ് സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. തദനുസൃതമായി അപ്പീൽ അനുവദിച്ചു.

*——————*

# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് വി. ചിദംബരേഷ്

&

ബഹു. ജസ്റ്റിസ് ആർ. നാരായണ പിഷാരടി

എസ്. ബാലു

**Vs**

ഐ.സി.ഡി.എസ്. ലിമിറ്റഡും മറ്റുള്ളവരും

ആർബിട്രേഷൻ അപ്പീൽ നം. 8/2007

2019 ഫെബ്രുവരി 8-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**1996-ലെ ആർബിട്രേഷൻ ആന്റ് കൺസീലിയേഷൻ ആക്റ്റിന്റെ 34(3) വകുപ്പിൽ, അപേക്ഷ നൽകിയിട്ടുള്ള വ്യക്തിയ്ക്ക് ആർബിട്രൽ അവാർഡ് സ്വീകരിച്ച തീയതി മുതൽ മൂന്നു മാസത്തിനുശേഷമോ 33-ാം വകുപ്പ് പ്രകാരം അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, ആർബിട്രൽ* ട്രിബ്യൂണൽ ആ അപേക്ഷ തീർപ്പാക്കുന്ന തീയതി മുതലോ അസ്ഥിരപ്പെടുത്തുവാനുള്ള അപേക്ഷ നൽകുവാൻ കഴിയുകയില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത മൂന്നുമാസക്കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് സാധിക്കാത്തതിന് മതിയായ കാരണമുണ്ടെന്ന് കോടതിക്ക് ബോധ്യപ്പെടുന്ന പക്ഷം, അതിന് ആ അപേക്ഷ മറ്റൊരു മുപ്പത് ദിവസങ്ങൾക്കുള്ളിൽ പരിഗണിക്കാവുന്നതും, എന്നാൽ അതിനുശേഷം പാടില്ലാത്തതാണെന്നുകൂടി വ്യവസ്ഥ ചെയ്യുന്നു.**

### വിധിന്യായം

**ജസ്റ്റിസ് ആർ. നാരായണ പിഷാരടി**

1. തിരുവനന്തപുരം ജില്ലാ കോടതിയിൽ 1996-ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്റ്റിന്റെ (ഇതിനുശേഷം 'ആക്റ്റ്' എന്നാണ് പരാമർശിക്കപ്പെടുക) 34(1) വകുപ്പിൻകീഴിൽ അപേക്ഷ സമർപ്പിച്ചുകൊണ്ട് അയാൾക്കെതിരെ ആർബിട്രേറ്റർ പുറപ്പെടുവിച്ചിട്ടുള്ള അവാർഡിനെ അപ്പീൽ വാദി ചോദ്യം ചെയ്തു. ജില്ലാ ജഡ്ജി രണ്ട് കാരണങ്ങളാൽ അപേക്ഷ നിരസിച്ചു; (i) ആ കോടതിക്ക് അപേക്ഷ പരിഗണിക്കാൻ പ്രാദേശിക അധികാരപരിധി ഇല്ല, കൂടാതെ (ii) അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞതിനാൽ നിരസിച്ചു.

2. ഒന്നാം എതിർകക്ഷി 'അനുഗ്രഹ വുഡ് പ്രൊഡക്ട്സ് ലിമിറ്റഡ്' എന്ന പേരുള്ള കമ്പനിയിൽ നിന്നും, കമ്പനി എടുത്തിട്ടുള്ള വായ്പയ്ക്ക് ഗ്യാരന്റി നിന്നവരാണ് അപ്പീൽ വാദിയും മറ്റൊരാളും. ആർബിട്രേറ്റർ പുറപ്പെടുവിച്ചിട്ടുള്ള അവാർഡ് അപ്പീൽവാദിയിൽ നിന്നും മറ്റാളുകളിൽ നിന്നുമുള്ള വായ്പ തുകയുടെ ഈടാക്കൽ സംബന്ധിച്ചായിരുന്നു.

3. 4-3-1996-ൽ അനുഗ്രഹ വുഡ് പ്രൊഡക്ട്സ് ലിമിറ്റഡും ഒന്നാം എതിർകക്ഷി കമ്പനിയും എഴുതി ഉണ്ടാക്കിയ വായ്പാ ഉടമ്പടിയിൽ ഒരു ആർബിട്രേഷൻ ഖണ്ഡം

ഉൾപ്പെട്ടിരുന്നു. ആ ഉടമ്പടി കൂടാതെ, ആ കമ്പനിയും ഒന്നാം എതിർകക്ഷിയും തമ്മിൽ എഴുതി ഉണ്ടാക്കിയ ഒരു പ്രത്യേക ആർബിട്രേഷൻ ഉടമ്പടിയും ഉണ്ടായിരുന്നു. ആർബിട്രേഷൻ ഉടമ്പടിയിൽ താഴെപ്പറയുന്ന ഖണ്ഡം അടങ്ങുന്നു:

"എച്ച്. മദ്ധ്യസ്ഥൻ ഉഡുപ്പിയിൽ മാത്രം അന്വേഷണം നടത്തേണ്ടതാണ്. എന്നിരുന്നാലും, മദ്ധ്യസ്ഥന്, അയാൾ അപ്രകാരം ആഗ്രഹിക്കുന്ന പക്ഷം, അന്വേഷണ സ്ഥലം മാറ്റാവുന്നതാണ്.".

4. മദ്ധ്യസ്ഥ ഉടമ്പടിയിൽ നിന്നും ആർബിട്രേഷനുള്ള വേദി ഉഡുപ്പിയാണെ് തെളിയുന്നു. മദ്ധ്യസ്ഥൻ മുഴുവൻ നടപടികളും ഉഡുപ്പിയിൽ വച്ച് മാത്രമാണ് നടത്തിയത് എന്ന വസ്തുതയെ സംബന്ധിച്ച് യാതൊരു തർക്കവുമില്ല.

5. അപ്പീൽവാദി, അയാൾ സ്ഥിരമായി തിരുവനന്തപുരത്ത് താമസിക്കുന്ന ഒരാളാണെന്നും, ആയതിനാൽ, തിരുവനന്തപുരം ജില്ലാ കോടതിക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ 20(എ) വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആക്റ്റിന്റെ 34(1) വകുപ്പിൻകീഴിൽ അപേക്ഷ പരിഗണിക്കാനുള്ള പ്രാദേശിക അധികാരപരിധി ഉണ്ട് എന്ന് തർക്കിച്ചു.

6. മേൽപ്പറഞ്ഞ തർക്കത്തിൽ ഞങ്ങൾ യാതൊരു യോഗ്യതയും കണ്ടെത്തുന്നില്ല. ആർബിട്രേഷൻ അപ്പീൽ നം.8/2007-ന്റെ സന്ദർഭം, ആർബിട്രേഷൻ വേദി നിയോഗിക്കുന്നത് ഒരു പ്രത്യേക അധികാരപരിധി ഖണ്ഡത്തിന് സമാനമാണ് എന്നതാണ്. [കാണുക: **ഇൻഡസ് മൊബൈൽ ഡിസ്ട്രിബ്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് Vs ഡാറ്റാവിൻഡ് ഇവേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്**: (മനു/എസ്‌സി/0456/2017: എ ഐ ആർ 2017 എസ്‌സി 2105)]

7. ഇൻഡസ് മൊബൈൽ (മുകളിലെ) പ്രതിപാദിച്ച തത്വം പരമോന്നത കോടതി **എംകെയ് ഗ്ലോബൽ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് Vs ഗിരിധർ സോന്ധി-യിൽ** (മനു/എസ്‌സി/0875/2018:എഐആർ 2018 എസ്‌സി 3894) ആവർത്തിച്ചിട്ടുണ്ട്.

8. **ബ്രിട്ടാനിയ ഇൻഡസ്ട്രീസ് ലിമിറ്റഡ് Vs ഈശ്വരൻ-ലും** [മനു/കെഇ 1674/2018:2018 (3) കെഎച്ച്സി 574] **ശശിധരൻ Vs സുന്ദരം ഫിനാൻസ് ലിമിറ്റഡ്-ലും** [മനു/കെഇ/1790/2018:2018(3)കെഎച്ച്സി 638] ഈ കോടതി ഇൻഡസ് മൊബൈൽ (മുകളിലെ) പിന്തുടർന്നിട്ടുണ്ട്.

9. മേൽ പരാമർശിച്ച തീരുമാനങ്ങളുടെ വെളിച്ചത്തിൽ, ആക്റ്റിന്റെ 34(1) വകുപ്പ് പ്രകാരം അപ്പീൽവാദി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് ഉഡുപ്പിയിലെ ബന്ധപ്പെട്ട കോടതിക്ക് മാത്രം അധികാരപരിധിയുണ്ടെന്നാണ് നിഗമനം.

10. ഇപ്പോഴത്തെ ചോദ്യം സമയപരിധിയാണ്. 24-6-2000-ൽ ആയിരുന്നു ആർബിട്രേറ്റർ അവാർഡ് പുറപ്പെടുവിച്ചത്. ആക്റ്റിന്റെ 34(1) വകുപ്പ് പ്രകാരമുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ കോടതിയിൽ 21-5-2003-ൽ അപ്പീൽവാദി സമർപ്പിച്ചു. അതിനാൽ, ജില്ലാ ജഡ്ജി അപേക്ഷ സമയപരിധി കഴിഞ്ഞിട്ടുള്ളതാണെന്ന് കണ്ടെത്തി.

11. ആർബിട്രേഷൻ ആന്റ് കൺസീലിയേഷൻ ആക്റ്റിന്റെ 34(3) വകുപ്പ്, അപേക്ഷ നൽകിയിട്ടുള്ള വ്യക്തിക്ക് ആർബിട്രൽ അവാർഡ് സ്വീകരിച്ച തീയതി മുതൽ മൂന്നു മാസത്തിനു ശേഷമോ 33-ാം വകുപ്പ് പ്രകാരം അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ, ആർബിട്രൽ ട്രിബ്യൂണൽ ആ അപേക്ഷ തീർപ്പാക്കുന്ന തീയതി മുതലോ അസ്ഥിരപ്പെടുത്തുവാനുള്ള അപേക്ഷ നൽകുവാൻ കഴിയുകയില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത മൂന്നുമാസക്കാലയളവിനുള്ളിൽ അപേക്ഷ സമർപ്പി

ക്കുന്നതിന് അപേക്ഷകന് സാധിക്കാത്തതിന് മതിയായ കാരണമുണ്ടെന്ന് കോടതിക്ക് ബോധ്യപ്പെടുന്നപക്ഷം, അതിന് ആ അപേക്ഷ മറ്റൊരു മുപ്പത് ദിവസങ്ങൾക്കുള്ളിൽ പരിഗണിക്കാവുന്നതും, എന്നാൽ അതിനു ശേഷം പാടില്ലാത്തതാണെന്നുകൂടി വ്യവസ്ഥ ചെയ്യുന്നു.

12. നിലവിലെ കേസിൽ അപ്പീൽവാദിക്ക് ആർബിട്രൽ അവാർഡിന്റെ പകർപ്പ് ലഭിച്ചിട്ടില്ലെന്നു ഒരു വാദമുണ്ടായിരുന്നു. ആക്റ്റിന്റെ 34(1) വകുപ്പിൻകീഴിൽ നൽകിയ അപേക്ഷയിൽ അയാളുടെ വാദം അയാൾക്ക് ഏതെങ്കിലും ആർബിട്രേഷൻ നടപടികളെക്കുറിച്ചോ അവാർഡ് പുറപ്പെടുവിച്ചതിനെ കുറിച്ചോ അറിവില്ല എന്നായിരുന്നു.

13. അവാർഡിന്റെ പകർപ്പ് അപ്പീൽവാദിക്ക് ലഭിച്ചിട്ടില്ലെന്നോ അയാൾക്ക് നൽകുകയോ അയയ്ക്കുകയോ ചെയ്തിട്ടില്ലെന്നോ ആക്റ്റിന്റെ 34(1)-ാം വകുപ്പിൻകീഴിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഒരു നിർദ്ദിഷ്ട ആരോപണവുമില്ല എന്നതു ശരിയാണ്. എന്നിരുന്നാലും, ജില്ലാ കോടതി, ആക്റ്റിന്റെ 34(1) വകുപ്പിൻകീഴിലുള്ള അപേക്ഷയിലെ ആരോപണങ്ങൾ മുഴുവനായി പരിഗണിക്കേണ്ടിയിരുന്നതും, ആർബിട്രൽ അവാർഡിന്റെ പകർപ്പ് അപ്പീൽവാദിക്ക് നൽകിയിട്ടുണ്ടോ ഇല്ലയോ എന്നും കണ്ടെത്തേണ്ടിയുമിരുന്നു. അവാർഡ് പുറപ്പെടുവിച്ച് ഏതാണ്ട് മൂന്നു വർഷത്തിനുശേഷം സമയപരിധി കഴിഞ്ഞ് അപേക്ഷ സമർപ്പിച്ചതെന്ന കാരണത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ് ജില്ലാ ജഡ്ജിയുടെ കണ്ടെത്തൽ. അപ്പീൽവാദിക്ക് അവാർഡിന്റെ പകർപ്പ് കിട്ടിയിട്ടുണ്ടോ എന്ന ചോദ്യം ജില്ലാ കോടതി പരിഗണിച്ചില്ല. എന്നിരുന്നാലും, അപ്പീൽവാദി, ആക്റ്റിന്റെ 34(1) വകുപ്പിൻകീഴിൽ ഫയൽ ചെയ്ത അപേക്ഷ പരിഗണിക്കാനുള്ള തിരുവനന്തപുരം ജില്ലാ കോടതിയുടെ അധികാരപരിധിയെപ്പറ്റി ഞങ്ങളുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, സമയപരിധിയെപ്പറ്റിയുള്ള തർക്കവിഷയം പുതുതായി പരിഗണിക്കുന്നതിനായി ആ കോടതിയിലേക്ക് റിമാൻഡ് ചെയ്യുന്നതിനുള്ള ഒരു പ്രശ്നവും ഉയരുന്നില്ല.

14. മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ, അപ്പീൽ നിരസിക്കാൻ ബാദ്ധ്യസ്ഥമാകുന്നു. തൽഫലമായി, അപ്പീൽ തള്ളി. ചെലവില്ല.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ. ഹരിലാൽ

&

ബഹു. ജസ്റ്റിസ് ആനി ജോൺ

ബിനു കുമാർ

Vs

എ. അനുശ്രീ

മാട്രിമോണിയൽ അപ്പീൽ നമ്പർ 828/2018

2019 ജൂൺ 26-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**സ്ഥിരമായി കുറ്റപ്പെടുത്തുന്ന സ്വഭാവം, അവഗണന, നിസ്സംഗത, സാധാരണഗതിയിലെ വൈവാഹിക അവകാശത്തിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കൽ എന്നിവ മാനസിക ആരോഗ്യത്തെ മുറിവേൽപ്പിക്കുകയോ അഥവാ ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്നതോ മാനസിക പീഢനമാകുന്നതാണ്. മാനസിക പീഢനം എന്നത് മനസ്സിന്റെ ഒരു അവസ്ഥയാണ്. ദമ്പതികളിലൊരാൾക്ക് മറ്റേയാളുടെ പ്രവൃത്തിമൂലം ദീർഘകാലമായി ഉണ്ടായിട്ടുള്ള അഗാധമായ ദുഃഖം, നിരാശ, ഇച്ഛാഭംഗം എന്നിവ മാനസിക പീഢനത്തിലേക്ക് നയിക്കാവുന്നതാണ്.**

വിധിന്യായം

ജസ്റ്റിസ് കെ. ഹരിലാൽ

1. അപ്പീൽവാദി എതിർകക്ഷിയുടെ ഭർത്താവ് ആണ്. എതിർകക്ഷി അപ്പീൽവാദിയുമായുള്ള വിവാഹബന്ധം വേർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പീഢന ക്കുറ്റം ആരോപിച്ചുകൊണ്ട് ഹിന്ദു വിവാഹ നിയമത്തിലെ 13(1) (i) വകുപ്പ് പ്രകാരം തിരുവനന്തപുരം കുടുംബ കോടതിയിൽ ഒ.പി. നമ്പർ 1302/2013 ഫയൽ ചെയ്തു. വിവാഹബന്ധം വേർപ്പെടുത്തണമെന്ന ആവശ്യം എതിർകക്ഷി എതിർക്കുകയും ഇരുകക്ഷികളും ഹാജരാക്കിയ തെളിവുകൾ പരിഗണിച്ച ശേഷം കുടുംബകോടതി അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹബന്ധം വേർപ്പെടുത്തിക്കൊണ്ട് ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും പുറപ്പെടുവിച്ചു. കുടുംബകോടതി വിവാഹബന്ധം വേർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിലെ കണ്ടെത്തലുകളുടെ നിയമസാധുതയും കൃത്യതയും ആണ് ഈ അപ്പീലിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്.

2. കേസിലെ വസ്തുതകൾ ചുരുക്കത്തിൽ താഴെ ഗ്രഹിക്കാം. അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം 2-2-2012-ൽ നടന്നു. വിവാഹസമയത്ത് അപ്പീൽവാദി ജപ്പാനിൽ ജോലി ചെയ്തു വരികയായിരുന്നു. വിവാഹത്തിന് മുൻപ് ജോലി ചെയ്തിരുന്ന ജപ്പാനിലേക്ക് വിവാഹശേഷം എതിർകക്ഷിയെ കൊണ്ടു പോകാമെന്ന് അപ്പീൽവാദി എതിർകക്ഷിക്ക് വാഗ്ദാനം നൽകിയിരുന്നു. അപ്പീൽവാദിയും എതിർകക്ഷിയും 11-2-2012 വരെ ഒരുമിച്ച് താമസിക്കുകയും 11-2-2012-ൽ അപ്പീൽവാദി ജപ്പാനിലേക്ക് മടങ്ങുകയും ചെയ്തു. 14-2-2012-ൽ എതിർകക്ഷി അപ്പീൽവാദിയുടെ

മാതാപിതാക്കൾ താമസിക്കുന്ന ഡൽഹിയിലേക്ക് പോയി. വിവാഹസമയത്ത് എതിർകക്ഷിക്ക് 60 പവന്റെ സ്വർണ്ണം നൽകിയിരുന്നതും എതിർകക്ഷി സ്വർണ്ണാഭരണങ്ങൾ അവളുടെ കൈവശം വയ്ക്കുന്നത് സുരക്ഷിതമല്ല എന്ന് പറഞ്ഞുകൊണ്ട് അപ്പീൽവാദിയുടെ മാതാപിതാക്കൾ പ്രസ്തുത സ്വർണ്ണാഭരണങ്ങൾ കൈവശപ്പെടുത്തുകയുണ്ടായി. ഒരു മാസത്തിനുശേഷം, അപ്പീൽവാദിയുടെ മാതാപിതാക്കൾ ഹർജി കക്ഷിയോട് 5,00,000 രൂപ പോക്കറ്റ് മണിയായോ തിരുവനന്തപുരത്ത് ഒരു വീടോ ലഭ്യമാക്കുന്നതിന് അവളുടെ മാതാപിതാക്കളോട് ആവശ്യപ്പെടുന്നതിന് പ്രേരിപ്പിച്ചു. എതിർകക്ഷി, അപ്പീൽവാദിയെ, അയാളുടെ മാതാപിതാക്കൾ 5,00,000/- രൂപയോ തിരുവനന്തപുരത്ത് വീടോ ആവശ്യപ്പെട്ടു എന്നറിയിച്ചപ്പോൾ, അയാളുടെ മാതാപിതാക്കളുടെ ആവശ്യം എതിർകക്ഷി അനുസരിക്കണമെന്ന് അപ്പീൽവാദി മറുപടി നൽകുകയുണ്ടായി. അപ്പീൽവാദിയുടെ മാതാപിതാക്കൾ എതിർകക്ഷിയോട് ക്രൂരമായി പെരുമാറിയിട്ടുള്ളതും അപ്പീൽവാദിയോട് സ്വതന്ത്രമായും സ്വാതന്ത്ര്യത്തോടെയും സംസാരിക്കുന്നതിനും അനുവദിച്ചില്ല. മാതാപിതാക്കളുടെ സാന്നിധ്യത്തിൽ മാത്രമേ അവളെ അപ്പീൽവാദിയുമായി ബന്ധപ്പെടാൻ അനുവദിച്ചിരുന്നുള്ളൂ. അപ്പീൽവാദിയുടെ മാതാപിതാക്കളോടല്ലാതെ മറ്റാരോടും ഇടപെടാൻ അവളെ അനുവദിച്ചിരുന്നില്ല. ഒടുവിൽ അവർ അവളെ ദേഹോപദ്രവം ഏൽപ്പിക്കുവാനും ആക്രമിക്കുവാനും തുടങ്ങി. അവർ അവളെ ഒരു ജോലിക്കാരിയായി മാത്രം കരുതി. അപ്പീൽവാദിയുടെ മാതാപിതാക്കൾ അവളുടെ മൊബൈൽ ഫോൺ കൈക്കലാക്കുകയും ആരെയും ഫോൺ വിളിക്കുവാൻ പോലും അനുവദിച്ചില്ല. സ്വന്തം മാതാപിതാക്കളോട് പോലും ബന്ധപ്പെടുവാൻ അവളെ അനുവദിച്ചില്ല. അങ്ങനെ, എതിർകക്ഷി അപ്പീൽവാദിയുടെ മാതാപിതാക്കളോടൊപ്പം രണ്ട് മാസം മാത്രം താമസിച്ചു. എന്നാൽ അവർ അവളെ മാനസികമായും ശാരീരികമായും പീഢിപ്പിച്ചു. മാതാപിതാക്കളുടെ ഭാഗത്ത് നിന്നുമുള്ള ക്രൂരതകൾ ആരോപിച്ചുകൊണ്ട് എതിർകക്ഷി നിരന്തരം അപ്പീൽവാദിയോട് പരാതിപ്പെട്ടിരുന്നെങ്കിലും അവൻ അവളുടെ സങ്കടങ്ങളോട് പ്രതികരിക്കാതിരിക്കുകയും, ഒടുവിൽ അവളുമായുള്ള ഇലക്ട്രോണിക് മാധ്യമം വഴിയുള്ള എല്ലാത്തരം ആശയവിനിമയങ്ങളും അവസാനിപ്പിക്കുകയും ചെയ്തു. അവസാനം, അവളുടെ പിതാവ് ഡൽഹിയിൽ വരികയും അവൾ പിതാവിനോടൊപ്പം അവളുടെ വീട്ടിലേക്ക് പോകുകയും ചെയ്തു. 13-4-2014-ൽ അത്യാവശ്യ വസ്ത്രങ്ങളും ഒരു മാലയും രണ്ട് വളകളും ഒരു ജോഡി കമ്മലും മാത്രം എടുത്തുകൊണ്ട് അവളുടെ വീട്ടിലേക്ക് പോയി. മേൽപ്പറഞ്ഞ ചുറ്റുപാടിൽ ആക്റ്റിലെ 13(1) (i) (എ) വകുപ്പിൻകീഴിൽ എതിർകക്ഷി പീഢന കാരണത്താൽ വിവാഹബന്ധം വേർപ്പെടുത്താൻ അപേക്ഷിച്ചു.

3. അപ്പീൽവാദി വിവാഹം വേർപ്പെടുത്തണമെന്ന ആവശ്യം എതിർത്തു. പത്രികയിലെ ആരോപണങ്ങൾ പ്രകാരം, ഒറിജിനൽ ഹർജിയിൽ വാദിച്ചിട്ടുള്ള വസ്തുതകൾ പൂർണ്ണമായും തെറ്റും അടിസ്ഥാനരഹിതവുമാണ്. എതിർകക്ഷിയോട് അയാളും അയാളുടെ മാതാപിതാക്കളും ക്രൂരതയോടെ പെരുമാറി എന്ന ആരോപണം അയാൾ നിഷേധിച്ചു. 2-2-2012-ന് വിവാഹം നടന്നു എന്നത് അയാൾ അംഗീകരിച്ചു. 2-2-2012 മുതൽ 11-2-2012 വരെ 9 ദിവസം മാത്രമാണ് അയാൾ എതിർകക്ഷിയോടൊപ്പം താമസിച്ചിട്ടുള്ളതെന്നും അതിനുശേഷം അയാൾ ജോലി ചെയ്യുന്ന ജപ്പാനിലേക്ക് പോയിട്ടുള്ളതാണെന്നും തുടർന്ന് എതിർകക്ഷി അയാളുടെ മാതാപിതാക്കളോടൊപ്പം ഡൽഹിയിലെ അവരുടെ ഫ്ളാറ്റിൽ 13-4-2012 വരെ താമസിച്ചിരുന്നുവെന്നുകൂടി അംഗീകരിച്ചു. എന്നാൽ, അയാളുടെ അഭിപ്രായത്തിൽ, പ്രസ്തുത കാലയളവിൽ അയാളുടെ മാതാപിതാക്കൾ എതിർകക്ഷിയോട് ഒരിക്കലും ക്രൂരതയോടെ പെരുമാറിയിട്ടില്ല. അവർ പരസ്പര സ്നേഹത്തോടെയും വാത്സല്യത്തോടെയും

സ്വരച്ചേർച്ചയുള്ള ഒരു ബന്ധത്തിൽ കഴിഞ്ഞിരുന്നു. അപ്പീൽവാദിയും എതിർകകഷിയും തമ്മിലുള്ള വൈവാഹിക ജീവിതത്തിൽ അപ്പീൽവാദിയുടെ മാതാപിതാക്കൾ ഇടപെട്ടിരുന്നില്ല. എതിർകക്ഷി അവളുടെ മാതാപിതാക്കളുടെ കൈയിലെ ഒരു കളിപ്പാട്ടം ആയിരുന്നു. അവളുടെ മാതാപിതാക്കളുടെ നിർദ്ദേശത്താലും ആവശ്യപ്രകാരവും അവൾ അയാളുടെ മാതാപിതാക്കളുടെ വീട് സ്വമേധയാ ഉപേക്ഷിച്ചു. 64 പവൻ സ്വർണ്ണാഭരണങ്ങൾ അയാളുടെ മാതാപിതാക്കളെ ഏൽപ്പിച്ചിരുന്നുവെന്നും ആയത് അവർ അവൾക്ക് തിരികെ നൽകിയില്ലായെന്നുമുള്ള ആരോപണം അയാൾ നിഷേധിച്ചു. അവർ തമ്മിൽ ഏത് രീതിയിലുള്ള ബന്ധപ്പെടലും അയാളുടെ മാതാപിതാക്കൾ തടഞ്ഞിരുന്നു എന്ന ആരോപണം അയാൾ നിഷേധിച്ചു. അയാളുടെ അഭിപ്രായത്തിൽ, എതിർകക്ഷിക്ക് ഭക്ഷണം നൽകിയില്ലെന്നും അവളെ ഇരുട്ടത്ത് പാർപ്പിച്ചുവെന്നും പറയുന്നത് തെറ്റാണ്, മറിച്ച് അവൾക്ക് പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നു. അയാളുടെ മാതാപിതാക്കൾ 5,00,000 രൂപ പോക്കറ്റ് മണിയായി ആവശ്യപ്പെട്ടുവെന്നതും അവളുടെ മാതാപിതാക്കളോട് തിരുവനന്തപുരത്ത് വീടും സ്ഥലവും സമ്മാനമായി ആവശ്യപ്പെടുന്നതിന് അവളെ പ്രേരിപ്പിച്ചു എന്നുമുള്ള ആരോപണം അയാൾ നിഷേധിച്ചു. അയാൾ അവളുമായി ടെലഫോൺ, ഇ-മെയിൽ, സ്കൈപ്പ് എന്നിവ മുഖാന്തിരം 2013 മാർച്ച് വരെ ബന്ധപ്പെട്ടിരുന്നു. ഒറിജിനൽ ഹർജി തള്ളണമെന്ന് അയാൾ അപേക്ഷിച്ചു.

4. മേൽപ്പറഞ്ഞ എതിർവാദഗതികളിൽ, എതിർകക്ഷിയുടെ ഭാഗത്ത് നിന്നും പി.ഡബ്ല്യൂ.1-ന്റെ വാക്കാൽ തെളിവും എക്സിബിറ്റ് എ1 മുതൽ എ5 വരെയുള്ള രേഖാമൂലമുള്ള തെളിവും അപ്പീൽവാദിയുടെ ഭാഗത്ത് നിന്നും സിപിഡബ്ല്യൂ 1 മുതൽ സിപിഡബ്ല്യൂ 3 വരെയുള്ള വാക്കാൽ തെളിവും എക്സിബിറ്റ് ബി1 മുതൽ ബി4 വരെയുള്ള രേഖാമൂലമുള്ള തെളിവുകളും അടങ്ങുന്ന തെളിവ് ഇരുകക്ഷികളും ഹാജരാക്കി. മേൽപ്പറഞ്ഞ തെളിവുകൾ പരിശോധിച്ച ശേഷം, കുടുംബകോടതി, അപ്പീൽവാദിയും അയാളുടെ മാതാപിതാക്കളും പീഢിപ്പിച്ചു എന്നത് തെളിയിക്കുന്നതിൽ എതിർകക്ഷി വിജയിച്ചു എന്ന് കണ്ടെത്തിയതിനെ തുടർന്ന് വിവാഹം വേർപെടുത്തിക്കൊണ്ട് ചോദ്യം ചെയ്യപ്പെട്ട വിധിന്യായവും ഉത്തരവും പുറപ്പെടുവിച്ചു.

5. അപ്പീൽവാദി/എതിർകക്ഷിക്കുവേണ്ടിയുള്ള അഭിഭാഷകനെയും എതിർകക്ഷി/ഹർജി കക്ഷിക്കുവേണ്ടി ഹാജരായ അഭിഭാഷകനെയും കേട്ടു.

6. അപ്പീൽവാദിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ, പീഢനത്തിന്റെ പേരിൽ വിവാഹമോചനം അനുവദിച്ചുകൊണ്ടുള്ള കുടുംബകോടതിയുടെ വിധിയിലെ കണ്ടെത്തലുകളെ എതിർത്തുകൊണ്ട് കൂടുതൽ വാദഗതികൾ മുന്നോട്ടുവച്ചിട്ടുള്ളതും അപ്പീൽവാദിയും എതിർകക്ഷിയും വിവാഹശേഷം വെറും ഒൻപത് ദിവസങ്ങൾ മാത്രം ഒരുമിച്ച് താമസിക്കുകയും അതിന് ശേഷം അപ്പീൽവാദി ഉദ്യോഗത്തിന് തിരികെ പ്രവേശിക്കുന്നതിന് ജപ്പാനിൽ പോയിട്ടുള്ളതാണെും വാദിച്ചു. അതുകൊണ്ട് പരാതിയിൽ ആരോപിച്ചിട്ടുള്ളതുപോലെ എതിർകക്ഷിയോട് ക്രൂരമായി പെരുമാറുന്നതിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. എതിർകക്ഷിക്ക്, അപ്പീൽവാദിയുമായി ഒരുമിച്ച് താമസിച്ചിട്ടുള്ള പ്രസ്തുത ഒൻപത് ദിവസക്കാലയളവിൽ, അപ്പീൽവാദിയുടെ ഏതെങ്കിലും തരത്തിൽ മോശമായ പെരുമാറ്റത്തെക്കുറിച്ച് യാതൊരു പരാതിയോ സങ്കടമോ ആരോപിച്ചിട്ടില്ലാത്തതിനാൽ അപ്പീൽവാദിക്കെതിരെ ഒരു തരത്തിലുമുള്ള പീഢനവും ക്രൂരതയുടെ കാരണത്താൽ വിവാഹമോചനത്തിന്റെ ഒരു വിധി കിട്ടുന്നതിന് ആരോപിക്കാനാവില്ല എന്ന് അപ്പീൽവാദിയുടെ അഭിഭാഷകൻ ബോധിപ്പിച്ചു. 13 (i) (എ) വകുപ്പിൽ അനുശാസിക്കുന്ന പ്രകാരം ശാരീരികമായോ മാനസികമായോ ഉള്ള ഒരു ക്രൂരത ഉണ്ടാകുന്നതിന് ദമ്പതികൾ ഒരു കൂരയ്ക്കുള്ളിൽ സഹവസിക്കേണ്ടതായുണ്ട് എന്ന് തർക്കിച്ചു. കൂടാതെ, മൊത്തത്തിലുള്ള ദാമ്പത്യ കാലയളവിൽ വിവാഹശേഷം തൊട്ടടുത്തുള്ള ഒൻപത് ദിവസങ്ങൾ ഒഴികെ

വിദേശത്ത് ജീവിക്കുകയായിരുന്ന ഭർത്താവിനെതിരെ ഒരു തരത്തിലുമുള്ള പീഢനവും ആരോപിക്കാനാകില്ലെന്നും അപ്പീൽവാദിക്ക് വേണ്ടിയുള്ള അഭിഭാഷകൻ നിരീക്ഷിച്ചു. ആയതിനാൽ ആക്റ്റിലെ 13(1) (i) (എ) വകുപ്പിൽ അനുശാസിക്കുന്ന പ്രകാരം ഉള്ള പീഢനം അപ്പീൽവാദിയുടെ ഭാഗത്ത് നിന്നും എതിർകക്ഷിക്ക് ഉണ്ടായതായി തെളിയിക്കുന്നതിന് മതിയായ തെളിവ് ഇല്ലാത്തതാണ്.

7. മറുവശത്ത്, ഒരേ മേൽക്കൂരയ്ക്ക് കീഴിലുള്ള സഹവാസത്തിന്റെ അഭാവത്തിൽ പോലും, ഭർത്താവ് വിദേശത്ത് ജോലി ചെയ്യുന്നെങ്കിലും ഭാര്യ അയാളുടെ മാതാപിതാക്കളോടൊപ്പം അയാളുടെ വീട്ടിൽ താമസിക്കുമ്പോൾ ഭാര്യയുടെ മനസ്സിൽ വേദനയുണ്ടാക്കാമെന്നതിനാൽ ക്രൂരത അനുമാനിക്കാൻ കഴിയും എന്ന് എതിർകക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ വാദിച്ചു. മേൽ പറഞ്ഞ തർക്കം ദൃഢപ്പെടുത്തുന്നതിനായി, അപ്പീൽവാദി ഹാജരാക്കിയ എക്സിബിറ്റ് ബി4 ജി-മെയിലിന്റെ അച്ചടി പകർപ്പിലേക്ക് ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതും എക്സിബിറ്റ് ബി4 വഴി തെളിയുന്ന അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള ആശയവിനിമയം അയാൾ മാനസിക പീഢനം ഉണ്ടാക്കി എന്ന ഒരു കണ്ടെത്തലിൽ എത്തിച്ചേരുന്നതിന് കൂടുതൽ പര്യാപ്തമാണ് എന്ന് തർക്കിച്ചു. അപ്പീൽവാദിയുടെ പെരുമാറ്റം കൊണ്ട് ഉണ്ടായിട്ടുള്ള മാനസിക വ്യഥ, വേദന, നിരാശ, മോഹഭംഗം, ഒറ്റപ്പെടൽ എന്നിവയെല്ലാം ബി4 ആശയവിനിമയത്തിൽ പ്രത്യക്ഷമായും പ്രകടമാകുന്നു. അഭിഭാഷകന്റെ അഭിപ്രായത്തിൽ, ആക്റ്റിന്റെ 13(1) (i) (എ) വകുപ്പിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരമുള്ള മാനസിക പീഢനം സ്ഥാപിക്കുന്നതിന് വൈവാഹിക കാലയളവിൽ ഒരു കൂരയ്ക്ക് കീഴിൽ സഹവസിക്കണം എന്നത് അത്യാവശ്യമല്ല.

8. അംഗീകരിച്ചിട്ടുള്ള വസ്തുതകൾ ഇനിപ്പറയുന്ന രീതിയിൽ സംഗ്രഹിക്കാം:

അപ്പീൽവാദിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം നടന്നത് 2-12-2012-ൽ ആണ്. എതിർകക്ഷിയും അപ്പീൽവാദിയും തൊഴിൽപരമായി എഞ്ചിനീയർമാരാണ്. വിവാഹ സമയത്ത് അപ്പീൽവാദി ജപ്പാനിൽ ജോലിചെയ്തു വരികയായിരുന്നു. വിവാഹം കഴിഞ്ഞ് 9 ദിവസങ്ങൾക്ക് ശേഷം 11-2-2012-ൽ എതിർകക്ഷിയെ അവളുടെ മാതാപിതാക്കളോടൊപ്പം തിരുവനന്തപുരത്തെ വീട്ടിൽ ആക്കിയ ശേഷം അയാൾ ജപ്പാനിലേക്ക് പോയി. 14-2-2012-ൽ എതിർകക്ഷി അവളുടെ മാതാപിതാക്കൾക്കും അപ്പീൽവാദിയുടെ മാതാപിതാക്കൾക്കും ഒപ്പം അപ്പീൽവാദിയുടെ മാതാപിതാക്കൾ സ്ഥിരമായി താമസിക്കുന്ന ഡൽഹിക്ക് പോയി. അങ്ങനെ 16-2-2012 മുതൽ എതിർകക്ഷി അപ്പീൽവാദിയുടെ മാതാപിതാക്കൾക്ക് ഒപ്പം താമസിച്ചു തുടങ്ങി. അവൾ അപ്പീൽവാദിയുടെ മാതാപിതാക്കൾക്ക് ഒപ്പം അവരുടെ ഡൽഹിയിലെ ഫ്ളാറ്റിൽ താമസിച്ചുവന്നതും 13-4-2012-ൽ അവരുമായുള്ള സഹവാസം അവസാനിപ്പിച്ച് മടങ്ങിയിട്ടുള്ളതുമാണ്. അതിനുശേഷം വിവാഹബന്ധം വേർപ്പെടുത്തുന്നതിനുള്ള ഒരു ഡിക്രി തേടിക്കൊണ്ട് 23-8-2013-ൽ ഒറിജിനൽ ഹർജി സമർപ്പിച്ചു.

9. എതിർകക്ഷിയെ സംബന്ധിച്ചിടത്തോളം 16-2-2012-നും 13-4-2012-നും ഇടയിലുള്ള ചുരുങ്ങിയ 2 മാസക്കാലയളവിൽ അപ്പീൽവാദിയുടെ മാതാപിതാക്കൾ മാനസിക വ്യഥ, വേദന, നിരാശ, മോഹഭംഗം എന്നിവ അവളുടെ മനസ്സിൽ ഉണ്ടാക്കിക്കൊണ്ട് ക്രൂരതയോടെ പെരുമാറിയിട്ടുള്ളതും ഇത് അസഹനീയമായപ്പോൾ അവൾ 13-4-2012-ൽ ഡൽഹി ഉപേക്ഷിച്ചു. അപ്പീൽവാദി വിദേശത്ത് താമസിക്കുകയാണെങ്കിൽ കൂടി അവളുടെ സങ്കടങ്ങളോട് കാണിച്ചിട്ടുള്ള നിർജ്ജീവമായി നിശബ്ദത ഉത്തരവാദിത്തമില്ലായ്മ, അലസ മനോഭാവം എന്നിവ മൂലം അവൾക്ക് മാനസിക വ്യഥ, വേദന, നിരാശ, മോഹഭംഗം എന്നിവ ഉണ്ടാകുന്നതിന് കാരണമായിട്ടുള്ളതാണ്.

10. അപ്പീൽവാദിയുടെ മാതാപിതാക്കൾ അവളോട് ക്രൂരമായി പെരുമാറിയപ്പോൾ എതിർകക്ഷി അതതുസമയം ഇ-മെയിൽ, സ്കൈപ്പ് മുതലായവ മുഖാന്തിരം അപ്പീൽ വാദിയെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ അയാൾ അവളുടെ സങ്കടങ്ങളോടും പരാതി കളോടും പ്രതികരിക്കാതിരിക്കുകയും ക്രമേണ അവളോടുള്ള ആശയവിനിമയ ത്തിന് വിമുഖത കാട്ടി തുടങ്ങുകയും ചെയ്തു. ഒടുവിൽ അപ്പീൽവാദി സ്കൈപ് വഴിയുള്ള ബന്ധം തടഞ്ഞുകൊണ്ടും ഫോൺ വിളിക്കുമ്പോൾ എടുക്കാതെയും ഇ-മെയിലിന് പ്രതികരിക്കാതെയും അവളു മായുള്ള ബന്ധം ഉപേക്ഷിച്ചിട്ടുള്ളതാണ്. ചുരുക്കത്തിൽ, അപ്പീൽവാദി മനഃപൂർവ്വം അയാളുടെ ഭാര്യയുടെ സങ്കടങ്ങ ളോടും പരാതികളോടും നിശബ്ദത പാലിച്ചിട്ടുള്ളതാണ്.

11. മേൽ പറഞ്ഞ വസ്തുതകൾ തെളിയി ക്കുന്നതിനായി എതിർകക്ഷിയെ പി.ഡബ്ല്യൂ.1 ആയി വിസ്തരിച്ചു. ഒറിജിനൽ ഹർജിയിലെ മേൽപ്പറഞ്ഞ ആരോപണങ്ങൾക്കനുസൃത മായി അവൾ സാക്ഷി പറഞ്ഞു. അവളെ വിശദമായി എതിർ വിസ്താരം ചെയ്തു. സാധ്യതയുടെ മുൻതൂക്കത്തിന്റെ മാനദണ്ഡ പ്രകാരം വാക്കാൽ തെളിവ് പരിശോധിക്കു കയും വിലയിരുത്തുകയും ചെയ്തശേഷം പി.ഡബ്ല്യൂ.1-ന്റെ വാക്കാൽ തെളിവ് കുടുംബകോടതി വിശ്വാസത്തിലെടുത്തു. പി.ഡബ്ല്യൂ. 1-നെ എതിർവിസ്താരം ചെയ്ത പ്പോൾ, അവളുടെ മൊഴിയിൽ അവിശ്വസ നീയമായതും വിശ്വാസയോഗ്യമല്ലാത്തതു മായ ഒന്നുംതന്നെ പുറത്തു കൊണ്ടുവരാൻ സാധിച്ചിട്ടില്ല എന്നത് കുടുംബകോടതി പ്രത്യേകം നിരീക്ഷിച്ചു. ഞങ്ങൾ പി.ഡബ്ല്യൂ.1-ന്റെ വാക്കാൽ തെളിവ് സാക്ഷ്യം അതീവശ്രദ്ധയോടെ വായിച്ചിട്ടുള്ളതും അവൾ ചീഫ് വിസ്താരത്തിലും എതിർ വിസ്താരത്തിലും അവളുടെ പ്രസ്താവ ങ്ങളിൽ ഉറച്ചുനിൽക്കുന്നതായി കണ്ടെത്തു കയും ചെയ്തു. അവളുടെ വാക്കാൽ തെളിവ് വിശ്വാസയോഗ്യമല്ലാതാക്കുന്ന ഒന്നുംതന്നെ പുറത്തു കൊണ്ടുവരാൻ സാധിച്ചിട്ടില്ലാത്തതാണ്.

12. അപ്പീൽവാദി, എതിർകക്ഷിക്ക് അയച്ച എക്സിബിറ്റ് ബി4 ഇ-മെയിലിന്റെ പകർപ്പ് നിർണ്ണായകവും അതുപോലെ ഖണ്ഡിത മായ തെളിവാകുന്നതും, ആയതിൽ നിന്നും എതിർക്ഷിയുടെ മനസ്സ് നമുക്ക് വായിക്കാൻ കഴിയുന്നതുമാണ്. എക്സിബിറ്റ് ബി4, 14-3-2012 മുതൽ 4-3-2013 വരെയുള്ള എതിർകക്ഷിയുടെ മനസ്സ് ഇപ്രകാരം വായിക്കുന്നു:

- വിവാഹ നിശ്ചയത്തിനും വിവാഹ ത്തിനും ഇടയിൽ സ്കൈപ്പിൽ കൂടിയുള്ള ദിവസങ്ങൾ നിങ്ങൾ ഓർക്കുന്നു എന്നു പ്രതീക്ഷിക്കുന്നു. ഇപ്പോൾ സ്കൈപ് ബന്ധങ്ങൾ ബ്ലോക്ക് ചെയ്തു. ഞാൻ നിങ്ങളെ പൂർണ്ണമായി വിശ്വസിക്കുമ്പാൾ നിങ്ങൾ എന്നോട് ഇത്തരത്തിൽ പെരുമാറു ന്നത് എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ ഓർക്കുമെന്ന് പ്രത്യാശിക്കുന്നു.

- ഒരു വിവാഹം എന്നതിൽ ഉപരി, നിങ്ങൾ ആഗ്രഹിച്ചത് നിങ്ങളുടെ ഡൽഹി യിലെ വീട്ടിൽ മാതാപിതാക്കളെ പരിചരി ക്കാൻ ഒരു ജോലിക്കാരിയെയാണ്. നിങ്ങളുടെ അച്ഛൻ പറഞ്ഞത്, അയാൾ 6 മാസത്തെ പരിശീലനം തരുമെന്നും അതിനുശേഷം മാത്രമെ നിങ്ങളുടെ അടുത്തേക്ക് എന്നെ അയയ്ക്കുകയുള്ളൂ എന്നാണ്.

- നിങ്ങൾക്ക് ഇഷ്ടമെന്ന് തോന്നുമ്പോൾ മാത്രം എന്നോട് സംസാരിക്കുക, പിന്നീട് മാസങ്ങളോളം നിശ്ശബ്ദത പാലിക്കുക. ഈ വിവാഹത്തിന് പിന്നിൽ നിങ്ങളുടെ ഉദ്ദേശ്യം എന്തായിരുന്നു. നിങ്ങളുടെ മാതാപിതാക്ക ളുടെ ആവശ്യങ്ങൾക്ക് ശമ്പളമില്ലാത്ത ജോലിക്കാരിയെയോ, ഞാൻ മരിച്ചോ ജീവിച്ചിരിപ്പുണ്ടോ എന്ന് എപ്പോഴെങ്കിലും തിരക്കിയിട്ടുണ്ടോ?

- ഞങ്ങളുടെ ഇ-മെയിലുകൾക്ക് നിങ്ങൾ പ്രതികരിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ അച്ഛനോടും സഹോദരനോടും മാത്രമേ പ്രതികരിക്കുകയുള്ളോ.

• നിങ്ങൾ ഞാനോ എന്റെ മാതാപിതാക്കളോ ഫോണിൽ വിളിച്ചാൽ എടുക്കാറില്ല. ഞാൻ നിങ്ങളുടെയും നിങ്ങളുടെ മാതാപിതാക്കളുടെയും വാക്കുകൾ അന്ധമായി വിശ്വസിച്ചു. ഇപ്പോൾ എന്താണ് സത്യം എന്താണ് അസത്യം എന്ന് മനസ്സിലായി. ഓർക്കുക, ഓടിയൊളിക്കുന്നത് ഒരു ഉത്തരമല്ല. ഭീരുക്കളാണ് അത് ചെയ്യുന്നത്. എനിക്കെന്തെങ്കിലും സംഭവിച്ചാൽ നിങ്ങളും നിങ്ങളുടെ കുടുംബവും മാത്രമാണ് ഉത്തരവാദികൾ. ഞാൻ നിങ്ങളെ എന്റെ കൈയിലുള്ള പഴയ നമ്പരിൽ വിളിക്കാൻ ശ്രമിച്ചപ്പോൾ അത് വോയിസ് മെയിലിൽ പോയി. ദയവായി എന്നെ തിരികെ വിളിക്കുക അല്ലെങ്കിൽ എനിക്ക് നിങ്ങളെ കിട്ടുന്ന നമ്പർ തരിക.

• ഞാൻ വിളിക്കുമ്പോൾ പ്രതികരിക്കാതിരിക്കാൻ നിങ്ങൾക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ. നിങ്ങളുടെ ദൈനംദിന കാര്യങ്ങൾ മെയിൽ വഴി എന്നെ അറിയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ചോദിക്കുന്നതിൽ ക്ഷമിക്കണം, പക്ഷേ നിങ്ങളെക്കൊണ്ട് അത് ചെയ്യിക്കാൻ ആ ഒരു മാർഗ്ഗമേ ഉള്ളൂ. അത് ആവശ്യമില്ല എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടെങ്കിൽ ഒരു പ്രശ്നവുമില്ല. നിങ്ങൾ നിങ്ങളുടെ ലോകത്ത് കഴിഞ്ഞോളൂ.

• നിങ്ങളോട് സംസാരിക്കേണ്ട ആവശ്യമുണ്ട്. നമുക്ക് എപ്പോൾ സംസാരിക്കാൻ കഴിയും.

• കൃത്യമായ പ്രശ്നം എന്താണെന്നും എവിടെയാണെന്നും പോലും എനിക്ക് മനസ്സിലാകുന്നില്ല.

• നിങ്ങൾ സംസാരിക്കാൻ പോലും ആഗ്രഹിക്കാത്തത് എന്തെന്ന് മനസ്സിലാകുന്നില്ല.

• ഈ രീതിയിൽ പ്രതികരിക്കുമെന്ന് പ്രതീക്ഷിച്ചതേ ഇല്ല.

13. എതിർകക്ഷി അപ്പീൽവാദിക്ക് അയച്ച മേൽ പറഞ്ഞ ഇ-മെയിലുകൾ ഞങ്ങൾ അതീവ ശ്രദ്ധയോടെ വായിച്ചു. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ കത്തുകളിൽ നിന്നും എതിർകക്ഷിയുടെ മുറിവേറ്റ മനസ്സ് വായിച്ചെടുക്കാവുന്നതാണ്. വിവാഹ മോചനത്തിനായി തീരുമാനം എടുക്കുന്നതിന് മുമ്പാണ് ഈ കത്തുകൾ അയച്ചിട്ടുള്ളത്. അവസാനത്തെ കത്ത് അയച്ച 4-3-2013-ൽ പോലും ഈ വിവാഹബന്ധം പുനരാരംഭിക്കാമെന്ന് അവൾക്ക് പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ അയാൾ സ്കൈപ്പ് ബ്ലോക്ക് ചെയ്യുകയും ഫോൺ വിളിക്കുമ്പോൾ എടുക്കാതിരിക്കുകയും ഇ-മെയിലുകളോട് പ്രതികരിക്കാതിരിക്കുകയും ചെയ്തു. ചുരുക്കത്തിൽ ഭാര്യയുടെ സങ്കടങ്ങളോടും പരാതികളോടും അയാൾ മൗനം പാലിച്ചിട്ടുള്ളതാണ്.

14. മുകളിലെ സന്ദർഭത്തിൽ, തീരുമാനിക്കേണ്ട ചോദ്യം:

• ഭർത്താവിന്റെ ബന്ധുക്കൾക്ക് ഒപ്പം താമസിക്കുന്ന ഭാര്യയോട് വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവ് ദീർഘകാലമായി നിശ്ശബ്ദത പാലിക്കുന്നു എന്നത് വിവാഹം അവസാനിപ്പിക്കുന്നതിന് കാരണമായ ക്രൂരതയുടെ പരിധിയിൽ വരുമോ.

• അതോ ഒരു കൂരയ്ക്ക് കീഴിൽ ദമ്പതികൾ ഒരുമിച്ച് താമസിക്കവെ ശാരീരികമായ ആക്രമണമോ അതോ വാക്കുകൾ കൊണ്ടോ എന്തെങ്കിലും പ്രകടമായ പ്രവൃത്തിയോ വൈവാഹിക നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള വൈവാഹിക ക്രൂരത സ്ഥാപിക്കുന്നതിന് ആവശ്യമുണ്ടോ.

15. സമർഘോഷ് Vs ജയഘോഷ് [മനു/എസ്സി/1386/2007: (2007) 2കെഎച്ച്സി 231] (2007) 4 എസ്സിസി 511: ജെ.റ്റി 2007 (5) എസ്സി 569 2007 (2) കെഎൽറ്റി എസ് എൻ 76]-ൽ സുപ്രീംകോടതി, വിവിധ നിയമങ്ങളിൽ, വിവാഹബന്ധം വേർപ്പെടുത്തുന്നതിന്, ഒരു കാരണമായി പറഞ്ഞിട്ടുള്ള 'ക്രൂരത' എന്ന പദപ്രയോഗം കൈകാര്യം ചെയ്തപ്പോൾ, 79, 80 ഖണ്ഡികകളിൽ, ഒരു ഏകീകൃത മാനദണ്ഡം ഒരിക്കലും മാർഗ്ഗനിർദ്ദേശത്തിനായി പ്രതിപാദിച്ചിട്ടില്ലാത്തതും, എന്നിരുന്നാലും മനുഷ്യരുടെ പെരുമാറ്റത്തിന്റെ ചില ഉദാഹരണങ്ങൾ വിവരിക്കുമ്പോൾ,

'മാനസിക ക്രൂരത'യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് അവ പ്രസക്തമാകാമെന്നതിനാൽ ഉചിതമെന്ന് നമ്മൾ കരുതുന്നു. അതിനുശേഷം സുപ്രീം കോടതി സമഗ്രമായതല്ലെങ്കിലും ചില ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. ഒരു ഉദാഹരണത്തിന്, സുപ്രീം കോടതി പറഞ്ഞിട്ടുള്ളത് സ്ഥിരമായി കുറ്റപ്പെടുത്തുന്ന സ്വഭാവം, അവഗണന, നിസ്സംഗത, സാധാരണ ഗതിയിലെ വൈവാഹികാവകാശത്തിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കൽ എന്നിവ മാനസിക ആരോഗ്യത്തെ മുറിവേല്പിക്കുകയോ അഥവാ ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്നതോ മാനസിക പീഢനമാകുന്നതാണ്. മാനസിക പീഢനം എന്നത് മനസ്സിന്റെ ഒരു അവസ്ഥയാണ്. ദമ്പതികളിലൊരാൾക്ക് മറ്റേയാളുടെ പ്രവൃത്തി മൂലം ദീർഘകാലമായി ഉണ്ടായിട്ടുള്ള അഗാധമായി ദുഃഖം, നിരാശ, ഇച്ഛാഭംഗം എന്നിവ മാനസിക പീഢനത്തിലേയ്ക്ക് നയിക്കാവുന്നതാണ്.

16. മേൽ നിരീക്ഷണത്തിൽ, മാനസിക വ്യഥയോ അല്ലെങ്കിൽ ഏതെങ്കിലും നിന്ദ്യമായ പ്രവൃത്തി മൂലം മാനസികാരോഗ്യത്തിന് മുറിവ് ഏല്പിക്കുന്നതോ ക്രൂരത ആയിരിക്കും, അത്തരം നിന്ദ്യമായ പെരുമാറ്റം, ശാരീരികമായ ആക്രമണമോ ദമ്പതികളിലൊരാൾ മറ്റേയാളെ വാക്കുകൾ കൊണ്ട് മനസ്സിന് മുറിവേല്പ്പിക്കുന്നതിലോ പരിമിതപ്പെടുത്തുന്നില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ, ചില സമയത്തെ ദീർഘകാലത്തെ നിർജ്ജീവമായ നിശ്ശബ്ദത വാചാലവും വേദനാജനകവും ആണ്, അതുപോലെ തന്നെ ദമ്പതികളിലൊരാൾ മറ്റേയാളോട് അസാധാരണമായും പ്രതീക്ഷിക്കാവുന്ന വൈവാഹിക മാനദണ്ഡങ്ങൾക്ക് താഴെയായും പെരുമാറുന്നതും മറ്റേയാൾ സഹിക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കാൻ കഴിയില്ല. പരസ്പരമുള്ള വൈവാഹിക പരിഗണനയും ദയയും വിവാഹത്തിൽ പ്രതീക്ഷിക്കപ്പെടുന്ന മാനദണ്ഡങ്ങളാണ്. അതുകൊണ്ട് ദമ്പതികളിലൊരാൾ മനഃപൂർവ്വം അവർക്കിടയിലെ ആശയവിനിമയം നിർത്തുന്നത്, പ്രത്യേകിച്ചും മറ്റേയാൾ ഭർത്താവിന്റെ ബന്ധുക്കളാൽ മാനസിക വ്യഥയും കഠിനദുഃഖവും അനുഭവിക്കുമ്പോൾ കഠിനമായ വാക്കുകൾ കൊണ്ട് സംസാരിക്കുന്നതിനേക്കാൾ മുറിവേല്പിക്കുന്നതും വേദനാജനകവുമാണ്; ആയതിനാൽ, ഒരു കൂരയ്ക്ക് കീഴിൽ താമസിക്കവേ ഉണ്ടാകുന്ന ശാരീരികമായ ആക്രമണമോ വാക്കുകളോ വൈവാഹിക ക്രൂരത ആകുന്നതിന് എല്ലാ കേസുകളിലും ആവശ്യമായ ഘടകമല്ലാത്തതും, എന്നാൽ ബന്ധുക്കളുടെ മോശമായ പെരുമാറ്റം സഹിച്ച് കഴിയുന്ന ഭാര്യയോട് വിദേശത്ത് ജോലി ചെയ്യുന്ന ഭർത്താവിന്റെ ഭാഗത്ത് നിന്നുള്ള ദീർഘകാലമായുള്ള നിർജ്ജീവമായ നിശ്ശബ്ദത വൈവാഹിക ക്രൂരത ആകുന്നതുമാണ്.

17. അയാളുടെ ഭാര്യ അയാളുടെ മാതാപിതാക്കളുടെ ഭാഗത്തുനിന്നുമുള്ള മോശമായ പെരുമാറ്റം കൊണ്ട് വിഷമിക്കുമ്പോൾ അപ്പീൽവാദി നിശ്ശബ്ദത പാലിക്കുകയും ബധിരനും മൂകനുമായി നടിയ്ക്കുകയും ചെയ്തിട്ടുള്ളത് ഞങ്ങൾ ഇതിനകം കണ്ടെത്തി. മാതാപിതാക്കളുടെ ഭാഗത്ത് നിന്നും അത്തരത്തിലുള്ള മോശമായ പെരുമാറ്റം അയാൾ അറിഞ്ഞിരുന്നില്ല എന്ന് അയാൾക്ക് കേസില്ല. അയാളുടെ നിശ്ശബ്ദത മനഃപൂർവ്വം പീഢിപ്പിക്കുന്ന ഒന്നായിരുന്നുവെന്ന് എക്സിബിറ്റ് ബി4-ൽ നിന്നും തെളിയുന്നു.

18. മേൽവീക്ഷണം, അപ്പീൽവാദിയെ ആർ.ഡബ്ല്യൂ.1 ആയി വിസ്തരിച്ചപ്പോൾ അയാളുടെ ഭാഗത്തുനിന്നും അംഗീകരിച്ച വസ്തുതകൾ പിന്തുണച്ചു. ഒമ്പത് ദിവസം മാത്രമാണ് ഒരുമിച്ച് ജീവിച്ചതെന്നും ഭാര്യയെ മാതാപിതാക്കൾക്ക് ഒപ്പം വിട്ടശേഷം ജപ്പാനിലേക്ക് പോയി എന്നതും സമ്മതിച്ചിട്ടുള്ളതാണ്. അയാളുടെ മാതാപിതാക്കളുടെ പെരുമാറ്റം സഹിക്കാനാവാത്തതിനെ തുടർന്ന് അവരോടൊപ്പമുള്ള സംസർഗ്ഗം വിട്ട് അവൾ സ്വന്തം മാതാപിതാക്കൾക്ക് ഒപ്പം തിരുവനന്തപുരത്ത് താമസിച്ചു തുടങ്ങി. അതിനുശേഷം അവളുടെ സങ്കടങ്ങളും മനസ്സിലെ ആശങ്കകളും വിവരിച്ചുകൊണ്ട് നിരവധി ഇ-മെയിലുകൾ അയച്ചു. 2012-ലും 2013-ലും അയാൾ ഇന്ത്യയിൽ ഔദ്യോഗിക കാര്യങ്ങളുമായി വരികയും ഡൽഹിയും ചെന്നൈയും സന്ദർശിച്ചിട്ടുള്ളതുമാണെന്ന വസ്തുത

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ അയാളുടെ ഭാര്യയെ തിരുവനന്തപുരത്തു വച്ചു കാണുന്നതിനോ അവളെ ചെന്നൈയിലേയ്ക്കോ ഡൽഹിയിലേയ്ക്കോ വിളിക്കുന്നതിനോ ഒരു ശ്രമവും നടത്തിയിട്ടില്ലാത്തതാണ്. അയാളുടെ സന്ദർശനത്തെക്കുറിച്ച് അയാൾ അവളെ അറിയിച്ചില്ല. ആ വിഷയത്തിൽ എതിർ വിസ്താരം നടത്തിയപ്പോൾ ജപ്പാൻകാർ കുടുംബകാര്യങ്ങൾ ഔദ്യോഗിക കാര്യങ്ങളുമായി കൂട്ടിക്കലർത്തില്ല എന്ന് അയാൾ മറുപടി പറഞ്ഞു. അതുകൊണ്ട് ജപ്പാൻ സംസ്കാരം മാതാപിതാക്കളെ പോലും സന്ദർശിക്കുന്നതിന് അനുവദിക്കുന്നില്ല എന്ന അപ്പീൽവാദിയുടെ മേൽ വിവരണം ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. ഭാര്യ ഒരു യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിൽ വളർന്നുവന്ന ഒരു ഭാരതീയ സ്ത്രീ ആണെന്നും അവളുടെ ചേതോവികാരങ്ങൾ പരിഗണിക്കേണ്ട ബാധ്യത അയാൾക്കുണ്ട് എന്നുമുള്ള വസ്തുത അപ്പീൽവാദി മറക്കാൻ പാടില്ലാത്തതാണ്. അതുകൂടാതെ, മേൽ വീക്ഷണം പൂർണ്ണമായും ഇന്ത്യൻ സംസ്കാരത്തിനും കുടുംബബന്ധത്തിനും എതിരാണ്.

19. ഞങ്ങളുടെ അഭിപ്രായത്തിൽ, ദമ്പതികളുടെ മനസ്സിലെ സംഭോഗത്തിനുള്ള ദാഹം വൈവാഹികപരമായ അമിതവികാരം മാത്രമല്ല അത് വിവാഹബന്ധത്തിൽ നിലനിൽക്കുന്ന ഒരു ന്യായമായ പ്രതീക്ഷ കൂടിയാണ്, ഒരാൾ വിദേശത്താണെങ്കിൽ അത് കൂടുതലും ആയിരിക്കും. അതുകൊണ്ട് തന്നെ തുടർച്ചയായ് അവസരങ്ങൾ ഉണ്ടായിട്ടും ദമ്പതികളിൽ ഒരാൾ സംഭോഗത്തിനുള്ള സന്ദർശനത്തിൽ നിന്നും മനഃപൂർവ്വം മാറി നിൽക്കുകയും കൈയിൽ വന്ന അത്തരം അവസരങ്ങളെ പൂർണ്ണമായും അവഗണിക്കുകയും ചെയ്തത് മറ്റേ ദമ്പതിയുടെ ന്യായമായ പ്രതീക്ഷയെയും അവകാശത്തെയും നിരാകരിച്ചതിന് സമമാണെന്നും ആകയാൽ അത് ഹിന്ദു വിവാഹ നിയമത്തിലെ വകുപ്പ് 13(1) (i) (എ) യുടെ പരിധിയിൽ വരുന്ന ക്രൂരത ആകുന്നതുമാണ്.

20. മേൽ വീക്ഷ.ണത്തിൽ, വിവാഹ ശേഷം വെറും 9 ദിവസം മാത്രം ദാമ്പത്യ ഭാവത്തിൽ ജീവിച്ചശേഷം ഇന്ത്യയിൽ സ്ഥിരതാമസക്കാരനല്ലാത്ത അപ്പീൽവാദി ഇന്ത്യയിൽ രണ്ട് തവണ അയാളുടെ സാന്നിദ്ധ്യം ഉണ്ടായിട്ടും ദീർഘമായ രണ്ട് വർഷക്കാലയളവിൽ മനഃപൂർവ്വം ഭാര്യയെ സന്ദർശിക്കുന്നതിലോ ബന്ധപ്പെടുന്നതിലോ നിന്നും ഒഴിഞ്ഞുമാറിയത് ആക്റ്റിലെ 13 (i) (എ) വകുപ്പ് പ്രകാരമുള്ള ക്രൂരതയുടെ പരിധിയിൽ വരുന്നതാണ് എന്ന് ഞങ്ങൾ കണ്ടെത്തി. അതുപോലെ അപ്പീൽ വാദി ഇതുമായി ബന്ധപ്പെട്ട് അംഗീകരിച്ച വസ്തുതകൾ എക്സിബിറ്റ് ബി4-നെ ദൃഢീകരിക്കുന്നു.

21. മേൽ വിശകലനത്തിൽ നിന്നും, അപ്പീൽവാദി എതിർകക്ഷിയെ മാനസികമായി പീഢിപ്പിച്ചു എന്ന് തെളിയിക്കുന്നതിൽ എതിർകക്ഷി വിജയിച്ചു എന്നും ആയതിനാൽ വിവാഹം വേർപ്പെടുത്തി കിട്ടുന്നതിന് അവൾക്ക് അർഹതയുണ്ട് എന്നും ഞങ്ങൾ കണ്ടെത്തി. കുടുംബ കോടതി ശരിയായ വീക്ഷണത്തിൽ റിക്കാർഡിലെ തെളിവുകൾ വിവേചിച്ചറിയുകയും ആയതിനാൽ വിവാഹബന്ധം വേർപ്പെടുത്തിയതിന് കുടുംബ കോടതിയുടെ കണ്ടെത്തലുകളിൽ ഇടപെടേണ്ടതില്ലാത്തതുമാണ്.

അപ്പീൽ തള്ളി.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് വി. ചിദംബരേഷ്

&

ബഹു. ജസ്റ്റിസ് അശോക് മേനോൻ

ജെ. ജോർജ്ജ്

Vs

കേരള സംസ്ഥാനവും മറ്റുള്ളവരും

റിട്ട് അപ്പീൽ നമ്പർ 716/2019-ലെ സി. ഒ. നമ്പർ 108/2019

2019 ജൂലൈ 4-ന് വിധി പുറപ്പെടുവിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**ഒരു റിട്ട് പെറ്റീഷൻ തള്ളിയതിനെതിരെ റിട്ട് ഹർജിക്കാരൻ സമർപ്പിച്ച റിട്ട് അപ്പീലിൽ എതിർകക്ഷി സമർപ്പിച്ച എതിർ ആക്ഷേപം റിട്ട് അപ്പീൽ പിൻവലിക്കുകയോ വീഴ്ചയാൽ തള്ളുകയോ ചെയ്യുമ്പോൾ നിലനിൽക്കുമോ എന്നതാണ് പരിഗണനയ്ക്ക് വന്ന ചോദ്യം. പ്രസ്തുത സാഹചര്യത്തിൽ എതിർ ആക്ഷേപം നിലനിൽക്കുന്നതല്ല എന്നതാണ് കോടതിയുടെ കണ്ടെത്തൽ.**

### വിധിന്യായം

ജസ്റ്റിസ്. റ്റി. വി. ചിദംബരേഷ്

1. 1908-ലെ സിവിൽ നടപടി നിയമ സംഹിതയുടെ (ചുരുക്കത്തിൽ 'സി.പി.സി') ഓർഡർ XLI 22-ാം ചട്ടത്തിൻകീഴിൽ സമർപ്പിച്ചിരിക്കുന്ന എതിർ ആക്ഷേപം 1958-ലെ കേരള ഹൈക്കോടതി ആക്റ്റിന്റെ (ചുരുക്കത്തിൽ 'ആക്റ്റ്') 5-ാം വകുപ്പ് പ്രകാരം സമർപ്പിക്കുന്ന റിട്ട് അപ്പീലിൽ നിലനിൽക്കുമോ? മുതിർന്ന സർക്കാർ അഭിഭാഷകനായ ശ്രീ. പി.എൻ. സന്തോഷ് ഒന്നാം എതിർകക്ഷി/റിട്ട് ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എതിർ ആക്ഷേപം നിയമ പ്രകാരം നിലനിൽക്കുന്നതല്ല എന്ന് ജാഗ്രതയോടെ ചൂണ്ടിക്കാണിച്ചു. അടിസ്ഥാന പെൻഷൻ കാലാകാലങ്ങളിൽ കുടിശ്ശികയുൾപ്പെടെ പുതുക്കി നൽകുന്ന നിരക്ക് സംബന്ധിച്ച റിട്ട് ഹർജിയിൻമേലാണ് ഒന്നും രണ്ടും എതിർകക്ഷികൾ റിട്ട് അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. ആവശ്യപ്പെട്ടതിനേക്കാൾ കുറഞ്ഞ നിരക്ക് അനുവദിച്ചുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട വിധിന്യായ പ്രകാരം റിട്ട് ഹർജി ഭാഗിഗമായി അനുവദിച്ചിട്ടുള്ളതും ആയതിന് അപ്പീൽവാദിക്കും അതേപോലെ ഒന്നാം എതിർകക്ഷിക്കും സങ്കടമുണ്ടായിട്ടുള്ളതുമാണ്.

2. എതിർ ആക്ഷേപകർക്ക് വേണ്ടി മുതിർന്ന അഭിഭാഷകനായ ശ്രീ. എസ്. സുകുമാരനേയും മുതിർന്ന സർക്കാർ അഭിഭാഷകനായ ശ്രീ. പി.എൻ. സന്തോഷിനേയും അമിക്കസ് ക്യൂറിയായിട്ടുള്ള അഭിഭാഷകനായ ശ്രീ. പി.ജി. ജയശങ്കറിനേയും ഞങ്ങൾ കേട്ടു.

3. സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XLI ചട്ടം 22 പ്രകാരമുള്ള എതിർ ആക്ഷേപത്തിന്റെ നിയമപരമായ നിലനിൽപ്പ് സംബന്ധിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയറും മറ്റുള്ളവരും Vs ബി. സുബ്ബറെഡ്ഡി (മനു/എസ്സി/0304/1999:എഐആർ 1999 എസ്സി 1747) എന്ന കേസിൽ സംക്ഷിപ്തമായി താഴെ പറയും പ്രകാരം പ്രതിപാദിച്ചിരിക്കുന്നു.

"(i) അപ്പീൽ ഒരു ഉറപ്പുള്ള അവകാശമാണ്. ഇത് നിയമത്തിന്റെ സൃഷ്ടി ആണ്. അപ്പീലിനുള്ള അവകാശം പ്രത്യേകമായി കൽപ്പിച്ചു നൽകാത്ത പക്ഷം നിലനിൽക്കുന്നതല്ല.

(ii) എതിർ ആക്ഷേപം അപ്പീൽ പോലെയാണ്. ഇതിന് അപ്പീലിന്റെ എല്ലാ ബാഹ്യലക്ഷണങ്ങളും ഉണ്ട്. ഇത് മെമ്മോറാണ്ടത്തിന്റെ രൂപത്തിൽ സമർപ്പിക്കുന്നതും മെമ്മോറാണ്ടം അപ്പീലിന്റെ രൂപവും ഉള്ളടക്കവും സംബന്ധിച്ച ഓർഡർ XLI-ലെ ചട്ടം 1-ലെ വ്യവസ്ഥകൾ അതുപോലെ എതിർ ആക്ഷേപത്തിനും ബാധകമായിരിക്കുന്നതുമാണ്.

(iii) മെമ്മോറാണ്ടം അപ്പീലിനുള്ളതു പോലെയാണ് കോർട്ട് ഫീ ഒടുക്കേണ്ടത്. നിർധനനായ ആൾക്ക് അപ്പീൽ സംബന്ധിച്ചുള്ള വ്യവസ്ഥകൾ എതിർ ആക്ഷേപത്തിലും ബാധകമാണ്.

(iv) അപ്പീൽ പിൻവലിക്കുകയോ ഡിഫാൾട്ടിൽ തള്ളുകയോ ചെയ്താൽ പോലും എതിർ ആക്ഷേപം കേൾക്കുകയും നിർണ്ണയിക്കപ്പെടുകയും ചെയ്യാം.

(v) എതിർകക്ഷി അപ്പീൽ ചെയ്തില്ലെങ്കിൽ പോലും മറ്റേതെങ്കിലും കാരണത്താൽ ഡിക്രിയെ പിന്തുണയ്ക്കാവുന്നതും എന്നാൽ, ആയത് പരിഷ്കരിക്കുന്നതിന് താത്പര്യപ്പെടുന്ന പക്ഷം, അപ്പീൽ ഫയൽ ചെയ്തുകൊണ്ട് അയാൾ ആക്ഷേപങ്ങൾ ഉന്നയിച്ച ഡിക്രിയിൽ എതിർ ആക്ഷേപം അയാൾക്ക് ഫയൽ ചെയ്യാവുന്നതുമാണ്. അപ്പീലിന്റെ സ്വഭാവമുള്ള ആക്ഷേപം ബോധിപ്പിക്കുന്നതിനുള്ള സമയം അപ്പീൽ കേൾക്കുന്നതിനായി തീയതി നിശ്ചയിച്ചുകൊണ്ട് അയാൾക്ക് നോട്ടീസ് നൽകിയ ശേഷം ഒരു മാസത്തേക്ക് ദീർഘിപ്പിച്ചു നൽകി. ഈ സമയം അപ്പീലിലേതു പോലെ കോടതിക്ക് ദീർഘിപ്പിച്ച് നൽകാൻ കഴിയും.

(vi) എതിർ ആക്ഷേപം ഒരു അപ്പീൽ മാത്രമാണ്, അത് എതിർ അപ്പീൽ പോലെയാണ്. വിധിന്യായമോ ഉത്തരവോ ഡിക്രിയോ എതിർകക്ഷിയുടെ താല്പര്യത്തിന് ഭാഗികമായി എതിരാണെങ്കിൽ പോലും അവ സ്വീകരിച്ചുകൊണ്ട് മൊത്തത്തിലുള്ള വ്യവഹാരത്തിൽ നിന്നും അയാൾ മോചിതനാകാൻ ആഗ്രഹിക്കുന്നത് പോലെയാണ് ഇത്. എന്നാൽ മറ്റേ കക്ഷി അത് അപ്പീൽ ഫയൽ ചെയ്തുകൊണ്ട് ചോദ്യം ചെയ്തിരുന്നാലും, അയാൾ ഇപ്പോഴും വിധിന്യായത്താലോ, ഡിക്രിയാലോ, ഉത്തരവിനാലോ സങ്കടമനുഭവിക്കുന്ന പക്ഷം എതിർ ആക്ഷേപം സമർപ്പിച്ചു കൊണ്ട് എതിർകക്ഷിക്ക് ഒരു അപ്പീൽ സമർപ്പിക്കുന്നതിന് രണ്ടാമത് ഒരു അവസരം നൽകുന്നു.".

റിട്ട് അപ്പീൽ പിൻവലിക്കുകയോ ഡിഫാൾട്ടിൽ തള്ളുകയോ ചെയ്യുമ്പോൾ പ്രസ്തുത റിട്ട് ഹർജി തള്ളിയതിനെതിരെ റിട്ട് ഹർജിക്കാരൻ ഫയൽ ചെയ്ത റിട്ട് അപ്പീലിൻമേൽ എതിർകക്ഷി ഫയൽ ചെയ്ത എതിർ ആക്ഷേപവുമായി മുന്നോട്ട് പോകാൻ കഴിയുമോ? അപ്പീലിന്റെ ഘട്ടത്തിൽ വ്യവഹാരം നടത്തുന്നതല്ലാത്ത റിട്ട് ഹർജിയിൻ മേൽ റിട്ട് ഹർജിക്കാരൻ ഏതെങ്കിലും റിട്ടിലെയോ നിർദ്ദേശത്തിലെയോ പ്രശ്ന വിഷയം തേടാതിരിക്കുമ്പോൾ എതിർകക്ഷിക്ക് എന്തെങ്കിലും പരിഹാരം അനുവദിക്കാനാകുമോ? മറുപടി നെഗറ്റീവ് മാത്രമാകാൻ കഴിയുന്നതും ആയത് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു റിട്ട് അപ്പീലിൽ എതിർ ആക്ഷേപം നിലനിൽക്കുന്നതാണ് എന്ന തർക്കത്തെ തകർക്കാൻ കൂടുതൽ പര്യാപ്തവുമാണ്.

4. ഇത് സിവിൽ നടപടി നിയമസംഹിതയിലെ 141-ാം വകുപ്പിൽ സിവിൽ അധികാരിതയുള്ള ഏതൊരു കോടതിയിലും 'നടപടികൾ' എന്ന പദപ്രയോഗം ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൽ ഉൾപ്പെടുന്നില്ല എന്നത് ഇപ്രകാരം വിശദീകരിക്കുന്നു.

"141. **പലവക വിസ്താരങ്ങൾ.**—വ്യവഹാരങ്ങൾ സംബന്ധിച്ച് ഈ നിയമസംഹിത വ്യവസ്ഥ ചെയ്യുന്ന നടപടിക്രമം അത് ബാധകമാക്കപ്പെടാൻ കഴിയുന്നിടത്തോളം, സിവിൽ അധികാരിതയുള്ള ഏതെങ്കിലും കോടതിയിലെ എല്ലാ നടപടികളിലും അനുവർത്തിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ 'നടപടികൾ' എന്ന പദത്തിൽ ഓർഡർ IX-ൻ കീഴിലെ നടപടികൾ ഉൾപ്പെടുന്നതും എന്നാൽ ഭരണഘടനയിലെ 226-ാം അനുച്ഛേദത്തിൻകീഴിലെ ഏതെങ്കിലും നടപടി ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു."

(ഊന്നൽ നൽകുന്നു)

സുപ്രീം കോടതിക്ക്, പ്രസിദ്ധമായ വിധിന്യായം **പൂരൻ സിങ്ങും മറ്റുള്ളവരും Vs പഞ്ചാബ് സ്റ്റേറ്റും മറ്റുള്ളവരും (മനു/എസ്സി/0298/1996:എഐആർ 1996 എസ്സി 1092)**-ൽ സിവിൽ നടപടി നിയമസംഹിതയുടെ 141-ാം വകുപ്പിന്റെ പ്രഭാവം പരിഗണിക്കുന്നതിന് താഴെ പറയും പ്രകാരം സന്ദർഭമുണ്ടായിട്ടുണ്ട്.

"ഹൈക്കോടതി ഭരണഘടനയിലെ 226-ാം അനുച്ഛേദം പ്രകാരമുള്ള അസാധാരണ അധികാരിത വിനിയോഗിക്കുമ്പോൾ, അത് നിയമപരവും ഭരണഘടനാപരവുമായ അവകാശം ലംഘിക്കപ്പെട്ട വ്യക്തിക്ക് വളരെ വേഗത്തിലുള്ളതും ഫലപ്രദവുമായ പരിഹാരം ഉറപ്പുവരുത്തുന്നതിൽ ലക്ഷ്യമിടുന്നു. നിയമസംഹിതയിൽ പ്രതിപാദിച്ചിട്ടുള്ള വിശാലവും സാങ്കേതികവുമായ എല്ലാ ചട്ടങ്ങളും റിട്ട് നടപടികളിൽ ബാധകമാക്കുന്ന പക്ഷം, അതിന്റെ പരമപ്രധാനമായ ലക്ഷ്യവും ഉദ്ദേശ്യവും പരാജയപ്പെടാവുന്നതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ, വിവിധ കോടതികൾ പ്രകടമാക്കിയിട്ടുള്ള വ്യത്യസ്ത അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ, നിയമസംഹിതയിലെ 141-ാം വകുപ്പിലെ "നടപടികൾ" എന്ന പദപ്രയോഗം "ഭരണഘടനയിലെ 226-ാം അനുച്ഛേദത്തിൻകീഴിലെ എന്തെങ്കിലും നടപടികൾ" ഉൾപ്പെടുന്നില്ല എന്നും ഭരണഘടനയിലെ 226-ാം അനുച്ഛേദത്തിലെ റിട്ട് നടപടികൾ നിയമസംഹിതയിലെ 141-ാം വകുപ്പിലെ നടപടികളുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്നതായി കരുതാനാവില്ലെന്ന് ചില കോടതികൾ പ്രകടമാക്കിയ നിരീക്ഷണങ്ങൾ നിയമപരമായി അംഗീകരിച്ചിട്ടുണ്ട് എന്ന് പറഞ്ഞുകൊണ്ട് പാർലമെന്റ് മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റിലൂടെ വിശദീകരണം അവതരിപ്പിച്ചു. <u>നിയമസംഹിതയിലെ 141-ാം വകുപ്പിന് ഒരു വിശദീകരണം അവതരിപ്പിച്ചശേഷം, സിവിൽ അധികാരിതയുള്ള ഏതെങ്കിലും കോടതിയുടെ നടപടിക്രമങ്ങൾക്ക് നിയമസംഹിതയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ 141-ാം വകുപ്പ് വ്യവസ്ഥ ചെയ്യുമ്പോൾ അത് ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻകീഴിലുള്ള ഒരു നടപടിയും ഉൾപ്പെടുന്നതല്ല എന്ന് പറയാൻ കഴിയും.</u> ഈ പശ്ചാത്തലത്തിൽ, ഞങ്ങളുടെ അഭിപ്രായത്തിൽ, നിയമസംഹിതയിലെ ഓർഡർ 22-ൽ ഉൾപ്പെടുന്ന വ്യവസ്ഥകൾ റിട്ട് നടപടികളിൽ സ്വയമേവ ബാധകമാകും എന്ന് വിധിക്കാനാകില്ല. 141-ാം വകുപ്പിന് വിശദീകരണം അവതരിപ്പിക്കുന്നതിന് മുൻപ് തന്നെ, ഈ കോടതി **ബാബുഭായി Vs നന്ദലാൽ-ൽ (മനു/എസ്സി/0404/1974: എഐആർ 1974 എസ്സി 2105)** (മുകളിലെ) "നിയമസംഹിതയിലെ 141-ാം വകുപ്പനുസരിച്ച് ഇത് ബാധകമാക്കാൻ കഴിയുന്നിടത്തോളം ഒരു വ്യവഹാരം ഒഴികെയുള്ള നടപടികൾക്ക് നിയമസംഹിതയുടെ വിവിധ വ്യവസ്ഥകൾ ബാധകമാക്കുന്നതിൽ കോടതി ആ നടപടികളുടെ സ്വഭാവവും ആവശ്യപ്പെടുന്ന പരിഹാരവും കണക്കിലെടുക്കേണ്ടതും" എന്ന വാക്കുകൾ വിശദീകരണം അവതരിപ്പിച്ചശേഷം, റിട്ട് നടപടികൾ നിയമസംഹിതയുടെ 141-ാം വകുപ്പിൽ വരുന്ന "നടപടികൾ" എന്ന പദപ്രയോഗത്തിൽ

നിന്നും ഒഴിവാക്കേണ്ടതാണ് എന്ന് പറഞ്ഞു. വിശദീകരണത്തിന്റെ കാരണത്താൽ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികൾ ഒഴിവാക്കപ്പെടുന്ന പക്ഷം, അത്തരം നടപടികൾക്ക് നിയമസംഹിതയിലെ നടപടിക്രമം "കഴിയുന്നിടത്തോളം ബാധകമാക്കാമെന്ന" യാതൊരു തർക്കവിഷയവും ഇല്ല. നിയമസംഹിതയിലെ വ്യവഹാരവുമായി ബന്ധപ്പെട്ട് നിർണ്ണയിച്ചിട്ടുള്ള നടപടിക്രമങ്ങൾ റിട്ട് നടപടികൾക്ക് ബാധകമാക്കുകയാണെങ്കിൽ, അത് ധാരാളം കേസുകളിൽ ഭരണഘടനയുടെ 226, 227 അനുച്ഛേദങ്ങൾ പ്രകാരം ഹൈക്കോടതിയുടെ അസാധാരണ അധികാരങ്ങൾ വിനിയോഗിക്കുന്നത് വിഫലമാക്കാം".

(ഊന്നൽ നൽകുന്നു)

സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XLI-ലെ 22-ാം ചട്ടത്തിലെ എതിർ ആക്ഷപവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻകീഴിലുള്ള നടപടികൾക്ക് ബാധകമാക്കാൻ കഴിയില്ല എന്ന് സ്ഥാപിക്കുന്നതിന് മറ്റൊരു വിശദീകരണത്തിന്റെ ആവശ്യമില്ല.

5. എതിർ ആക്ഷേപകൻ, കേരള ഹൈക്കോടതി ചിട്ടപ്പെടുത്തിയ 1971-ലെ കേരള ഹൈക്കോടതി ചട്ടങ്ങളിലെ (ചുരുക്കത്തിൽ 'ചട്ടങ്ങൾ') 159-ാം ചട്ടം അവലംബിക്കുകയും ആയതിന്റെ പ്രസക്തഭാഗം താഴെ പറയും പ്രകാരം വായിക്കാവുന്നതുമാണ്:

"159. സിംഗിൾ ജഡ്ജിമാരുടെ തീരുമാനങ്ങളിൽ നിന്നുള്ള അപ്പീലുകൾ-(1) നിയമസംഹിതയുടെ ഓർഡർ XLI എ യിൽ, അതിൽ നിന്നും 2-ാം ചട്ടം ഒഴിവാക്കിക്കൊണ്ട് അപ്പീലുകൾക്കുവേണ്ടി നിർണ്ണയിച്ചിരിക്കുന്ന നടപടി കഴിയുന്നിടത്തോളം റിട്ട് വിഷയങ്ങളിൽ സിംഗിൾ ജഡ്ജിമാരുടെ തീരുമാനങ്ങളിൽ നിന്നുമുള്ള അപ്പീലുകളിൽ പിന്തുടരേണ്ടതാണ്.".

(ഊന്നൽ നൽകുന്നു)

ആദ്യമായി, സിവിൽ നടപടി നിയമസംഹിതയുടെ ഓർഡർ XLI എ കീഴ്ക്കോടതികളുടെ ഒറിജിനൽ വിധികളിൽ നിന്നും ഹൈക്കോടതിയിലേക്കുള്ള അപ്പീലുകളെ കുറിച്ച് പ്രതിപാദിക്കുന്നതും സിംഗിൾ ജഡ്ജിന്റെ വിധിന്യായത്തിൽ നിന്നും ഡിവിഷൻ ബഞ്ചിലേക്കുള്ള അപ്പീലുകളെ കുറിച്ച് പ്രതിപാദിക്കാത്തതുമാണ്. ഓർഡർ XLI-ൽ അടങ്ങിയിരിക്കുന്ന ചട്ടങ്ങൾ, 'ഈ ഉത്തരവിൽ' ഉൾപ്പെട്ടിരിക്കുന്ന രൂപഭേദങ്ങളോടുകൂടി ഹൈക്കോടതിയിലേക്കുള്ള അപ്പീലുകൾക്ക് ബാധകമാണെ് സിവിൽ നടപടി നിയമസംഹിതയുടെ ഓർഡർ XLI എ 1-ാം ചട്ടം പ്രതിപാദിക്കുന്നു. എന്നാൽ, സിവിൽ നടപടി നിയമസംഹിതയുടെ 141-ാം വകുപ്പിന്റെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികൾക്ക് ഓർഡർ XLI -ഓ ഓർഡർ XLI എ-യോ ബാധകമാകുന്നില്ല. രണ്ടാമതായി, ചട്ടങ്ങളിലെ 159-ാം ചട്ടം നിയമസംഹിതയുടെ ഓർഡർ XLI എ യിൽ അപ്പീലുകൾക്കുവേണ്ടി നിർണ്ണയിച്ചിട്ടുള്ള 'നടപടി ക്രമം' ഉദ്ബോധിപ്പിക്കുന്നതിനായി സഹായിക്കുന്നതിന് അതിന്റെ 2-ാം ചട്ടം ഒഴിവാക്കിക്കൊണ്ട് റിട്ട് അപ്പീലുകളിൽ പിന്തുടരേണ്ടതാണ്. ഒരു എതിർ ആക്ഷേപം നിലനിർത്താനുള്ള സാരമായ അവകാശത്തിൽ നിന്നും 'നടപടി ക്രമം' തീർച്ചയായും വ്യത്യസ്തമാണ്, ആയത് **സുബ്ബറെഡ്ഡിയുടെ** (മുകളിലെ) കേസിൽ ആവർത്തിച്ചതുപോലെ ഒരു ചട്ടത്തിനാൽ സൃഷ്ടിച്ച ഒന്നായിരിക്കണം. ചട്ടങ്ങളിലെ 159-ാം ചട്ടം, റിട്ട് അപ്പീൽ സമർപ്പിച്ചിരിക്കുന്ന ആക്റ്റിന്റെ 5-ാം വകുപ്പിൽ വിഭാവനം ചെയ്യുന്നതിന്റെ യാതൊരു പരിധിയിലും വിഷയവുമായി യാതൊരു ബന്ധവുമില്ല.

6. ഒരു എതിർ ആക്ഷേപം ഒരു റിട്ട് അപ്പീലിൽ നിലനിൽക്കുന്നതല്ലെന്നും എതിർ ആക്ഷേപകന് സ്വതന്ത്രമായ ഒരു റിട്ട് അപ്പീൽ സമർപ്പിക്കുന്നതിന് നടപടി എടുക്കുന്നത് വളരെ ഉചിതമായിരിക്കുമെന്നും മുതിർന്ന

അഭിഭാഷകൻ ശ്രീ. എം. സുകുമാരൻ സമ്മതിക്കുന്നു. **[മുഹമ്മദ്. കെ.ബി. Vs ടി.വി. അച്ചുമ്മയും മറ്റുള്ളവരും (2016 (2) കെഎച്ച്സി 828 (ഡി.ബി)]**-യിൽ എതിർ ആക്ഷേപൻ റിട്ട് അപ്പീലിൽ ഒരു എതിർ ആക്ഷേപം ഫയൽ ചെയ്യാൻ നിശ്ചയമായും ധൈര്യപ്പെട്ടു. ചട്ടങ്ങളിലെ 159-ാം ചട്ടം 'റിട്ട് വിഷയങ്ങളിൽ' സിവിൽ നടപടി നിയമ സംഹിതയുടെ ഓർഡർ XLI ചട്ടം 22 ഉൾപ്പെടെ ഓർഡർ XLI എ ബാധക മാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പ്രസ്തുത തീരുമാനം. വിദ്യാഭ്യാസ ഉദ്യമങ്ങളിൽ എപ്പോഴും മികവ് പുലർത്തുന്ന അഭിഭാഷകൻ ശ്രീ. പി.ജി. ജയശങ്കർ റിട്ട് അപ്പീലുകൾക്ക് സിവിൽ നടപടി നിയമ സംഹിതയുടെ ഓർഡർ XLI ബാധകമാകുന്ന താഴെപ്പറയുന്ന രണ്ട് തീരുമാനങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു:

(i) **സയദ് അബ്ദുൾ കാദർ ബഫകൃയും മറ്റൊരാളും Vs സെക്രട്ടറി ജിസിഡിഎ, എറണാകുളവും മറ്റുള്ളവരും [മനു/കെഇ/0640/2013: 2013(3) കെഎൽറ്റി 406 (ഡി.ബി)]**

(ii) **സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കോട്ടയവും മറ്റൊരാളും Vs ചിഞ്ചുമോൾ. എം. എസ് [മനു/കെഇ/0414/2015: 2015(2) കെഎച്ച്സി 104 (ഡി.ബി)]**

അപ്പീൽ കോടതിയിൽ റിട്ട് അപ്പീലിൽ കൂടുതൽ തെളിവ് ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട് ആയത് സാധ്യമാക്കുവാൻ മറ്റ് വ്യവസ്ഥകൾ ഇല്ല എന്ന പോലെ സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XLI 27-ാം ചട്ടം മേൽപറഞ്ഞ തീരുമാനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ 154-ാം ചട്ടം റിട്ട് അപ്പീലുകളിൽ പോലും വസ്തുതകൾ തെളിയിക്കുന്നതും സത്യവാങ്മൂലങ്ങളാൽ നൽകേണ്ട രേഖകളെയും സാധ്യമാക്കുന്നതും സിവിൽ നടപടി നിയമസംഹിതയിലെ ഓർഡർ XLI 27-ാം ചട്ടത്തിന്റെ സഹായം തേടേണ്ട ആവശ്യമില്ലാത്തതുമാണ്. മേൽ ഉദ്ധരിച്ച ഈ കോടതിയുടെ തീരുമാനങ്ങൾ നിയമവ്യവസ്ഥകളും പരമോന്നത കോടതിയുടെ ബാധകമാക്കേണ്ട തീരുമാനങ്ങളും അവഗണിച്ചുകൊണ്ട് പുറപ്പെടുവിച്ചു എന്നതിൽ ഞങ്ങൾക്ക് സംശയമില്ല. സിവിൽ നടപടി നിയമസംഹിതയിലെ 141-ാം വകുപ്പിനുള്ള വിശദീകരണവും അതുപോലെ **സുബ്ബ റെഡ്ഡി കേസിലെയും** (മുകളിലെ) **പുരൻസിങ് കേസിലെയും** (മുകളിലെ) തീരുമാനങ്ങളും വിധിന്യായം പുറപ്പെടുവിച്ചതിൽ മൊത്തമായി അവഗണിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഞങ്ങൾ **മനു/കെഇ/0512/2016: 2016(2) കെഎച്ച്സി 828, മനു/കെഇ/0640/2013: 2013(3) കെഎൽറ്റി 406, മനു/കെഇ/0414/2015: 2015(2) കെഎച്ച്സി 104** എന്നിവയിലെ വിധിന്യായങ്ങൾ തെറ്റായ ധാരണയിൽ നിന്നുണ്ടായ വിധി അനുസരിച്ചാണ് എന്ന് നിസ്സങ്കോചം പ്രഖ്യാപിക്കുന്നു. [കാണുക: **എ.ആർ. ആന്തുലെ Vs ആർ. എസ്. നായക് മനു/എസ്സി/0002/1988: (1988)(2) എസ്സിസി 602]**

7. മദ്ധ്യപ്രദേശ് ഹൈക്കോടതിയുടെ ഫുൾ ബഞ്ച് ദീപക് മിശ്ര (അദ്ദേഹം അന്ന് ആയിരുന്നപോലെ) അംഗമായിരിക്കെ, **ജബൽപൂർ ഡവലപ്മെന്റ് അതോറിറ്റി Vs വൈ. എസ്. സചനും മറ്റുള്ളവരും [മനു/എംപി/0040/2004: ഐഎൽആർ (2004) എംപി 231]** താഴെ പറയും പ്രകാരം വിധി പ്രസ്താവിച്ചു:

"ഒരു വ്യവഹാരത്തിലെ പ്രത്യവകാശവാദം പോലെ ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദത്തിൻ കീഴിൽ ഒരു എതിർ ആക്ഷേപം നിലനിൽക്കില്ല എന്ന് പ്രസ്താവിക്കുന്നത് പ്രസക്തമാണ്. ഇത് സത്യമാണ്, ഒരു ലെറ്റർ പേറ്റന്റ് അപ്പീലിൽ ഇൻട്രാ-കോർട്ട് അപ്പീൽ തീരുമാനിക്കുന്ന കോടതിക്ക് വസ്തുതകളിലേക്കും നിയമത്തിലേക്കും

പോകാൻ കഴിയും, എന്നാൽ, അതിലെ എതിർകക്ഷിയുടെ പ്രേരണയാൽ ഒരു റിട്ട് ഹർജിയിൽ കൗണ്ടർ ക്ലെയിമോ കൗണ്ടർ റിലീഫോ നിലനിൽക്കാത്തപ്പോൾ ഒരു അപ്പീൽ കേൾക്കുമ്പോൾ ഒരു എതിർ ആക്ഷേപം നിലനിൽക്കുമെന്ന് അർത്ഥമാക്കുന്നില്ല. മറ്റൊരു ഭാവം ശ്രദ്ധിക്കേണ്ടത് ശ്രേഷ്ഠമാണ്. സിവിൽ നടപടി നിയമസംഹിതയുടെ കീഴിൽ എതിർ ആക്ഷേപത്തിന് അതിന്റേതായ സ്വതന്ത്രമായ നിലനിൽപ്പുണ്ട്. എന്നാൽ അതിൽ നിന്നും ഉത്ഭവിക്കുന്ന റിട്ട് അധികാരപരിധിയുടെയോ അപ്പീലിന്റെയോ കീഴിലെ ഒരു നടപടിക്ക് ബാധകമാക്കാമെന്ന് വ്യാഖ്യാനിക്കാൻ കഴിയില്ല. ആന്ധ്രാപ്രദേശ് ഹൈക്കോടതി **ചിറ്റൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ്** (മുകളിലെ) എന്ന കേസിലെ വിധിയിൽ ഓർഡർ XLI 22-ാം ചട്ടത്തിന്റെ ആശയം പൂർണ്ണമായും നൽകിയിട്ടുള്ളതാണ്. ഞങ്ങളുടെ പരിഗണിത അഭിപ്രായത്തിൽ, ആയത് **പുരൻസിംഗ്** (മുകളിലെ) കേസിൽ പ്രതിപാദിച്ച നിയമപ്രകാരം അനുവദനീയമല്ല. **പുരൻസിംഗ്** (മുകളിലെ) കേസിൽ, വ്യക്തികൾക്ക് പരിഹാരം അനുവദിക്കുന്നതിന് അതിന്റെ സ്വന്തം നടപടിക്രമം സ്വീകരിക്കുവാൻ ഹൈക്കോടതി അനുവദിക്കേണ്ടതാണ് എന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. അനുച്ഛേദം 226/227-ൻ കീഴിൽ ഉണ്ടായിട്ടുള്ള ഉത്തരവിൽ നിന്നുള്ള അപ്പീൽ മൊത്തത്തിലുള്ള വ്യവഹാരമണ്ഡലത്തിൽ ഉള്ളതും എൽ.പി.എ അനുവദിക്കുമ്പോൾ സിവിൽ നടപടി നിയമസംഹിത അനുസരിച്ച് നിയമാനുസൃതമായ അവകാശം സംബന്ധിച്ച് ഒരു എതിർ ആക്ഷേപം എൽപിഎ അംഗീകരിക്കുമ്പോൾ കോടതിയിൽ നിലനിൽക്കും എന്ന് അർത്ഥമാക്കുന്നില്ല.".

(ഊന്നൽ നൽകുന്നു)

**ജബൽപൂർ ഡവലപ്മെന്റ് അതോറിറ്റി കേസിലെ** (മുകളിലെ) തീരുമാനങ്ങളോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നതും ആയതിന് വിരുദ്ധമായി ഈ കോടതി മുമ്പെടുത്തിട്ടുള്ള വീക്ഷണങ്ങൾ **പുരൻസിങ്** (മുകളിലെ) കേസിനെ ലഘൂകരിക്കുന്നതുമാണ്. എതിർ ആക്ഷേപകന്റെ ആവശ്യമെങ്കിൽ കാലതാമസം മാപ്പാക്കി കിട്ടുന്നതിന് ഒരു ഹർജി സഹിതം സ്വതന്ത്രമായി ഒരു റിട്ട് അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അവകാശം ഭംഗം വരാതെ തന്നെ ഞങ്ങൾ ഈ എതിർ ആക്ഷേപം നിലനിൽക്കാത്തതിനാൽ തള്ളുന്നു. ശരിയായ നിയമം അല്ലാതിരുന്നെങ്കിലും **മുഹമ്മദ് കെ.ബി** (മുകളിലെ) യുടെ കേസിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എതിർ ആക്ഷേപത്തെ എതിർ ആക്ഷേപകൻ ഉത്തമ വിശ്വാസത്തോടെ പിന്തുടർന്നു എന്ന് പറയേണ്ടതില്ല.

*————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ. ഹരിലാൽ

&

ബഹു. ജസ്റ്റിസ് ആനി ജോൺ

അശ്വതി ഉദയൻ

Vs

പ്രിൻസ് ആനന്ദും മറ്റുള്ളവരും

ഒ.പി. (എഫ്.സി) നമ്പർ 470/2019-ലെ

2019 ജൂലൈ 30-ന് വിധി കല്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള സ്നേഹവും വാത്സല്യവും വളർത്തിയെടുക്കുന്നതിന് രാത്രിയിൽ ഒപ്പം താമസിപ്പിച്ചുകൊണ്ടുള്ള സംരക്ഷണത്തിന് അച്ഛനും അമ്മയ്ക്കും തുല്യ അവകാശമുണ്ട്. മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ ധാർമ്മികവും സാന്മാർഗ്ഗികവുമായ മൂല്യങ്ങൾ പ്രബോധിപ്പിക്കുന്നതിന് രാത്രി സമയത്ത് ഒപ്പം താമസിക്കേണ്ടത് അനിവാര്യമാണ്. കുട്ടി ബന്ധുക്കൾക്ക് ഒപ്പം താമസിക്കുമ്പോൾ കുട്ടിയുടെ സ്വാഭാവിക രക്ഷിതാവായ മാതാവിന് താല്ക്കാലിക സംരക്ഷണം നിഷേധിക്കാൻ കഴിയില്ല.**

### വിധിന്യായം

**ജസ്റ്റിസ് കെ. ഹരിലാൽ**

1. ഇവിടുത്തെ ഹർജികക്ഷി ഒന്നാം എതിർകക്ഷിയുടെ ഭാര്യയാണ്. കുട്ടിയുടെ സ്ഥിരമായ സംരക്ഷണം തേടിക്കൊണ്ട് ഒന്നാം എതിർകക്ഷി, മാവേലിക്കര കുടുംബകോടതി മുമ്പാകെ ഒ.പി. 1/2019 ഫയൽ ചെയ്തു. മുകളിൽ പ്രസ്താവിച്ച ഒറിജിനൽ ഹർജിയിൽ, കുട്ടിയുടെ ഇടക്കാല സംരക്ഷണം തേടിക്കൊണ്ട് ഇവിടുത്തെ ഹർജികക്ഷി ഇടക്കാല അപേക്ഷ 631/2019 ഫയൽ ചെയ്തു.

2. ഈ ഒറിജിനൽ ഹർജിയിലെ ആരോപണങ്ങൾ പ്രകാരം, ഹർജികക്ഷിയും ഒന്നാം എതിർകക്ഷിയും ആസ്ട്രേലിയയിൽ ജോലി ചെയ്തുവരുന്നതും ഹർജികക്ഷി അവധിയിൽ ഇപ്പോൾ ഇന്ത്യയിലുമാണ്. ഹർജികക്ഷിയും ഒന്നാം എതിർകക്ഷിയും തമ്മിലുള്ള വൈവാഹിക ബന്ധം താളം തെറ്റുകയും കുട്ടിയുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിയമയുദ്ധത്തിൽപ്പെട്ട് അത് മൂർദ്ധന്യതയിലെത്തിയിട്ടുള്ളതുമാണ്. അവരുടെ ബന്ധം താളം തെറ്റിയതിനെ തുടർന്ന് കുട്ടിയുടെ സംരക്ഷണം 3-ഉം 4-ഉം എതിർകക്ഷികളെ അവർ ഒരുമിച്ച് ഏല്പിച്ചിട്ടുള്ളതും ഇപ്പോൾ കുട്ടികൾ ഇവിടുത്തെ ഹർജികക്ഷിയുടെ ബന്ധുക്കളായ 3-ഉം 4-ഉം എതിർകക്ഷികളുടെ സംരക്ഷണത്തിലുമാണ്.

3. ഹർജികക്ഷിയുടെ അഭിപ്രായത്തിൽ, അവൾ ഇപ്പോൾ ധാത്രി പ്രിൻസ് ആനന്ദ് എന്ന പേരുള്ള 4 വയസ്സും 9 മാസവും പ്രായമുള്ള അവളുടെ കുഞ്ഞിനോടൊപ്പം താമസിക്കുന്നതിനായി ഇന്ത്യയിൽ വന്നിട്ടുള്ളതുമാണ്. കുട്ടിയുടെ താല്ക്കാലിക സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള മേൽപ്പറഞ്ഞ അപേക്ഷ ഹർജികക്ഷി തന്റെ സമ്മതമില്ലാതെ കുട്ടിയെ ആസ്ട്രേലിയയിലേക്ക് കൊണ്ടുപോകുമെന്ന ഭീതിയാൽ ഒന്നാം എതിർകക്ഷി എതിർത്തു.

4. എതിർവാദങ്ങൾ പരിഗണിച്ചശേഷം, കുടുംബകോടതി, കുട്ടിയുടെ രാത്രി മുഴുവനുമുള്ള സംരക്ഷണം നിരസിച്ചിട്ടുള്ളതും എന്നാൽ ഇവിടുത്തെ ഹർജികക്ഷിയെ 3-ഉം 4-ഉം എതിർകക്ഷികളുടെ വാസസ്ഥലത്ത് കുട്ടിയോടൊപ്പം പോയി താമസിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉത്തരവാണ് ഈ ഒ.പി (എഫ്.സി) യിൽ ചോദ്യം ചെയ്യുന്നത്.

5. ഹർജികക്ഷിയുടെയും എതിർകക്ഷികളുടെയും അഭിഭാഷകരെ കേട്ടു.

6. ഒന്നാം എതിർകക്ഷിയും ഹർജികക്ഷിയും ആസ്ട്രേലിയയിൽ ജോലി ചെയ്യുന്നുവെന്നും ഹർജികക്ഷി ഇപ്പോൾ കുട്ടിയോടൊപ്പം താമസിക്കുവാൻ ആസ്ട്രേലിയയിൽ നിന്നും ഇന്ത്യയിൽ വന്നിട്ടുണ്ട് എന്നതും അംഗീകരിക്കുന്നു. ഹർജികക്ഷി അയാളുടെ സമ്മതം കൂടാതെ കുട്ടിയെ ആസ്ട്രേലിയയിലേക്ക് കൊണ്ടുപോകുമോ എന്ന ഭയം ഒന്നാം എതിർകക്ഷി പ്രകടിപ്പിക്കുന്നു. ഇവിടുത്തെ ഹർജികക്ഷിയുടെ ബന്ധുക്കളായ 3-ഉം 4-ഉം എതിർകക്ഷികളുടെ സംരക്ഷണത്തിലാണ് കുട്ടി എന്നത് അംഗീകരിക്കുന്നു. എന്നാൽ ഹർജികക്ഷിയുടെ അഭിപ്രായത്തിൽ അവൾ ഇപ്പോൾ അവളുടെ മാതാവിന്റെ സഹോദരിക്കൊപ്പം കൊല്ലത്ത് താമസിക്കുന്നതും ആ വീട്ടിൽ കുട്ടിയോടൊപ്പം താമസിക്കുന്നതിനായി രാത്രി സമയ സംരക്ഷണം അനുവദിക്കുന്നതിനായി അവൾ അപേക്ഷിച്ചിട്ടുള്ളതുമാണ്. കൂടാതെ ഇപ്പോൾ ഹർജികക്ഷി 3-ഉം 4-ഉം എതിർകക്ഷികളുമായി നല്ല ബന്ധത്തിലല്ല എന്നും തർക്കിച്ചു.

7. ഇടക്കാല സംരക്ഷണത്തിന്റെ സംഗതിയിൽ കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള സ്നേഹവും വാത്സല്യവും വളർത്തിയെടുക്കുന്നതിന് രാത്രിയിൽ ഒപ്പം താമസിച്ചുകൊണ്ട് കുട്ടികളുടെ ഇടക്കാല സംരക്ഷണത്തിന് അച്ഛനും അമ്മയ്ക്കും തുല്യ അവകാശമുണ്ട് എന്നതാണ് ഞങ്ങളുടെ വീക്ഷണം. കുട്ടികളുടെ ക്ഷേമം എന്നതിന്റെ പരിധിയിൽ ശാരീരികമായ നന്മ മാത്രമല്ല ധാർമ്മികവും സാന്മാർഗ്ഗികപരവുമായ വികാസവും കൂടി ഉൾപ്പെടുന്നു. ആയതിനാൽ മാതാപിതാക്കളിൽ രണ്ടുപേർക്കും അവരുടെ കുട്ടികളെ ധാർമ്മികവും സാന്മാർഗ്ഗികവുമായ മൂല്യങ്ങൾ പ്രബോധിപ്പിക്കുന്നതിന് അവസരം നൽകേണ്ടതും ആയതിന് രാത്രി സമയത്ത് അവരോടൊപ്പം താമസിക്കേണ്ടത് അനിവാര്യവുമാണ്.

8. ചോദ്യം ചെയ്യപ്പെട്ട ഉത്തരവിലൂടെ പോകുമ്പോൾ, കുട്ടിയുടെ താല്ക്കാലിക സംരക്ഷണം അമ്മയ്ക്ക് നിഷേധിക്കാൻ യാതൊരു കാരണവും ഞങ്ങൾ കണ്ടെത്തുന്നില്ല. കുട്ടിയ്ക്ക് 4 വയസ്സും 9 മാസവും മാത്രമാണ് പ്രായം എന്നതും അമ്മയാണ് കുട്ടിയുടെ സ്വാഭാവിക രക്ഷിതാവ് എന്നതും ശ്രദ്ധിക്കേണ്ടത് പ്രസക്തമാണ്. ആയതിനാൽ, കുട്ടി ബന്ധുക്കളുടെ സംരക്ഷണത്തിലിരിക്കുമ്പോൾ സ്വാഭാവികമായി രക്ഷിതാവിന് താല്ക്കാലിക സംരക്ഷണം നിഷേധിക്കാൻ കഴിയില്ല. ആയതിനാൽ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് അസ്ഥിരപ്പെടുത്തുന്നു.

9. ഇവിടുത്തെ ഹർജികക്ഷിക്ക് അവളുടെ പാസ്പോർട്ട് മാവേലിക്കര കുടുംബകോടതി മുമ്പാകെ 1-8-2019 രാവിലെ 10.30-ന് ഏല്പിക്കണമെന്ന വ്യവസ്ഥയോടെ കുട്ടിയുടെ താല്ക്കാലിക സംരക്ഷണം നൽകാവുന്നതാണ്. മേൽപ്പറഞ്ഞ വ്യവസ്ഥ പാലിക്കുന്ന പക്ഷം, ഹർജികക്ഷിക്ക് 1-8-2019-ന് രാവിലെ 11 മണി മുതൽ 5-8-2019-ന് ഉച്ചയ്ക്ക് 3 മണി വരെ കുട്ടിയുടെ താല്ക്കാലിക സംരക്ഷണം നൽകുന്നു. മാവേലിക്കര കുടുംബകോടതി ആയിരിക്കും കൈമാറ്റ സ്ഥലം. 1-8-2019-ൽ കുടുംബകോടതിയിൽ ഹർജികക്ഷി പാസ്പോർട്ട് ഏല്പിക്കുമ്പോൾ കുട്ടിയെ നൽകേണ്ടതും 5-8-2019-ൽ കുട്ടിയെ തിരികെ ഏല്പിക്കുമ്പോൾ ഹർജികക്ഷിക്ക് പാസ്പോർട്ട് മടക്കി നൽകേണ്ടതുമാണ്.

10. മേൽ നിരീക്ഷണങ്ങളോടെയും നിർദ്ദേശങ്ങളോടെയും ഒ.പി (എഫ്.സി) തീർപ്പാക്കി.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ

&

ബഹു. ജസ്റ്റിസ് വി. ജി. അരുൺ

**കേരള സ്റ്റേറ്റും മറ്റുള്ളവരും**

Vs

സുനു ജോർജ്ജ്

റിട്ട് അപ്പീൽ നമ്പർ 1313/2018

2019 സെപ്റ്റംബർ 24-ന് വിധി കൽപ്പിച്ചത്

## വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

**മാതാപിതാക്കളെ സംരക്ഷിക്കേണ്ട ബാദ്ധ്യത മക്കൾക്ക് ഉണ്ട്. എന്നാൽ പെൻഷണറായ ഒരു സർക്കാർ ഉദ്യോഗസ്ഥനു വേണ്ടി ചികിത്സാ ചെലവുകൾക്കായി മക്കൾ ചെലവാക്കിയ തുക റീ-ഇംപേഴ്സ്മെന്റ് ചെയ്തു നൽകുന്നതിൽ പെൻഷണറുടെ വരുമാനം കൂടി അടിസ്ഥാനമാക്കേണ്ടതുണ്ട്. നീതിയുടെയോ ധാർമ്മിക ബാദ്ധ്യതയുടെയോ അടിസ്ഥാനത്തിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിക്കാൻ സാദ്ധ്യമല്ലാത്തതാണ്.**

### വിധിന്യായം

### ജസ്റ്റീസ് കെ. വിനോദ് ചന്ദ്രൻ

1. ഹർജികക്ഷി, ഒരു സർക്കാർ ഉദ്യോഗസ്ഥനും റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സായ അയാളുടെ അമ്മയ്ക്ക് നടത്തിയ ഹൃദയ ശസ്ത്രക്രിയയുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ഈ കോടതി മുമ്പാകെ ഹാജരായിട്ടുള്ളതുമാണ്. റീ-ഇംപേഴ്സ്മെന്റ് ആയി ആവശ്യപ്പെട്ടിരിക്കുന്ന മൊത്തം തുക 8,34,265/- രൂപയാണ്. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതും, ആയത് ഹെഡ്മിസ്ട്രസ്സായി വിരമിച്ച അയാളുടെ അമ്മ ഒരു പെൻഷണറാണെന്നും പെൻഷനായി 22,180/- രൂപയോളം കൈപ്പറ്റുന്നുണ്ടെന്നുമുള്ള കണ്ടെത്തലോടെ മടക്കുകയും ചെയ്തു. അമ്മയ്ക്ക് ലഭിച്ചിരുന്ന പെൻഷൻ തുക അവരുടെ സംരക്ഷണത്തിന് മതിയാകുന്നില്ലെന്നും വാസ്തവത്തിൽ അവർ പൂർണ്ണമായും ഹർജിക്കാരനെയാണ് ആശ്രയിക്കുന്നതെന്നും ഹർജികക്ഷി തർക്കിച്ചു.

2. സർക്കാർ ജീവനക്കാരെ പൂർണ്ണമായും ആശ്രയിക്കുന്ന മാതാപിതാക്കൾക്ക് മാത്രമെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനു അർഹതയുള്ളൂ എന്ന സർക്കുലറിലെ വ്യവസ്ഥ ഏകപക്ഷീയമാണെന്ന് തർക്കിച്ചു. ഒരു പെൻഷണറായ സർക്കാർ ഉദ്യോഗസ്ഥന്റെ പങ്കാളിക്ക് റീ-ഇംപേഴ്സ്മെന്റിന് അവകാശമുണ്ടെങ്കിൽ മാതാപിതാക്കൾക്കെതിരെ വിവേചനം കാണിക്കുന്നതിൽ യാതൊരു കാരണവുമില്ല.

3. സിംഗിൾ ജഡ്ജി, അപേക്ഷ സർക്കാരിന് അയയ്ക്കുന്നതിനും എം.പി ഓജാ-യുടെ കേസിന്റെ വെളിച്ചത്തിൽ (മുകളിലെ)

അപേക്ഷ സ്വീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ സർക്കാർ ആയത് പരിഗണിക്കേണ്ടതാണെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ **സ്റ്റേറ്റ് ഓഫ് മദ്ധ്യപ്രദേശും മറ്റുള്ളവരും Vs എം.പി. ഓജയും മറ്റൊരാളും** [മനു/എസ്‌സി/0958/1998:(1998)(2)എസ്‌സിസി 554]-ലെ വിധിന്യായം അവലംബിച്ചു.

4. സുപ്രീംകോടതിയുടെ തീരുമാനത്തിൽ നിന്നും വെളിവാകുന്ന വസ്തുതകൾ തികച്ചും വ്യത്യസ്തമാണെന്ന് സർക്കാർ അഭിഭാഷകൻ ബോധിപ്പിച്ചു. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ മാതാപിതാക്കൾ അവർ പൂർണ്ണമായും സർക്കാർ ഉദ്യോഗസ്ഥരെ മാത്രം ആശ്രയിച്ചിട്ടുള്ളവരാണെങ്കിൽ അവർ വിധേയരായിട്ടുള്ള ചികിത്സകൾക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് യോഗ്യരാണെന്ന് 1960-ലെ കേരള ഗവൺമെന്റ് സർവ്വന്റ്സ് മെഡിക്കൽ അറ്റൻഡൻസ് ചട്ടങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നു. ഒരു പെൻഷണറായ പങ്കാളിക്ക് ചികിത്സ അനുവദിച്ചിരുന്നു എന്ന വ്യവസ്ഥ അവളോ/അവനോ ഒരു പെൻഷണർ ആണെന്ന വസ്തുത കൊണ്ടു മാത്രം മാതാപിതാക്കളുടെ കാര്യത്തിൽ റീ-ഇംപേഴ്സ്മെന്റിന്റെ തീവ്രത കുറച്ചു കാണിക്കുന്നില്ല എന്നതാണ് വാദം.

5. എതിർകക്ഷിയ്ക്കു വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ, അവനോ അവളോ ഒരു പെൻഷണർ ആണെങ്കിൽ പോലും, പങ്കാളിയ്ക്ക് മാത്രം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് അവകാശമുള്ളതായി പ്രത്യേകം ചൂണ്ടിക്കാണിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടികരണ വിജ്ഞാപനങ്ങളിലേക്ക് ഞങ്ങളെ കൊണ്ടുപോയേക്കും. പെൻഷണർമാരായ രക്ഷാകർത്താക്കളെ പ്രത്യേകിച്ചും, അവരെ സംരക്ഷികണമെന്ന കടമ മക്കൾക്കുള്ളപ്പോൾ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിൽ നിന്നും അവരെ ഒഴിവാക്കുന്നതിൽ യുക്തിയില്ലെന്നുള്ളതാണ് ഹർജിക്കാർക്കുവേണ്ടിയുള്ള അഭിഭാഷകന്റെ വാദം.

6. കുടുംബത്തിന്റെ നിർദ്ദിഷ്ട നിർവ്വചനത്തിലേക്ക് പോകുമ്പോൾ പെൻഷണർമാരുടെ ചികിത്സാ തുക സർക്കാർ ഉദ്യോഗസ്ഥരായ അവരുടെ മക്കളിലൂടെ ചെലവഴിച്ച സംഗതിയിൽ യാതൊരു മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിനും സാദ്ധ്യമല്ല എന്നതാണ് ഞങ്ങളുടെ അഭിപ്രായം. എം.പി. ഓജ-യിൽ, പിതാവ് തുച്ഛമായ പ്രതിമാസ പെൻഷനായി 414 രൂപ സമ്പാദിക്കുന്ന വ്യത്യസ്തമായ സാഹചര്യമാണെന്നും, കൂടാതെ ഒരു വിരമിച്ച സർക്കാർ ഉദ്യോഗസ്ഥനായതിനാൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന് യോഗ്യനാണെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. വിധിന്യായത്തിൽ നിന്നുള്ള താഴെപ്പറയുന്ന പ്രസക്ത ഭാഗം ഞങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നു:

"നിലവിലേതുപോലുള്ള ഒരു കേസിൽ നിയമങ്ങൾ വ്യാഖ്യാനിക്കുന്നതിലും പ്രയോഗിക്കുന്നതിലും ഒരു വഴക്കമുള്ള സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഗുരുതരമായ അസുഖത്തെത്തുടർന്ന് മകൻ ക്ഷമതയുള്ള അധികാരിയിൽ നിന്നും അനുമതി വാങ്ങിയശേഷം പിതാവിനെ ബോംബെയിലേയ്ക്ക് ചികിത്സക്ക് കൊണ്ടുപോയി എന്നതിൽ യാതൊരു തർക്കവുമില്ല. പിതാവ് ഒരു വിരമിച്ച സർക്കാർ ഉദ്യോഗസ്ഥനായതിനാൽ അയാൾക്കുതന്നെ പ്രത്യേക കേസായതിനാൽ അയാൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും ചികിത്സയ്ക്കായി ക്ഷമതയുള്ള അധികാരിയിൽ നിന്നും അനുമതി വാങ്ങാവുന്നതാണ് എന്ന് ഞങ്ങൾ മുമ്പാകെ ബോധിപ്പിച്ചു".

7. എം.പി. ഓജ-യിലെ തീർപ്പ് 414 രൂപ എന്ന തുച്ഛമായ പെൻഷന്റെ പ്രത്യേക വസ്തുതകളിലേയ്ക്ക് തിരിയുന്നുവെന്നും പെൻഷണർക്ക് റീ-ഇംപേഴ്സ്മെന്റിനും അർഹതയുണ്ടെന്നും മുകളിലത്തെ പ്രസക്ത

ഭാഗത്ത് നിന്നും ഞങ്ങൾ മനസ്സിലാക്കുന്നു. നിലവിലെ കേസിൽ, ഒരു വിരമിച്ച ഹെഡ്മിസ്ട്രസ്സായ ഹർജികക്ഷിയുടെ അമ്മ 22,000/-രൂപയിൽ കൂടുതൽ പെൻഷനായി കൈപ്പറ്റുന്നതും ആയതിന് ഉപജീവനത്തിനോ ചികിത്സയ്ക്കോ മകളെ ആശ്രയിക്കുന്നതായി ഒരു അനുമാനം ഉയർത്താൻ കഴിയുകയില്ല. മാതാപിതാക്കളെ സംരക്ഷിക്കേണ്ട ബാദ്ധ്യത മകൾക്ക് ഉണ്ടെങ്കിലും, അമ്മയുടെ ചികിത്സയ്ക്കുവേണ്ടി മകൾ ചെലവാക്കിയ തുക തൊഴിലുടമയായ സർക്കാരിന് പരിണിത ഫലമായി റീ-ഇംപേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിന് ബാദ്ധ്യതയുണ്ടെന്ന് പറയാനാവില്ല. റീ-ഇംപേഴ്സ്മെന്റിനെ സംബന്ധിച്ച ചട്ടത്തിന് ഒരു സംവാദം ആവശ്യപ്പെടുന്നതല്ലാത്തതും ചട്ടത്തെ ചോദ്യം ചെയ്തിട്ടില്ലാത്തതുമാണ്. മെഡിക്കൽ ചെലവിന്റെ റീ-ഇംപേഴ്സ്മെന്റ് അത്തരം റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന നിബന്ധനകളാൽ നിയന്ത്രിക്കുന്ന സേവനത്തിന്റെ ഒരു അനുബന്ധ സംഭവവുമാണ്. ഞങ്ങൾ പരിശോധിച്ചതുപോലെ, നീതിയുടെയോ ധാർമ്മിക ബാദ്ധ്യതയുടെയോ അടിസ്ഥാനത്തിൽ ഇത് അനുവദിക്കാൻ സാധിക്കാത്തതും, നിർദ്ദിഷ്ട ചട്ടത്തെ ചോദ്യം ചെയ്തിട്ടില്ലാത്തതുമാണ്.

ഞങ്ങൾ അപ്രകാരം സിംഗിൾ ജഡ്ജിയുടെ വിധിന്യായം അസ്ഥിരപ്പെടുത്തുകയും സർക്കാരിന്റെ അപ്പീൽ അനുവദിക്കുകയും ചെയ്യുന്നു. റീ-ഇംപേഴ്സ്മെന്റിനുള്ള ക്ലെയിം മടക്കി അയച്ച റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് തികച്ചും ക്രമപ്രകാരമാണ്. ചെലവുകൾക്ക് യാതൊരു ഉത്തരവുമില്ല.

*——————*

# ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ. നാരായണ പിഷാരടി

എം. കെ. വർഗ്ഗീസ് കോർ എപ്പിസ്കോപ്പ

Vs

കേരള സംസ്ഥാനവും മറ്റുള്ളവരും

ക്രിമിനൽ എം. സി. നമ്പർ 6794/2019 (എച്ച്)

2020 ജനുവരി 8-ന് ഉത്തരവ് പുറപ്പെടുവിച്ചത്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**അപകീർത്തിപ്പെടുത്തുന്ന ഒരു കുറ്റകൃത്യം രൂപപ്പെടുത്തുന്നതിന് ഏതെങ്കിലും വ്യക്തിക്കെതിരെ ഒരു ആരോപണം ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യേണ്ടതും അപ്രകാരം ഉണ്ടാക്കുന്നതിനും പ്രസിദ്ധീകരിക്കുതിനും, ഹാനി വരുത്തുക എന്ന ഉദ്ദേശ്യത്തോടെ അല്ലെങ്കിൽ അങ്ങനെയുള്ള വ്യക്തിയുടെ അന്തസ്സിനെ അത്തരം ആരോപണം ഹാനി വരുത്തുമെന്ന് അറിയുകയോ അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കത്തക്ക കാരണമോ വേണ്ടതാണ്. പ്രസിദ്ധീകരണം ഇല്ലെങ്കിൽ അവിടെ അപകീർത്തിപ്പെടുത്തുന്ന ഒരു കുറ്റകൃത്യമില്ല. ഒരു കേസിലെ പ്രസ്താവന ഒഴിവാക്കലിൽ ഏതിനെങ്കിലും കീഴിൽ വരുമോ എന്ന ചോദ്യം വിചാരണയ്ക്ക് ശേഷം മാത്രം തീരുമാനിക്കാൻ കഴിയുന്നതും, ഇന്ത്യൻ തെളിവ് നിയമത്തിന്റെ 105-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ, അപകീർത്തികരമായ പ്രസിദ്ധപ്പെടുത്തിയ പ്രസ്താവനയോ വാക്കാൽ പ്രസ്താവനയോ അപ്പറഞ്ഞ ഒഴിവാക്കലുകളിൽ ഏതിനെങ്കിലും കീഴിൽ കൊണ്ടുവരേണ്ടത് പ്രതിയുടെ ബാദ്ധ്യതയാണ്.**

### ഉത്തരവ്

### ജസ്റ്റിസ് ആർ. നാരായണ പിഷാരടി

1. എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ സി.സി. നം.119/2019 എന്ന കേസിലെ ഏക പ്രതിയാണ് ഹർജികക്ഷി.

2. മേൽ പറഞ്ഞ കേസ്, രണ്ടാം എതിർ കക്ഷി ഹർജികക്ഷിക്കെതിരെ ഫയൽ ചെയ്ത പരാതിയിന്മേൽ ആരംഭിച്ച ഒന്നാണ്.

3. ഹർജികക്ഷിയുടെ അഭിപ്രായത്തിൽ, ഐ പി സി 500-ാം വകുപ്പിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റകൃത്യം അയാൾ ചെയ്തു എന്ന ആരോപിക്കപ്പെടുന്നു. എന്നിരുന്നാലും, എതിർകക്ഷി (ഇതിനുശേഷം 'പരാതിക്കാരൻ' എന്ന് പരാമർശിക്കപ്പെടുന്നു) അയാൾക്കെതിരെ ഫയൽ ചെയ്ത പരാതിയിലെ കുറ്റകൃത്യങ്ങൾ നടപടിക്കെടുത്തുകൊണ്ട് മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഹർജികക്ഷി ഹാജരാക്കിയില്ല.

4. അനുബന്ധം-എ1, ഹർജികക്ഷിക്കെതിരെ ഫയൽ ചെയ്ത പരാതിയുടെ പകർപ്പാണ്. അനുബന്ധം-എ1 പരാതിയിലെ സാരവത്തായ ആരോപണങ്ങൾ താഴെ പറയുന്നവയാണ്: നൂറനാട് പോലീസ് സ്റ്റേഷനിൽ, ക്രൈം നം. 472/2018 ആയി രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളായ

ചില വ്യക്തികൾക്കെതിരെ പോലീസ് സംരക്ഷണം തേടിക്കൊണ്ട് പ്രതി റിട്ട് ഹർജി (സി) നം.12448/2018 ഈ കോടതി മുമ്പാകെ ഫയൽ ചെയ്തു. മേൽപറഞ്ഞ റിട്ട് ഹർജിയിൽ പരാതിക്കാരൻ ഏഴാം എതിർകക്ഷിയായിരുന്നു. മേൽപറഞ്ഞ റിട്ട് ഹർജിയിൽ പരാതിക്കാരനെതിരെ വിവിധ പ്രസ്താവങ്ങളും ആരോപണങ്ങളും ഉന്നയിച്ചിരുന്നതും, ആയത് പരാതിയിൽ ഉദ്ധരിച്ചു. പ്രതി ഫയൽ ചെയ്ത റിട്ട് ഹർജിയിൽ പരാതിക്കാരനെ കുറിച്ച് നടത്തിയ അത്തരം പ്രസ്താവനകൾ അപകീർത്തിപരമായതും ഐപിസി 500-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹമായ ഒരു കുറ്റകൃത്യം പ്രതി ചെയ്തിട്ടുള്ളതുമാണ്. 9-4-2018-ന് പ്രതി, പരാതിക്കാരൻ താമസിക്കുന്ന ഹോട്ടൽ സന്ദർശിച്ചു. പ്രതി ഹോട്ടലിന്റെ മാനേജരെ കാണുകയും ഹോട്ടലിലെ സ്റ്റാഫിന്റെയും കസ്റ്റമേഴ്സിന്റെയും മുന്നിൽ വച്ച് അയാളോട് പരാതിക്കാരന് അപകീർത്തികരമായ പ്രസ്താവനകൾ നടത്തുകയും ചെയ്തു. പരാതിക്കാരൻ കരാർ കൊലയാളികളെ ക്രമീകരിക്കുന്നവരുടെ തലവൻ ആണെന്ന് പ്രതി ഹോട്ടൽ മാനേജരോട് പറഞ്ഞു. പരാതിക്കാരന്റെ ജനപ്രീതിയും യശസ്സും അപകടത്തിലാകുമെന്ന അറിവോടെയാണ് പ്രതി മനഃപൂർവ്വം അത്തരം ആരോപണം ഉന്നയിച്ചത്. അപകീർത്തികരമായ പ്രസ്താവനകൾ നടത്തി പരാതിക്കാരന്റെ അന്തസ്സിനും പ്രശസ്തിക്കും അപരിഹാര്യമായ ഹാനിയാണ് പ്രതി ഉണ്ടാക്കിയത്.

5. അനുബന്ധം-എ1, പരാതിയും ആ പരാതിയെ തുടർന്ന് ഹർജികക്ഷിക്കെതിരെ ആരംഭിച്ച നടപടികളും റദ്ദാക്കുന്നതിന് വേണ്ടി സി.ആർ.പി.സി 482-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്തതാണ് ഈ ഹർജി.

6. രണ്ടാം എതിർകക്ഷിക്ക് നോട്ടീസ് അയച്ചു, എന്നാൽ അയാൾ ഈ ഹർജിയിൽ ഹാജരായില്ല. ഹർജികക്ഷിയുടെ അഭിഭാഷകനെ കേട്ടു.

7. അനുബന്ധം-എ1 പരാതിയിലെ ആരോപണങ്ങൾ, ഐ പി സി 500-ാം വകുപ്പിന് കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റകൃത്യം ആകർഷിക്കുന്നില്ല എന്ന് ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ തർക്കിച്ചു. പരാതിക്കാരനെതിരെ ഹർജികക്ഷി ഫയൽ ചെയ്ത റിട്ട് ഹർജിയിലെ ആരോപണങ്ങളും പ്രസ്താവനകളും പരിപൂർണ്ണ വിശേഷാവകാശം ആസ്വദിക്കുന്നതും ഐ പി സി 500-ാം വകുപ്പു പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റകൃത്യത്തിന് വേണ്ടിയുള്ള ഒരു പരാതിയുമില്ല എന്നുകൂടി ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ തർക്കിച്ചു.

8. ഐ പി സി 499-ാം വകുപ്പ്, പറയപ്പെടുന്നതോ, വായിക്കാനായി ഉദ്ദേശിക്കുന്നതോ ആയ വാക്കുകൾ കൊണ്ടോ അല്ലെങ്കിൽ അടയാളങ്ങൾ, ദൃശ്യ അടയാളക്കുറിപ്പുകൾ എന്നിവ കൊണ്ടോ ഒരാൾ മറ്റൊരാളെക്കുറിച്ച് ഏതെങ്കിലും ആരോപണം ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതുമൂലം ആ ആരോപണം മറ്റേ ആളിന്റെ ഖ്യാതിക്ക് ഹാനി വരുത്തുമെന്ന് ഉദ്ദേശിക്കുകയോ അല്ലെങ്കിൽ അതു ഹാനി വരുത്തുമെന്ന് താൻ അറിയുകയോ അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കത്തക്ക കാരണമോ ഉള്ള സംഗതിയിൽ, ആ വ്യക്തിയെ അപകീർത്തിപ്പെടുത്തിയതാണ് എന്ന് പറയപ്പെടുന്നു. നാല് വിശദീകരണങ്ങളും പത്ത് ഒഴിവാക്കലുകളും കൂടി ഈ നിബന്ധനയിൽ വ്യവസ്ഥ ചെയ്യുന്നു.

9. ഐ പി സി 499-ാം വകുപ്പു പ്രകാരം, അപകീർത്തിപ്പെടുത്തുന്ന ഒരു കുറ്റകൃത്യം നടത്തുന്നതിന്, പറയപ്പെടുന്നതോ വായിക്കാനായി ഉദ്ദേശിക്കപ്പെടുന്നതോ ആയ വാക്കുകൾ കൊണ്ടോ അല്ലെങ്കിൽ അടയാളങ്ങൾ, ദൃശ്യ അടയാളക്കുറിപ്പുകൾ എന്നിവ കൊണ്ടോ ഒരാൾ മറ്റൊരാളെക്കുറിച്ച്

ഏതെങ്കിലും ആരോപണം ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതുമൂലം ആ ആരോപണം മറ്റേ ആളിന്റെ ഖ്യാതിക്ക് ഹാനി വരുത്തുമെന്ന് ഉദ്ദേശിക്കുകയോ അല്ലെങ്കിൽ അതു ഹാനിവരുത്തുമെന്ന് താൻ അറിയുകയോ അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കത്തക്ക കാരണമോ ഉള്ള സംഗതി വേണ്ടതാണ്. അപകീർത്തിപ്പെടുത്തുന്ന ഒരു കുറ്റകൃത്യം രൂപപ്പെടുത്തുന്നതിന് ഏതെങ്കിലും വ്യക്തിക്കെതിരെ ഒരു ആരോപണം ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യേണ്ടതും അപ്രകാരം ഉണ്ടാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും, ഹാനി വരുത്തുക എന്ന ഉദ്ദേശ്യത്തോടെ അല്ലെങ്കിൽ അങ്ങനെയുള്ള വ്യക്തിയുടെ അന്തസ്സിനെ അത്തരത്തിലെ ആരോപണം ഹാനി വരുത്തുമെന്ന് അറിയുകയോ അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കത്തക്ക കാരണമോ വേണ്ടതാണ്. പ്രസിദ്ധീകരണം ഇല്ലെങ്കിൽ അവിടെ അപകീർത്തിപ്പെടുത്തുന്ന ഒരു കുറ്റകൃത്യമില്ല.

10. ഹർജികക്ഷി പരാതിക്കാരനെതിരെ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ, നൂറനാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 472/2018 ആയി രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളാക്കിയവർ പരാതിക്കാരന്റെ വാടക ഗുണ്ടകളാണ് എന്ന ഒരു പ്രസ്താവന അടങ്ങുന്നു. നൂറനാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം.472/2018 ആയി രജിസ്റ്റർ ചെയ്തതിലേക്ക് നയിച്ച കുറ്റം നടത്തിയത് പരാതിക്കാരന്റെ കൈവേലയാണെന്നും റിട്ട് ഹർജിയിലെ 8 മുതൽ 10 വരെയുള്ള എതിർകക്ഷികൾ പരാതിക്കാരൻ വാടകക്കെടുത്ത കരാർ കൊലയാളികളാണെന്നും ഉള്ള ഒരു പ്രസ്താവന കൂടി റിട്ട് ഹർജിയിൽ അടങ്ങുന്നു. പ്രഥമദൃഷ്ട്യാ, ഹർജികക്ഷി ഫയൽ ചെയ്ത റിട്ട് ഹർജിയിലെ ഈ പ്രസ്താവനകൾ പരാതിക്കാരനെ അപകീർത്തിപ്പെടുത്തുന്നു.

11. കോടതിയിൽ ഫയൽ ചെയ്ത വാദങ്ങളിൽ അപകീർത്തികരമായ പ്രസ്താവനകൾ അടങ്ങുന്നുണ്ടെങ്കിൽ, അത് പ്രസിദ്ധീകരണമാകും. [കാണുക: **തങ്കവേലു ചെട്ടിയാർ Vs. പൊന്നമ്മാൾ : (മനു/ടി എൻ/0132/1966: എ ഐ ആർ 1966 മദ്രാസ് 363)**] ഒരിക്കൽ കോടതിയിൽ ഒരു പ്രസ്താവന ഫയൽ ചെയ്താൽ, അത് പ്രസിദ്ധീകരിച്ചതു പോലെ കരുതപ്പെടും. [കാണുക: **പ്രഭാകരൻ Vs. ഗംഗാധരൻ: (മനു/കെഇ/0074/2006: 2006 (2) കെ എൽ റ്റി 122)**]

12. ഹർജികക്ഷി, ഈ കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ ഹർജികക്ഷി നൽകിയ പ്രസ്താവനകൾ, പരിപൂർണ്ണമായ വിശേഷാവകാശം ആസ്വദിക്കുന്നു എന്ന് ഹർജികക്ഷിക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകന്റെ തർക്കത്തിൽ ഒരു യോഗ്യതയുമില്ല. **ഷൈബിമോൻ Vs. ഹരിദാസ് [മനു/കെഇ/0165/2010: 2010 (2) കെ എച്ച് സി 607:2010 (2) കെ എൽ റ്റി 158]**-ൽ താഴെ പറയും പ്രകാരം വിധിച്ചു:

"ഒരു ജുഡീഷ്യൽ നടപടിയിലെ ഒരു കക്ഷിയെ അത്തരം ജുഡീഷ്യൽ നടപടിയിൽ സത്യപ്രസ്താവനയിലോ മറ്റുവിധത്തിലോ നടത്തിയ ഒരു പ്രസ്താവനയുമായി ബന്ധപ്പെട്ട് അപകീർത്തിപ്പെടുത്തിയ ഒരു ക്രിമിനൽ കുറ്റകൃത്യത്തിന്, പ്രോസിക്യൂട്ട് ചെയ്യുന്ന പക്ഷം, അയാളുടെ ക്രിമിനൽ ബാദ്ധ്യത ഐ പി സി 499-ാം വകുപ്പിലെ വ്യവസ്ഥകൾ പരാമർശിച്ചുകൊണ്ട് മാത്രം തീരുമാനിക്കേണ്ടതാണ്. പരിപൂർണ്ണ വിശേഷാവകാശത്തിന്റെ ഇംഗ്ലീഷ് കോമൺ ലാ സിദ്ധാന്തം, ലാ ഓഫ് ടോർട്ട്സ് പ്രകാരം നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള ഒരു വ്യവഹാരത്തിൽ മാത്രമേ ഒരു പ്രതിരോധമായി ഉയർത്താൻ സാധിക്കുകയുള്ളൂ. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 499-ാം വകുപ്പിൽ ഉൾക്കൊള്ളുന്ന ഒഴിവാക്കലുകളുടെ പരിധിക്കപ്പുറം അത്തരം യാതൊരു

വിശേഷാവകാശവും ഇന്ത്യൻ ശിക്ഷാ നിയമം അംഗീകരിച്ചിട്ടില്ല. അപകീർത്തിപ്പെടുത്തിയ കുറ്റകൃത്യം ആരോപിക്കുന്ന ഒരു വ്യക്തിയുടെ ക്രിമിനൽ ബാദ്ധ്യത സംബന്ധിച്ച് പ്രസ്തുത വ്യവസ്ഥ അതിന്റെ ഒഴിവാക്കലുകളോടൊപ്പം ഒരുമിച്ച് അതിൽതന്നെ ഒരു സംപൂർണ്ണ സംഹിത രൂപപ്പെടുത്തുന്നു. ഐപിസി 499-ാം വകുപ്പിനുള്ള 10 ഒഴിവാക്കലുകളിൽ ഏതെങ്കിലും ഒന്നിനുള്ളിൽ വരാത്ത എല്ലാ അപകീർത്തികരമായ പ്രസ്താവനയും ഐപിസി 500-ാം വകുപ്പിൻകീഴിൽ ശിക്ഷാർഹമാണ്. ഇംഗ്ലീഷ് കോമൺ ലാ-യിൽ നിന്നോ പൊതുനയത്തിന്റെ കാരണങ്ങളുടെ അടിസ്ഥാനത്തിലോ ഉത്ഭവിച്ച കൂടുതൽ ഒഴിവാക്കലുകളൊന്നും കോടതിക്ക് ഉൾക്കൊള്ളാൻ കഴിയില്ല.".

13. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 499-ാം വകുപ്പ് പ്രകാരം ഒഴിവാക്കലുകൾ നിർവ്വചിക്കുന്ന വിശേഷാവകാശം, അവർ മറയ്ക്കാൻ ഉദ്ദേശിക്കുന്ന കേസുകളെ സമഗ്രമായതായി കരുതേണ്ടതും നിയമത്തിൽ അടങ്ങിയിരിക്കുന്നവയിൽ നിന്നും ഒഴിവാക്കാനുള്ള പുതിയ കാരണങ്ങൾ ചേർക്കുന്നതിന് ഇംഗ്ലീഷ് കോമൺ ലാ അവലംബിക്കുന്നതിന് കഴിയില്ല. [കാണുക: **തിരുവെങ്കട മുദാലി Vs. ത്രിപുര സുന്ദരി അമ്മാൾ : (മനു/ടി എൻ/0148/1926: എ ഐ ആർ 1926 മദ്രാസ് 906)]** ഒരു ജുഡീഷ്യൽ നടപടിയിലെ ഒരു കക്ഷിയെ അതിൽ സത്യപ്രസ്താവനയിലോ മറ്റു വിധത്തിലോ നടത്തിയ ഒരു പ്രസ്താവനയുമായി ബന്ധപ്പെട്ട് അപകീർത്തിപ്പെടുത്തിയതിന് പ്രോസിക്യൂട്ട് ചെയ്യുന്ന പക്ഷം, അയാളുടെ ക്രിമിനൽ ബാദ്ധ്യത ഐപിസി 499-ാം വകുപ്പിലെ വ്യവസ്ഥകൾ പരാമർശിച്ചുകൊണ്ട് തീരുമാനിക്കേണ്ടതും ഇംഗ്ലീഷ് കോമൺ ലാ-യിൽ നിന്നോ പൊതുനയത്തിന്റെ കാരണങ്ങളുടെ അടിസ്ഥാനത്തിലോ ഉത്ഭവിച്ച കൂടുതൽ ഒഴിലാക്കലുകളൊന്നും കോടതിക്ക് ഉൾക്കൊള്ളാൻ കഴിയില്ല. തത്ഫലമായി, അത്തരമൊരു സ്ഥാനത്തുള്ള ഒരാൾക്ക് യോഗ്യതയുള്ള പ്രത്യേകാവകാശത്തിന്റെ ആനുകൂല്യത്തിന് മാത്രമേ അർഹതയുള്ളൂ. [കാണുക: **സതിസ് ചന്ദ്ര ചക്രബർത്തി Vs. രാം ദയാൽ: (മനു/ ഡബ്ല്യൂ ബി/0191/1920: എ ഐ ആർ 1921 കൽ1)]**

14. തിരുവെങ്കിട മുദാലി (മുകളിലെ)-യിലെ തീരുമാനം സുപ്രീം കോടതി **[എം.സി. വർഗ്ഗീസ് Vs. റ്റി.ജെ. പൊന്നൻ (മനു/ എസ്സി/0054/1968:എഐആർ 1970 എസ്സി 1876)]**-ൽ പരാമർശിക്കുകയും താഴെ പറയും പ്രകാരം വിധിക്കുകയും ചെയ്തു:

**"തിരുവെങ്കട മുദാലി Vs. ത്രിപുരസുന്ദരി അമ്മാൾ : (മനു/ടി എൻ/0148/1926: ഐ എൽ ആർ 49 മദ്രാസ് 728)** -ൽ മദ്രാസ് ഹൈക്കോടതിയിലെ ഒരു ഫുൾ ബഞ്ച്, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 499-ാം വകുപ്പ് പ്രകാരം ഒഴിവാക്കലുകൾ, അവർ മറയ്ക്കാൻ ഉദ്ദേശിക്കുന്ന കേസുകളെ സമഗ്രമായി കരുതേണ്ടതും നിയമത്തിൽ അടങ്ങിയിരിക്കുന്നവയിൽ നിന്നും ഒഴിവാക്കാനുള്ള പുതിയ കാരണങ്ങൾ ചേർക്കുന്നതിന് ഇംഗ്ലീഷ് കോമൺ ലാ അവലംബിക്കുന്നതിന് കഴിയില്ല എന്ന് നിരീക്ഷിച്ചു. കോടതിയിൽ സമർപ്പിച്ച പരാതിയിൽ അപകീർത്തികരമായ പ്രസ്താവനകൾ നടത്തുന്ന ഒരു വ്യക്തി ക്രിമിനൽ നടപടിയിൽ പൂർണ്ണമായും പരിരക്ഷിക്കപ്പെടുന്നില്ല, കാരണം, എട്ടാമത്തെ ഒഴിവാക്കലിനും 499-ാം വകുപ്പിലെ ഉദാഹരണത്തിനും കീഴിൽ പ്രസ്താവനകൾ ഉത്തമവിശ്വാസത്തോടെ വരുമ്പോൾ മാത്രമേ വിശേഷാവകാശം ലഭിക്കൂ. അതിനാൽ ഇന്ത്യൻ ശിക്ഷാനിയമത്തിൻ കീഴിൽ ഒരു പ്രവൃത്തിയുടെ അപരാധിത്വം നിർണ്ണയിക്കുന്നതിൽ ഇംഗ്ലീഷ് കോമൺ ലാ-യുടെ സവിശേഷമായ ചട്ടം അവലംബിച്ചുകൊണ്ട് കോടതികൾ പ്രത്യേക ഒഴിവാക്കലുകളുടെ വ്യാപ്തി വർദ്ധിപ്പിക്കില്ല എന്ന നിർദ്ദേശത്തിന് അധികാരമുണ്ട്.".

15. റിട്ട് ഹർജിയിൽ ഹർജികക്ഷി നടത്തിയ പ്രസ്താവനകളുമായി ബന്ധപ്പെട്ട്, അവ ഒരു ജുഡീഷ്യൽ നടപടികളിൽ നടത്തിയതാണെന്ന കാരണത്താൽ പ്രോസിക്യൂഷനിൽ നിന്നും സമ്പൂർണ്ണ ഒഴിവാക്കൽ അവകാശപ്പെടുന്നതിന് ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ **ഗോപാലൻകുട്ടി നായർ Vs. ശങ്കുണ്ണി എഴുത്താശാൻ (മനു/കെഇ/0064/1971:1971 കെഎൽറ്റി 393)**-ലെ തീരുമാനം അവലംബിച്ചത് അനുചിതസ്ഥാനത്താണ്. മാനനഷ്ടത്തിന് നഷ്ടപരിഹാരം ഈടാക്കുന്നതിനുവേണ്ടി ഫയൽ ചെയ്ത ഒരു വ്യവഹാരം നിലനിൽക്കുന്നത് പരിഗണിക്കുന്നതിൽ അവതരിപ്പിച്ചതാണ് മേൽപ്പറഞ്ഞ തീരുമാനം.

16. **അബ്ദുൾ റഹ്മാൻ Vs. അനീഷ്-ഉൽ-ഹക്ക് (മനു/എസ് സി/1342/2011: (2011) 10 എസ്‌സിസി 696)**-ലെ സുപ്രീം കോടതിയുടെ തീരുമാനവും അയാൾക്കെതിരെ ഫയൽ ചെയ്ത പരാതി നിലനിൽക്കുന്നതല്ലെന്ന് കാണിക്കുന്നതിൽ ഹർജികക്ഷിയെ സഹായിച്ചില്ല. പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 211-ഉം 500-ഉം വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾ ആരോപിച്ച ഒരു കേസായിരുന്നു അത്. ആ കേസിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 211-ാം വകുപ്പിൽ ശിക്ഷാർഹമായ ഒരു കുറ്റകൃത്യം നടപടിക്കെടുക്കുന്നതിന് സി.ആർ.പി.സി 195-ാം വകുപ്പിൻകീഴിലെ വിലക്ക് ബാധകമാകുമെന്ന് പരമോന്നത കോടതി പരിഗണിച്ചു. ഒരു ജുഡീഷ്യൽ നടപടിയുമായി ബന്ധപ്പെട്ട് നടത്തിയ ഐപിസി 211-ാം വകുപ്പിൻ കീഴിൽ ശിക്ഷാർഹമായ ഒരു കുറ്റകൃത്യം നടപടിക്കെടുക്കുന്നതിന് സി.ആർ.പി.സി 195-ാം വകുപ്പിൻ കീഴിലെ വിലക്ക് ബാധകമാകുമെന്നും ഒരു സ്വകാര്യ പരാതിയുടെ അടിസ്ഥാനത്തിൽ ആ കുറ്റകൃത്യം മജിസ്ട്രേറ്റിന് നടപടിക്കെടുക്കാൻ കഴിയില്ല എന്നും പരമോന്നത കോടതി വിധിച്ചു. ആ കേസിൽ, ഐപിസി 500-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റകൃത്യം നടത്തിയതുമായി ബന്ധപ്പെട്ട്/പരാതിയുമായി മുന്നോട്ട് പോകാൻ പരാതിക്കാരന് പരമോന്നത കോടതി സ്വാതന്ത്ര്യം നൽകിയത് ശ്രദ്ധിക്കേണ്ടതാണ്.

17. പരിശോധന ആവശ്യമുള്ള മറ്റൊരു വശം ഉണ്ട്. പരാതിക്കാരൻ താമസിക്കുന്ന ഹോട്ടലിൽ ഹർജികക്ഷി കാണാൻ പോയപ്പോൾ, പരാതിക്കാരൻ ഹർജികക്ഷിയെ കുറിച്ച് നടത്തിയതായി ആരോപിക്കുന്ന അപകീർത്തികരമായ പ്രസ്താവന സംബന്ധിച്ച ആരോപണങ്ങളും അനുബന്ധം-എ1 പരാതിയിൽ ഉൾക്കൊള്ളുന്നു. ഹർജികക്ഷി, ഹോട്ടൽ മാനേജരോട്, പരാതിക്കാരൻ കരാർ കൊലയാളികളെ ക്രമീകരിക്കുന്നവരുടെ തലവൻ ആണെന്ന് പറയുകയും അയാൾ അത്തരം പ്രസ്താവന ഹോട്ടലിലെ സ്റ്റാഫിന്റെയും കസ്റ്റമേഴ്സിന്റെയും മുന്നിൽ വച്ച് നടത്തിയതായും പ്രത്യേകമായ ഒരു ആരോപണം പരാതിയിലുണ്ട്. ഹോട്ടൽ മാനേജർ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ഒരു സാക്ഷിയാണ്. ഹർജികക്ഷി ഹോട്ടൽ മാനേജരോട് പറഞ്ഞതായി ആരോപിക്കപ്പെടുന്ന മേൽപറഞ്ഞ വാക്കുകൾ, പ്രഥമ ദൃഷ്ട്യാ, പരാതിക്കാരന് അപകീർത്തികരമാണ്.

18. ഐപിസി 499-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ആനുകൂല്യത്തിന് ഹർജികക്ഷിക്ക് അർഹതയുണ്ടോ, അയാൾ, അയാളുടെ താത്പര്യം സംരക്ഷിക്കുന്നതിന് വേണ്ടി ഉത്തമവിശ്വാസത്തിൽ റിട്ട് ഹർജിയിൽ പ്രസ്താവന നടത്തിയതാണോ മുതലായവ, സി.ആർ.പി.സി 482-ാം വകുപ്പിൻകീഴിൽ ഫയൽ ചെയ്ത ഈ ഹർജിയിൽ ഈ കോടതിക്ക് തീരുമാനിക്കാൻ കഴിയാത്ത സംഗതികളാണ്. സാധാരണമായി ഒരു കേസിലെ പ്രസ്താവന ഒഴിവാക്കലിൽ ഏതിനെങ്കിലും കീഴിൽ വരുമോ എന്ന

ചോദ്യം വിചാരണയ്ക്ക് ശേഷം മാത്രം തീരുമാനിക്കാൻ കഴിയുന്നതും, ഇന്ത്യൻ തെളിവ് നിയമത്തിന്റെ 105-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ, അപകീർത്തികരമായ പ്രസിദ്ധപ്പെടുത്തിയ പ്രസ്താവനയോ വാക്കാൽ പ്രസ്താവനയോ അപ്പറഞ്ഞ ഒഴിവാക്കലുകളിൽ ഏതിനെങ്കിലും കീഴിൽ കൊണ്ടുവരേണ്ടത് പ്രതിയുടെ ബാദ്ധ്യതയാണ്.

19. ഐപിസി 499-ാം വകുപ്പിലെ ഒൻപതാം ഒഴിവാക്കൽ, ഒരാളുടെ സ്വഭാവത്തെ കുറിച്ച് ദോഷാരോപണം നടത്തുന്നത്, ആ ദോഷാരോപണം, അത് നടത്തുന്ന ആളുടെയോ മറ്റേതെങ്കിലും ആളുടെയോ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ പൊതുജനനന്മക്കോ ഉത്തമവിശ്വാസപൂർവ്വം നടത്തിയിട്ടുള്ളതാകുന്ന പക്ഷം, അപകീർത്തിപ്പെടുത്തലല്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. ഒൻപതാം ഒഴിവാക്കൽ, അത് നടത്തുന്ന ആളുടെ താത്പര്യം സംരക്ഷിക്കുന്നതിന് വേണ്ടി നടത്തുന്ന പ്രസ്താവന പ്രതിപാദിക്കുന്നു. ഒൻപതാം ഒഴിവാക്കലിലെ ഘടകങ്ങൾ, ആദ്യം, ദോഷാരോപണം ഉത്തമ വിശ്വാസത്തിൽ നടത്തിയിരിക്കണം; രണ്ടാമതായി ആ ദോഷാരോപണം, അത് നടത്തുന്ന ആളുടെയോ മറ്റേതെങ്കിലും ആളുടെയോ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ പൊതുജനനന്മക്കോ ഉത്തമവിശ്വാസപൂർവ്വം നടത്തിയിരിക്കണം. ഉത്തമ വിശ്വാസം വസ്തുതയുടെ ചോദ്യമാണ്. അത് ഉണ്ടാക്കുന്ന വ്യക്തിയുടെ താത്പര്യത്തിന്റെ പരിരക്ഷയും അങ്ങനെ തന്നെയാണ്.

20. നേരത്തെ നിരീക്ഷിച്ചതുപോലെ, റിട്ട് ഹർജിയിൽ പരാതിക്കാരനെതിരെ ഹർജികക്ഷിയുടെ ആരോപണങ്ങൾ അയാളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉത്തമവിശ്വാസത്തോടെ നടത്തിയതാണോ എന്നത് സി.ആർ.പി.സി 482-ാം വകുപ്പിൻകീഴിൽ ഫയൽ ചെയ്ത ഒരു ഹർജിയിൽ തീരുമാനിക്കാൻ കഴിയുന്ന ഒരു സംഗതിയല്ല. [കാണുക: **ശത്രുഘ്ന പ്രസാദ് സിൻഹ Vs. രാജ്ഭൗ സൂരജ്മാൾ രതി: (മനു/എസ് സി /1246/1996: (1996) 6 എസ് സി സി 263)**] ഐപിസി 499-ാം വകുപ്പിലെ ഒഴിവാക്കലുകളുടെ ബാധകതയെയും അതുപോലെ പ്രതിക്ക് ലഭ്യമായേക്കാവുന്ന മറ്റെല്ലാ എതിർവാദങ്ങളെയും കുറിച്ചുള്ള തർക്കവിഷയം കേസിന്റെ വിചാരണവേളയിൽ പോകേണ്ടിവരുമെന്ന് പ്രസ്താവിക്കേണ്ടതില്ല. [കാണുക: **ബൽരാജ് ഖന്ന Vs. മോത്തിറാം: (മനു/എസ് സി/0076/1971: എഐആർ 1971 എസ്സി 1389)പ-ഉം ജെഫ്രെ. ജെ. ഡയർമെയർ Vs. സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ : (മനു/എസ് സി/0390/2010: (2010) 6 എസ് സി സി 243)].**

21. മേൽ പരിശോധനയുടെ ഫലം, അനുബന്ധം-എ1 പരാതിയും അയാൾക്കെതിരെ പരാതിക്കാരൻ ആരംഭിച്ച ക്രിമിനൽ നടപടികളും റദ്ദാക്കണമെന്ന ഹർജികക്ഷിയുടെ അഭ്യർത്ഥന അനുവദിക്കാൻ കഴിയില്ല എന്നതാണ്.

തത്ഫലമായി, ഹർജി തള്ളി.

*——————*

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് ആർ. നാരായണ പിഷാരടി

(ക്രിമിനൽ റിവിഷൻ ഹർജി നമ്പർ 1141/2018)

കെ. എം. ജേക്കബ്ബ്

Vs

കേരള സംസ്ഥാനവും മറ്റുള്ളവരും

2020 ജനുവരി 8-ന് ഉത്തരവ് പുറപ്പെടുവിച്ചത്

## ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ

**ഹർജികക്ഷി നൽകിയ ചെക്ക് മതിയായ പണമില്ലാതെ മടങ്ങിയ സാഹചര്യത്തിൽ 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ 138-ാം വകുപ്പുപ്രകാരം വിചാരണ ക്കോടതി മൂന്നുമാസക്കാലത്തെ തടവു ശിക്ഷയും നഷ്ടപരിഹാരമായി 5,00,000/- രൂപ നൽകുന്നതിനും വിധിക്കുകയും ആയത് അപ്പീൽകോടതി സ്ഥിരപ്പെടുത്തുകയും ചെയ്തു. ശിക്ഷയുടെ തർക്കവിഷയത്തി ലേക്ക് വരുമ്പോൾ, ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യത്തിന്റെ ഗാംഭീര്യം, ഇന്ത്യൻ ശിക്ഷാനിയമത്തിലെയോ മറ്റ് ക്രിമിനൽ കുറ്റങ്ങൾക്കോ കീഴിലെ ഒരു കുറ്റകൃത്യവുമായി തുലനം ചെയ്യാൻ കഴിയില്ല. ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യം ഏതാണ്ട് ഒരു സിവിൽ കുറ്റ ത്തിന്റെ സ്വഭാവത്തിലാണ്, അതിന് ക്രിമിനൽ പരാമർശങ്ങൾ നൽകിയിട്ടുണ്ട്. അസാധാരണ മായ സാഹചര്യങ്ങളിലൊഴികെ അത്തരം കേസുകളിൽ കാര്യമായ തടവ് ശിക്ഷ നൽകില്ല. അതേസമയം, പണമില്ലാതെ ചെക്ക് മടങ്ങിയത് മൂലം ഉണ്ടായ നഷ്ടം സംബന്ധിച്ച് പരാതിക്കാരന് പ്രായശ്ചിത്തത്തിലൂടെ നഷ്ട പരിഹാരം നൽകാനുള്ള നിർദ്ദേശം നൽകും, ഇത്, ചെക്ക് തുക മാത്രമല്ല അതിന്മേലുള്ള ന്യായമായ നിരക്കിൽ പലിശയും അടയ്ക്കുക എന്ന് അർത്ഥമാക്കും.**

### ഉത്തരവ്

### ജസ്റ്റിസ് ആർ. നാരായണ പിഷാരടി

1. റിവിഷൻ ഹർജികക്ഷി, പത്തനംതിട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-II കോടതിയുടെ ഫയലിലെ എസ്.റ്റി. നമ്പർ 2327/2020 കേസിലെ പ്രതിയാണ്.

2. ഹർജികക്ഷി, 1881-ലെ കൈമാറാവുന്ന പ്രമാണങ്ങൾ ആക്റ്റിലെ (ഇതിനുശേഷം 'ആക്റ്റ്' എന്ന് പരാമർശിക്കപ്പെടുന്നു) 138-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റ കൃത്യത്തിന്, കുറ്റക്കാരനാണെന്ന് വിചാരണ ക്കോടതി കണ്ടെത്തുകയും അതിൻകീഴിൽ അയാളെ ശിക്ഷിക്കുകയും ചെയ്തു. ഒരു മൂന്നു മാസക്കാലയളവിലെ വെറും തടവ് അനുഭവി ക്കുന്നതിന് വിചാരണകോടതി അയാളെ ശിക്ഷി ക്കുകയും, പരാതിക്കാരന് നഷ്ടപരിഹാരമായി 5,00,000 രൂപയുടെ ഒരു തുക നൽകുന്നതിനും നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ച വരുത്തി യാൽ ഒരു മൂന്നുമാസക്കാലയളവിലെ വെറും തടവ് അനുഭവിക്കുന്നതിനും അയാളോട് നിർദ്ദേശിച്ചു.

3. വിചാരണക്കോടതി നടത്തിയ കുറ്റ സ്ഥാപനത്തെയും അയാൾക്കെതിരെ ചുമത്തിയ ശിക്ഷാവിധിയെയും ചോദ്യം ചെയ്തുകൊണ്ട് പത്തനംതിട്ട സെഷൻസ് കോടതി മുമ്പാകെ ഹർജികക്ഷി ക്രിമിനൽ

അപ്പീൽ നമ്പർ 9/2017 ഫയൽ ചെയ്തു. അപ്പീൽ കോടതി കുറ്റസ്ഥാപനവും അതേപോലെ ശിക്ഷാവിധിയും ശരിവയ്ക്കുകയും അപ്പീൽ തള്ളുകയും ചെയ്തു. കീഴ്ക്കോടതികളുടെ ഹർജികക്ഷിക്കെതിരെയുള്ള കുറ്റസ്ഥാപനത്തിന്റെയും ശിക്ഷാവിധിയുടെയും സമകാലവർത്തിയായ വിധിന്യായങ്ങളെ ഈ റിവിഷൻ ഹർജിയിൽ ചോദ്യം ചെയ്യുന്നു.

4. റിവിഷൻ ഹർജികക്ഷിയുടെയും കൂടാതെ രണ്ടാം എതിർകക്ഷി/പരാതിക്കാരന്റെയും അഭിഭാഷകരെ കേട്ടു.

5. പരാതിക്കാരന്റെ കേസ്, പരാതിയിൽ പറയുന്നപോലെ, അയാൾക്ക് നിയമപരമായി കിട്ടേണ്ടതായ കടം വീട്ടുന്നതിന്, പ്രതി 5-4-2010-ൽ 5,00,000 രൂപയുടെ ഒരു ചെക്ക് നൽകി. ചെക്ക് ബാങ്കിൽ ഹാജരാക്കിയപ്പോൾ പ്രതിയുടെ അക്കൗണ്ടിൽ മതിയായ തുക ഇല്ല എന്ന കാരണത്താൽ തുക നൽകാതെ മടങ്ങി എന്ന് പറഞ്ഞു. ചെക്കിലെ തുക നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതിക്കാരൻ ഒരു വക്കീൽ നോട്ടീസ് പ്രതിക്ക് അയച്ചു. പ്രതി നോട്ടീസ് സ്വീകരിച്ചു. അയാൾ യാതൊരു മറുപടിയും നൽകിയില്ല. അയാൾ തുക നൽകിയില്ല.

6. കേസിന്റെ വിചാരണവേളയിൽ പരാതിക്കാരനെ പി.ഡബ്ല്യൂ-1 ആയി വിസ്തരിക്കുകയും അയാളുടെ ഭാഗത്ത് നിന്നും എക്സിബിറ്റുകൾ പി1 മുതൽ പി6 വരെ രേഖപ്പെടുത്തുകയും ചെയ്തു. പ്രതിയെ ഡി.ഡബ്ല്യൂ-1 ആയി വിസ്തരിക്കുകയും മറ്റൊരു സാക്ഷിയെ ഡി.ഡബ്ല്യൂ-2 ആയി അയാൾ വിസ്തരിക്കുകയും അയാളുടെ ഭാഗത്തുനിന്നും എക്സിബിറ്റുകൾ ഡി1 മുതൽ ഡി3 വരെ രേഖകൾ മാർക്ക് ചെയ്യുകയും ചെയ്തു.

7. പി.ഡബ്ല്യൂ-1 ആയി വിസ്തരിച്ചപ്പോൾ, ചീഫ് വിസ്താരത്തിൽ, പ്രതി 5,00,000 രൂപ അയാളിൽ നിന്നും 9-3-2010-ന് കടം വാങ്ങിയെന്നും ആ കടം വീട്ടുന്നതിനായി, 15-4-2010 തീയതിയിലെ എക്സിബിറ്റ് പി1 ചെക്ക് ആ തുകയ്ക്ക് പ്രതി ഒപ്പിട്ട് നൽകി എന്നും പരാതിക്കാരൻ തെളിവ് നൽകി.

8. എതിർവിസ്താരത്തിൽ, പ്രതിക്കെതിരെ അയാൾ ഫയൽ ചെയ്ത നാല് കേസുകൾ ഉണ്ടെന്ന് പി.ഡബ്ല്യൂ-1 മൊഴി നൽകി. അയാളുടെ 23 സെന്റ് വസ്തു വിറ്റതിലൂടെ അയാൾക്ക് ലഭിച്ച തുകയിൽ നിന്നുമാണ് അയാൾ പ്രതിക്ക് വായ്പ നൽകിയതെന്നു കൂടി അയാൾ പ്രസ്താവിച്ചു.

9. പരാതിക്കാരൻ, അയാളുടെ കീഴിലെ ഒരു ജീവനക്കാരനായിരുന്നെന്നും, അയാളുടെ സ്ഥാപനത്തിലെ പരാതിക്കാരന്റെ സേവനങ്ങൾ അയാൾ അവസാനിപ്പിച്ചിരുന്നെന്നും, പരാതിക്കാരൻ ആഫീസിൽ നിന്നും പോയപ്പോൾ, അയാളുടെ ആഫീസിൽ അയാൾ സൂക്ഷിച്ചിരുന്ന ഒപ്പിട്ട ബ്ലാങ്ക് ചെക്ക് ലീഫുകൾ അയാൾ മോഷ്ടിച്ചു എന്നും ആയിരുന്നു പ്രതിയുടെ വാദം.

10. പ്രതിയെ ഡി.ഡബ്ല്യൂ-1 ആയി വിസ്തരിച്ചു. അയാൾക്ക് പരാതിക്കാരനുമായി യാതൊരു സാമ്പത്തിക ഇടപാടും ഉണ്ടായിരുന്നില്ലെന്ന് അയാൾ പ്രസ്താവിച്ചു. പരാതിക്കാരൻ അയാളുടെ ആഫീസിലെ മാനേജരായിരുന്നെന്ന് അയാൾ പറഞ്ഞു. ആഫീസിൽ പരാതിക്കാരൻ സൃഷ്ടിച്ച ചില പ്രശ്നങ്ങൾ കാരണം, അയാൾ പരാതിക്കാരന്റെ സേവനങ്ങൾ അവസാനിപ്പിക്കുകയും, പരാതിക്കാരൻ ആഫീസിൽ നിന്നും പോയപ്പോൾ, അയാൾ (പ്രതി) ആഫീസിൽ സൂക്ഷിച്ചിരുന്ന ഒപ്പിട്ട ബ്ലാങ്ക് ചെക്കുകൾ അയാൾ എടുത്തുകൊണ്ടുപോയി എന്നും അയാൾ മൊഴി നൽകി.

11. ഡി.ഡബ്ല്യൂ-2 പ്രതിയുടെ സ്ഥാപനത്തിലെ ഒരു ജീവനക്കാരനാണ്. പരാതിക്കാരൻ അതേ ആഫീസിലെ ഒരു സ്റ്റാഫാണെന്ന് അയാൾ തെളിവ് നൽകി.

12. എതിർവിസ്താരത്തിൽ, അയാൾ പ്രതിയുടെ ഒരു ജീവനക്കാരനായിരുന്നെന്നും,

പ്രതിയുടെ ആഫീസിൽ നിന്നും ചെക്ക് അയാൾ മോഷ്ടിച്ചു എന്നുമുള്ള സൂചന അയാൾ നിരസിച്ചു.

13. ചെക്ക്, പരാതിക്കാരൻ അയാളുടെ ആഫീസിൽ നിന്നും മോഷ്ടിച്ചതായിരുന്നെന്ന പ്രതിയുടെ വാദം, സാധ്യതയുള്ളതായി സ്വീകരിക്കാൻ കഴിയില്ല. അത് സംബന്ധിച്ച പ്രതിയുടെ തെളിവ് വിശ്വസനീയമല്ല. കാരണങ്ങൾ താഴെ പറയുന്നു.

14. ആദ്യമായി, പരാതിക്കാരൻ പ്രതിയുടെ ആഫീസിലെ ഒരു സ്റ്റാഫാണെന്ന് കാണിക്കുന്നതിന് രേഖാമൂലമുള്ള യാതൊരു തെളിവുമില്ല. തീർച്ചയായും, എക്സിബിറ്റ് ഡി1, ആയത് അയാളുടെ ആഫീസിന്റെ മാനേജരായി പരാതിക്കാരനെ നിയമിച്ചുകൊണ്ട് അയാൾ നൽകിയ ഉത്തരവിന്റെ പകർപ്പ് പ്രതി ഹാജരാക്കിയിട്ടുണ്ട്. എക്സിബിറ്റ് ഡി1, സ്വന്തം കാര്യം നേടാൻ മാത്രമുള്ള ഒരു രേഖയാണ്. പരാതിക്കാരൻ എക്സിബിറ്റ് ഡി1 ഉത്തരവ് കൈപ്പറ്റിയതോ പ്രതിയുടെ ആഫീസിൽ അയാൾ ജോലി ചെയ്തതോ കാണിക്കുന്നതിന് യാതൊരു ഘടകവുമില്ല. സ്റ്റാഫിന്റെ ശമ്പളം അവരിൽ നിന്നും വൗച്ചറുകൾ ഒപ്പിട്ടുവാങ്ങിയശേഷം നൽകുന്നതായിരുന്നു അയാളുടെ ആഫീസിലെ പതിവ് എന്ന് ഡി.ഡബ്ല്യൂ-1 തെളിവ് നൽകി. പരാതിക്കാരന് ശമ്പളം കൊടുത്തതായി കാണിക്കുന്ന വൗച്ചറുകളും അയാളുടെ ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട് എന്നുകൂടി അയാൾ മൊഴി നൽകി. ആ വൗച്ചറുകൾ പ്രതി കോടതിയിൽ ഹാജരാക്കിയില്ല. പരാതിക്കാരൻ ഒപ്പിട്ട വൗച്ചറുകൾ അയാൾ കോടതിയിൽ ഹാജരാക്കിയിരുന്നെങ്കിൽ, പരാതിക്കാരൻ അയാളുടെ ആഫീസിലെ ഒരു സ്റ്റാഫായിരുന്നെന്ന് തെളിയിക്കുന്നതിൽ, അത് ഒരുപാട് മുന്നോട്ട് പോകുമായിരുന്നു. അത്തരത്തിലെ വൗച്ചറുകൾ കോടതിയിൽ പ്രതി ഹാജരാക്കാത്തത് അയാളുടെ വാദം സത്യമല്ല എന്ന ഒരു അനുമാനം ഉണ്ടാക്കുന്നതിന് ഒരു നിർണ്ണായക സാഹചര്യമാണ്.

15. രണ്ടാമതായി, ചെക്കിന്റെ നഷ്ടത്തെയോ മോഷണത്തെയോ സംബന്ധിച്ച് പ്രതി ബാങ്കിന് യാതൊരു അറിയിപ്പും തീർച്ചയായും നൽകിയിരുന്നില്ല. ചെക്ക് പണമില്ലാതെ മടങ്ങിയ ശേഷമാണ് ചെക്കിന്റെ മോഷണത്തെക്കുറിച്ച് അറിഞ്ഞതെന്ന് ഡി.ഡബ്ല്യൂ-1 വളരെ ഉചിതമായി പറഞ്ഞു. എന്നാൽ, സി.ആർ.പി.സി 313-ാം വകുപ്പിൻകീഴിൽ വിസ്തരിച്ചപ്പോൾ, പരാതിക്കാരൻ ചെക്ക് എടുത്തുകൊണ്ട് പോയ ദിവസം തന്നെ അയാൾ പോലീസിൽ പരാതിപ്പെട്ടതായി പ്രതി പറഞ്ഞു. അങ്ങനെയാണെങ്കിൽ, ചെക്ക് പണമില്ലാതെ മടങ്ങിയ ശേഷം മാത്രമാണ് ചെക്ക് നഷ്ടപ്പെട്ടതിനെക്കുറിച്ച് അയാൾ അറിഞ്ഞതെന്ന അയാളുടെ തെളിവ് വിശ്വസിക്കാൻ കഴിയില്ല.

16. മൂന്നാമതായി, അയാളുടെ ആഫീസിൽ നിന്നും ചെക്ക് മോഷണവുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി കൊടുത്തു എന്ന് പറയുന്നുണ്ടെങ്കിലും കേസിന്റെ വിചാരണയ്ക്കിടയിൽ അപ്രകാരം തെളിയിക്കുന്നതിന് യാതൊരു രേഖയും ഹാജരാക്കിയിരുന്നില്ല. പോലിസിന് നൽകിയ പരാതിയിൽ സമൻസ് നൽകാൻ പ്രതി ഒരു നടപടിയും സ്വീകരിച്ചില്ല.

17. തീർച്ചയായും, റിവിഷൻ ഹർജിയിൽ, ക്രിമിനൽ പലവക അപേക്ഷ നമ്പർ 4/2019 എന്ന ഒരു അപേക്ഷയൊടൊപ്പം, ചെക്ക് മോഷണവുമായി ബന്ധപ്പെട്ട് പോലീസിന് നൽകിയതായി ആരോപിക്കപ്പെട്ട പരാതിയുടെ ഒരു പകർപ്പ് അയാൾ ഹാജരാക്കി. ഇത് വിചാരണക്കോടതി മുമ്പാകെയോ അല്ലെങ്കിൽ കുറഞ്ഞത് അപ്പീൽ ഘട്ടത്തിലോ ഹാജരാക്കാതിരുന്നതിന് ഹർജികക്ഷിയുടെ മതിയായ കാരണങ്ങളുടെ അഭാവത്തിൽ, ഈ രേഖ, റിവിഷൻ ഹർജിയിൽ തെളിവായി അംഗീകരിക്കാൻ കഴിയില്ല.

18. കൂടാതെ, ചെക്ക് മോഷണവുമായി ബന്ധപ്പെട്ട്, പരാതിക്കാരൻ പോലീസിന് നൽകിയതായി ആരോപിക്കപ്പെട്ട പരാതിയുടെ കോടതിയിൽ ഹാജരാക്കിയ പകർപ്പ് 14-6-2011

തീയതിയിലേതാണ്. വിചാരണക്കോടതിയിൽ രണ്ടാം എതിർകക്ഷി/പരാതിക്കാരൻ ആക്റ്റിലെ 138-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യത്തിന് പരാതി ഫയൽ ചെയ്തത് 3-11-2010-ന് ആയിരുന്നു. പ്രതി 14-6-2011 തീയതിയിലെ ഒരു പരാതി പോലീസിന് നൽകിയതായി അംഗീകരിച്ചാൽ തന്നെയും അത് പര്യാലോചനയുടെയും അനന്തര ചിന്തയുടെയും ഫലമാണെന്ന് വ്യക്തമാണ്.

19. **ഉത്തംറാം Vs. ദേവിന്ദർ സിംഗ് (മനു/എസ്സി/1435/2019:ജെ.റ്റി 2019 (11) എസ്സി 339)**-ൽ പരമോന്നത കോടതി താഴെപറയും പ്രകാരം നിരീക്ഷിച്ചു:

"9-9-2011-ന് ചെക്ക് ബുക്ക് നഷ്ടപ്പെട്ടതായി പോലീസ് രേഖപ്പെടുത്തിയ കുറിപ്പ് പ്രതി അവലംബിച്ചു. എന്നിരുന്നാലും, ചെക്ക് പണമില്ലാതെ മടങ്ങിയതിന്റെ അറിയിപ്പ് 27-10-2011-ന് അയാൾക്ക് ലഭിച്ചതിന് ശേഷവും ചെക്ക് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഏതെങ്കിലും എഫ്.ഐ.ആർ. പ്രതി നൽകിയില്ല. ചെക്ക് തുക അടയ്ക്കുന്നത് ഒഴിവാക്കാൻ തെളിവ് സൃഷ്ടിക്കുന്നതിന് സ്വന്തം കാര്യം നേടാനുള്ള ഒരു റിപ്പോർട്ടായി വിചാരണക്കോടതി തന്നെ കണ്ടെത്തിയതിനാൽ, കേവല രേഖപ്പെടുത്തൽ ചെക്കിന്റെ നഷ്ടത്തിനുള്ള തെളിവാകുന്നില്ല".

20. നാലാമതായി, ഒപ്പിട്ട ബ്ലാങ്ക് ചെക്കുകൾ അയാളുടെ ആഫീസിൽ എന്ത് സാഹചര്യങ്ങളിലാണ് സൂക്ഷിച്ചത് എന്നതിന് പ്രതി യാതൊരു തൃപ്തികരമായ വിശദീകരണവും നൽകിയില്ല. അത്തരം അസാധാരണമായ പെരുമാറ്റത്തിന് പ്രതിയിൽ നിന്നും യാതൊരു വിശദീകരണവും ഉണ്ടായില്ല.

21. അഞ്ചാമതായി, പരാതിക്കാരൻ പ്രതിക്കയച്ച നിയമപരമായ നോട്ടീസിന് അയാളുടെ ഏതെങ്കിലും പ്രതികരണത്തിന്റെ അഭാവം, മറ്റൊരു നിർണ്ണായക സാഹചര്യമാണ്. 5,00,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് പരാതിക്കാരൻ അയച്ച വക്കീൽ നോട്ടീസ് അയാൾക്ക് കിട്ടിയില്ല എന്ന യാതൊരു കേസും പ്രതിക്ക് ഇല്ല. നോട്ടീസിന് അയാൾ യാതൊരു മറുപടിയും നൽകിയില്ല. അയാൾ പരാതിക്കാരന് 5,00,000 രൂപ കടപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയും ആ ബാദ്ധ്യത വീടുന്നതിന് അയാൾ പരാതിക്കാരന് ചെക്ക് നൽകിയിട്ടില്ലാത്തതും, അയാളുടെ ആഫീസിൽ നിന്നും പരാതിക്കാരൻ ചെക്ക് മോഷ്ടിക്കുകയും ചെയ്ത പക്ഷം, പ്രതി, തീർച്ചയായും നിയമപരമായ നോട്ടീസിന് ഒരു മറുപടി അയയ്ക്കുമായിരുന്നു. അയാളിൽ നിന്നും ഒരു വലിയ തുക ആവശ്യപ്പെട്ടുകൊണ്ട് പരാതിക്കാരനിൽ നിന്നും നോട്ടീസ് സ്വീകരിക്കുന്നതിൽ അയാൾ നിഷ്ക്രിയനോ നിശബ്ദനോ ആയിരിക്കില്ല. ഡിമാന്റ് നോട്ടീസ് പ്രതി ഉചിതമായി സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടും, അയാൾ യാതൊരു പ്രതികരണവും പ്രകടിപ്പിച്ചില്ല എന്നത് അയാൾക്കെതിരെ മറ്റൊരു നിർണ്ണായക സാഹചര്യമാണ്. നിയമപരമായ നോട്ടീസിന് മറുപടി നൽകുന്നതിൽ പ്രതി പരാജയപ്പെട്ടു എന്നത് പരാതിക്കാരന്റെ വിവരണത്തിൽ യോഗ്യത ഉണ്ടെന്ന നിഗമനത്തിലേക്ക് നയിക്കുന്നു. [കാണുക: **രംഗപ്പ Vs. മോഹൻ : (മനു/എസ്സി/0376/2010:എ ഐ ആർ 2010 എസ്സി 1898)**]

22. പരാതിയും അതുപോലെ നോട്ടീസും പ്രതിയുമായി പരാതിക്കാരനുള്ള ഇടപാടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നില്ല എന്ന് ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ തർക്കിച്ചു. പരാതിയിൽ അത്തരത്തിലെ വിശദാംശങ്ങളുടെ അഭാവം പരാതിക്കാരൻ പടുത്തുയർത്തിയ കേസിന് നിർണ്ണായകമാണെന്ന് അഭിഭാഷകൻ തർക്കിച്ചു.

23. പരാതിയിലോ നോട്ടീസിലോ, യഥാർത്ഥ ഇടപാടിന്റെ വിശദാംശങ്ങളുടെ അഭാവം, പരാതിയുടെ നിലനിൽപ്പിനെയോ നോട്ടീസിന്റെ സാധ്യതയെയോ ബാധിക്കില്ല. പരാതിക്കാരൻ, ഒരു ബാദ്ധ്യത നിലനിൽക്കുന്നു എന്ന് പരാതിയിൽ നിർദ്ദിഷ്ട ആരോപണം നടത്തേണ്ടതിന്റെ

യാതൊരു ആവശ്യകതയുമില്ല. [കാണുക: **എം.എം.റ്റി.സി. ലിമിറ്റഡ് Vs. മെഡ്ചിൽ കെമിക്കൽസ് ആന്റ് ഫാർമ (പി) ലിമിറ്റഡ് : (മനു/ എസ്സി/0728/2001: എ ഐ ആർ 2002 എസ്സി 182)]**

24. പരാതിയിലെ യഥാർത്ഥ ഇടപാടിനെ സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവം, പരാതിക്കാരൻ നൽകിയ തെളിവ്, അവിശ്വസനീയമായതോ അയാൾ സ്ഥാപിച്ച കേസ് അസംഭവ്യമായതോ ആക്കും എന്ന് നിയതമായ ചട്ടമില്ല. പരാതിയിൽ അത്തരം വിശദാംശങ്ങളുടെ അഭാവം, പരാതിക്കാരന്റെ സാക്ഷ്യത്തിന്റെ വിശ്വാസ്യതയെയോ അല്ലെങ്കിൽ തെളിവായി അദ്ദേഹം സ്ഥാപിച്ച കേസിനെയോ ബാധിക്കുമോ എന്നത് ഓരോ കേസിന്റെയും വസ്തുതകളെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കും. പ്രതിയുടെ ചെക്ക് പരാതിക്കാരൻ കൈവശം വയ്ക്കുന്നത് സംബന്ധിച്ച് പ്രതി ഒരു വാദം ഉന്നയിക്കുന്ന പക്ഷവും, ആയതിലേക്ക് തന്റെ വാദം തെളിയിക്കാൻ പ്രതി വിശ്വസനീയമായ തെളിവ് ഹാജരാക്കുകയും പരാതിയിലെ യഥാർത്ഥ ഇടപാട് സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവം, ആക്റ്റിലെ 139-ാം വകുപ്പിൻ കീഴിലെ നിഗമനം ഖണ്ഡിക്കുന്നതിന് പ്രതിയെ പ്രാപ്തനാക്കുന്ന ഒരു സാഹചര്യമായിരിക്കും. അയാളുടെ ഒപ്പുള്ള ചെക്ക് പരാതിക്കാരന്റെ കൈവശം എങ്ങനെ എത്തി എന്നതിന്, സാദ്ധ്യതയുള്ള ഒരു വാദം പോലും പ്രതിക്ക് ഉന്നയിക്കാൻ കഴിയാത്തതും ഉന്നയിച്ച ഏതെങ്കിലും വാദത്തെ പിന്തുണച്ചുകൊണ്ട് പ്രതി ഹാജരാക്കിയ ഏതെങ്കിലും തെളിവ് വിശ്വസനീയവും വിശ്വാസയോഗ്യവുമല്ലാത്ത ഒരു സംഗതിയിൽ, പരാതിയിൽ യഥാർത്ഥ ഇടപാട് സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവം, അത് സംബന്ധിച്ച് പരാതിക്കാരൻ നൽകിയ തെളിവിന്റെ വിശ്വാസ്യതയെ ബാധിക്കില്ല.

25. **ശ്രീ ദനേശ്വരി ട്രേഡേഴ്സ് Vs. സഞ്ജയ് ജെയ്ൻ : (മനു/എസ്സി/ 1138/2019: എ ഐ ആർ 2019 എസ്സി 4003)**-ൽ സുപ്രീം കോടതി താഴെ പറയും പ്രകാരം വിധിച്ചു:

"സാധനങ്ങൾ പണത്തിന് വിറ്റു എന്നും അരി ബാഗുകൾ കടത്തിന് വിറ്റു എന്നും കടത്തിന് വിറ്റ സാധനങ്ങൾക്ക് ചെക്ക് നൽകിയെന്നും ഉള്ള ആരോപണങ്ങൾ ഒന്നും തന്നെ പരാതിയിൽ ഇല്ല എന്ന കാരണത്താൽ പരാതിക്കാരന്റെ തെളിവ് കീഴ്ക്കോടതികൾ അവിശ്വസിച്ചു. കടത്തിന് വാങ്ങിയതിന് ചെക്കുകൾ നൽകി എന്ന പ്രത്യേക ആരോപണങ്ങൾ പരാതിയിൽ അടങ്ങുന്നില്ല എന്നിരുന്നാൽ തന്നെയും, അയാളുടെ തെളിവിൽ, കടത്തിന് വാങ്ങിയ സാധനങ്ങൾക്ക് ചെക്ക് നൽകിയിരുന്നെന്ന് പി.ഡബ്ല്യൂ-1 വ്യക്തമായി പറഞ്ഞു. പണമായും കടമായും വാങ്ങിയതുമായി ബന്ധപ്പെട്ട് പരാതിയിൽ യാതൊരു ആരോപണങ്ങളും ഉണ്ടായിരുന്നില്ല എന്ന കാരണത്താൽ പി.ഡബ്ല്യൂ-1-ന്റെ തെളിവ് അവഗണിച്ചതിൽ കീഴ്ക്കോടതികൾക്ക് തെറ്റ് പറ്റി. കടമോ മറ്റ് ബാദ്ധ്യതയോ പൂർണ്ണമായോ ഭാഗികമായോ വീട്ടുന്നതിന് ചെക്കുകൾ പരാതിക്കാരന് ലഭിച്ചു എന്ന് ആക്റ്റിന്റെ 139-ാം വകുപ്പിൻകീഴിലെ നിയമപരമായ അനുമാനം ഉന്നയിക്കാതെ കീഴ്ക്കോടതികൾ വീഴ്ച വരുത്തി."

(ഊന്നൽ നൽകുന്നു)

26. ഉത്തംറാം (മുകളിലെ)-ൽ സുപ്രീം കോടതി താഴെ പറയും പ്രകാരം വിധിച്ചു:

"വിചാരണക്കോടതിയും ഹൈക്കോടതിയും, അപ്പീൽവാദി, സിവിൽക്കോടതി മുമ്പാകെ ഒരു കടം തെളിയിക്കുന്നതുപോലെ, അതിൽ, ലഭിക്കേണ്ട തുക വീണ്ടെടുക്കുന്നതിന് വേണ്ടി അയാളുടെ അവകാശവാദത്തെ പിന്തുണച്ചുകൊണ്ട് നൽകുന്ന തെളിവിന്റെ അടിസ്ഥാനത്തിൽ വാദിക്ക് അയാളുടെ അവകാശവാദം തെളിയിക്കേണ്ട ആവശ്യകത ഉണ്ട് എന്ന രീതിയിൽ മുന്നോട്ടുപോയി.

ഒരു ചെക്ക് പണമില്ലാതെ മടങ്ങുന്നത് പ്രതിഫലത്തിന്റെ ഒരു നിയമപരമായ അനുമാനം ഉൾക്കൊള്ളുന്നു. യഥാസമയം ചെക്ക് കൈവശമുള്ളയാൾ ചെക്ക് പ്രതി നൽകിയതാണെന്നും അത് ഹാജരാക്കിയപ്പോൾ പണം മാറിക്കിട്ടിയില്ല എന്നും തെളിയിക്കേണ്ട ആവശ്യമുണ്ട്. അവിടെ പ്രതിഫലത്തിന്റെ ഒരു നിയമപരമായ അനുമാനമുള്ളതിനാൽ, ചെക്ക് ഏതെങ്കിലും കടത്തിനോ അല്ലെങ്കിൽ മറ്റ് ബാദ്ധ്യതയ്ക്കോ അല്ല നൽകിയത് എന്ന അനുമാനം ഖണ്ഡിക്കേണ്ട ചുമതല പ്രതിയ്ക്കാണ്."

(ഊന്നൽ നൽകുന്നു)

27. **രോഹിത് ഭായ് ജീവൻലാൽ പട്ടേൽ Vs. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് (മനു/എസ്സി/0393/2019: എ ഐ ആർ 2019 എസ്സി 1876)**-ൽ സുപ്രീം കോടതി താഴെ പറയും പ്രകാരം നിരീക്ഷിച്ചു:

"വായ്പ നൽകുന്നതിന് എതിർകക്ഷിയുടെ പണത്തിന്റെ ഉറവിടം കാണിക്കുന്നതിന് രേഖാമൂലമായ തെളിവില്ലായിരുന്നു, അഥവാ കച്ചാ നോട്ടുകൾ സ്വീകരിച്ച രൂപത്തിലെ ഇടപാട് പോലും എതിർകക്ഷി രേഖപ്പെടുത്തിയില്ല, അഥവാ പരാതിക്കാരന്റെയും അയാളുടെ സാക്ഷിയുടെയും പ്രസ്താവനയിലെ പരസ്പര വൈരുദ്ധ്യങ്ങൾ, അഥവാ പരാതിയിലെ സാക്ഷിക്ക് കൂടുതലായി വസ്തുതകൾ അറിയാമായിരുന്നു മുതലായ വിചാരണക്കോടതിയുടെ നിരീക്ഷണങ്ങൾ, പരാതിയിൽ സംശയാതീതമായി അയാളുടെ കേസ് തെളിയിക്കേണ്ട ബാദ്ധ്യതയുമായി ബന്ധപ്പെട്ട് പരിശോധിച്ചിരുന്നെങ്കിൽ പ്രസക്തമാകുമായിരുന്നു. ഈ പര്യാലോചനകളും നിരീക്ഷണങ്ങളും, എൻ ഐ ആക്റ്റിന്റെ 118-ാം വകുപ്പിന്റെയും 139-ാം വകുപ്പിന്റെയും അടിസ്ഥാനത്തിൽ പരാതിക്കാരന് അനുകൂലമായി നിലവിലുള്ള അനുമാനവുമായി അനുരൂപമാകുന്നില്ല. അത്തരം അനുമാനത്തിന്റെ ഫലമായി നിയമപരമായി നടപ്പിലാക്കാവുന്ന കടത്തിന്റെ നിലനിൽപ്പ് പരാതിക്കാരന് അനുകൂലമായി അനുമാനിക്കേണ്ടതുണ്ടെന്ന് ആവർത്തിക്കേണ്ടതില്ല. അത്തരമൊരു അനുമാനം സ്വീകരിക്കുമ്പോൾ, പ്രതിക്ക് അനുമാനം ഖണ്ഡിക്കാൻ കഴിയുമോ ഇല്ലയോ എന്ന് പരിശോധിക്കുമ്പോൾ രസീതുകളുടെ രൂപത്തിലെ രേഖാമൂലമുള്ള തെളിവുകളുടെ ആവശ്യകതയുമായി ബന്ധപ്പെട്ട ഘടകങ്ങളോ അക്കൗണ്ടുകളോ ഫണ്ടുകളുടെ ഉറവിടം സംബന്ധിച്ച തെളിവുകളുടെ അഭാവമോ പ്രസക്തമായ പരിഗണനയിലായിരുന്നില്ല. പരാതിക്കാരന്റെയും സാക്ഷിയുടെയും പ്രസ്താവനയിലെ ഏതെങ്കിലും വ്യത്യസ്തത സംബന്ധിച്ചോ ചെക്കുകളിലെ ദിവസങ്ങളെയും മറ്റ് വിശദാംശങ്ങളെയും കുറിച്ചുള്ള അറിവിന്റെ അഭാവമോ പരാതിക്കാരന്റെ ആഫീസ് 8-ാമത്തെ നിലയിലായിരുന്നതിനാൽ മഴയിൽ മുൻ ചെക്കുകൾ നനഞ്ഞുപോയെന്നോ ആയ മറ്റു നിരീക്ഷണങ്ങൾ കൂടി അപ്പീൽവാദിയുടെ പ്രതിരോധത്തിന് പരിഗണിക്കുന്നതിന് ഒരു സാദ്ധ്യതയുള്ള അപ്രസക്തമായ ഘടകങ്ങൾ ആയിരുന്നു........... മുൻപറഞ്ഞ ഖണ്ഡികകളിലെ പരിശോധനയുടെ ഫലം, മുന്നോട്ടുപോകുന്നതിന് വിചാരണക്കോടതിയുടെ പ്രധാന പരിഗണനകൾ, അനുമാനിച്ചതിന് ശേഷവും സമീപനത്തിൽ അതിന്റെ അടിസ്ഥാനപരമായ പിശക് വ്യക്തമായി കാണിക്കുന്നു, പരാതിക്കാരൻ ന്യായമായ സംശയത്തിനതീതമായി അയാളുടെ കേസ് തെളിയിക്കേണ്ടതായിരുന്നെന്ന പോലെ അത് മുന്നോട്ടുപോയി എന്നതാണ്."

(ഊന്നൽ നൽകുന്നു)

28. പ്രതിക്ക് അനുകൂലമായി ചെക്ക് നൽകിയ സാഹചര്യങ്ങൾ തെളിയിക്കാനുള്ള പരാതിക്കാരന്റെ പ്രാരംഭ ബാദ്ധ്യത ഒരിക്കൽ ഒഴിവാക്കപ്പെടുകയും പ്രതിയുടെ വാദത്തിന് സംഭവ്യതയില്ലെന്ന് കണ്ടെത്തുകയും ആക്റ്റിലെ 139-ാം വകുപ്പ് പ്രകാരമുള്ള അനുമാനത്തെ

ഖണ്ഡിക്കുന്നതിൽ അയാൾ പരാജയപ്പെടുകയും ചെയ്യുന്നതിനാൽ യഥാർത്ഥ ഇടപാട് തെളിയിക്കാൻ പരാതിക്കാരന്റെ കഴിവില്ലായ്മക്ക് യാതൊരു പ്രാധാന്യവുമില്ല.

29. നിലവിലെ കേസ്സിൽ, പ്രതി സ്റ്റാറ്റ്യൂട്ടറി നോട്ടീസിന് ഒരു മറുപടി പോലും അയച്ചില്ല. പരാതിക്കാരൻ ചെക്ക് മോഷ്ടിച്ചത് സംബന്ധിച്ച് അയാൾ നൽകിയ തെളിവ് പൂർണ്ണമായും വിശ്വാസയോഗ്യമല്ലാത്തതായി കണ്ടെത്തുകയും അത് സംബന്ധിച്ച് അയാൾ ഉയർത്തിയ വാദത്തിന് സംഭവ്യതയില്ലെന്നും കണ്ടെത്തി. അത്തരം സാഹചര്യങ്ങളിൽ, പരാതിയിൽ യഥാർത്ഥ ഇടപാട് സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവമോ നോട്ടീസോ, പി.ഡബ്ല്യൂ-1-ന്റെ സാക്ഷിത്വത്തിന്റെ വിശ്വാസ്യതയെ ബാധിക്കുന്നില്ല.

30. പരാതിക്കാരൻ ഹർജികക്ഷിക്ക് നൽകിയ എക്സിബിറ്റ് പി.3 നോട്ടീസിന്റെ തീയതി 7-9-2010 ആണെന്നും നോട്ടീസിൽ ചെക്ക് പണമില്ലാതെ മടങ്ങിയത് 23-9-2010-ന് ആണെന്നും ആരോപിക്കുന്നു എന്ന് ഹർജികക്ഷിക്ക് വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിച്ചു. പരാതിക്കാരൻ പ്രതിക്കയച്ച നോട്ടീസിന്റെ തീയതിയിൽ വന്ന പിശകിന് ഒരു പ്രാധാന്യവും ഇല്ല. പി.ഡബ്ല്യൂ-1 പിശക് വിശദീകരിച്ചു. എക്സിബിറ്റ് പി3 നോട്ടീസ് പരാതിക്കാരൻ 7-10-2010-നാണ്, 7-9-2010-ന് അല്ല പ്രതിക്ക് അയച്ചത് എന്ന് എക്സിബിറ്റ് പി4 പോസ്റ്റൽ രസീത് കാണിക്കുന്നു.

31. പി.ഡബ്ല്യൂ-1-നെ റീകാൾ ചെയ്ത ശേഷം തെളിവിൽ സ്വീകരിച്ച എക്സിബിറ്റ് പി6 രേഖ, സി.ആർ.പി.സി 313-ാം വകുപ്പ് പ്രകാരമുള്ള വിചാരണവേളയിൽ പ്രതിക്ക് നൽകിയില്ല എന്ന് പരാതിക്കാരന് വേണ്ടിയുള്ള അഭിഭാഷകൻ തർക്കിച്ചു. സി.ആർ.പി.സി 313-ാം വകുപ്പ് പ്രകാരമുള്ള വിചാരണവേളയിൽ എക്സിബിറ്റ് പി6 രേഖ സംബന്ധിച്ച് ഉള്ള ഒരു ചോദ്യവും പ്രതിയോട് ചോദിച്ചില്ല എന്നത് ശരിയാണ്. 2014 വർഷത്തിൽ, ഐ.പി.സി. 506 (i) വകുപ്പും കേരള പോലീസ് ആക്റ്റിലെ 118 (ഡി) വകുപ്പും പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റകൃത്യങ്ങൾ ആരോപിച്ചു കൊണ്ട് പരാതിക്കാരൻ നൽകിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ പ്രതിക്കെതിരെ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-ന്റെ പകർപ്പാണ് എക്സിബിറ്റ് പി6. എക്സിബിറ്റ് പി6-ന് നിലവിലെ കേസിൽ യാതൊരു പ്രസക്തിയും ഇല്ല. നിലവിലെ കേസിൽ അത് അയാൾക്കെതിരെ കുറ്റം ചുമത്തുന്ന ഒരു തെളിവല്ല. അത്തരം സാഹചര്യങ്ങളിൽ, സി.ആർ.പി.സി. 313-ാം വകുപ്പിൻകീഴിലെ വിചാരണവേളയിൽ എക്സിബിറ്റ് പി6 സംബന്ധിച്ച് പ്രതിയോടുള്ള ഏതെങ്കിലും ചോദ്യത്തിന്റെ അഭാവം പ്രതിക്ക് ഏതെങ്കിലും മുൻവിധി ഉണ്ടാകുന്നില്ല.

32. കീഴ്ക്കോടതികൾ കേസിലെ തെളിവ് ഉചിതമായി വിശകലനം നടത്തുകയും വിവേചിച്ചറിയുകയും ചെയ്തിട്ടുള്ളതും പരാതിക്കാരൻ പ്രതി ചെക്ക് നൽകിയതും ആക്റ്റിലെ 139-ാം വകുപ്പ് പ്രകാരമുള്ള അനുമാനത്തെ ഖണ്ഡിക്കുന്നതിന് പ്രതിയുടെ കഴിവില്ലായ്മയും സംബന്ധിച്ച് ശരിയായ നിഗമനത്തിലെത്തിച്ചേർന്നു. കീഴ്ക്കോടതികൾ തെളിവ് വിവേചിച്ചറിയുകയും കണ്ടെത്തലുകൾ രേഖപ്പെടുത്തുകയും ചെയ്തതിൽ യാതൊരു നിയമവിരുദ്ധതയോ അനൗചിത്യമോ വിപരീത ബുദ്ധിയോ ഞാൻ കണ്ടെത്തുന്നില്ല. അത്തരം സാഹചര്യങ്ങളിൽ, ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റത്തിന് പ്രതിയെ ശിക്ഷിക്കുന്നത് സ്ഥിരീകരിക്കേണ്ടതാണ്.

33. ശിക്ഷയുടെ തർക്കവിഷയത്തിലേക്ക് വരുമ്പോൾ, ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യത്തിന്റെ ഗാംഭീര്യം, ഇന്ത്യൻ ശിക്ഷാനിയമത്തിലെയോ മറ്റ് ക്രിമിനൽ കുറ്റങ്ങൾക്കോ കീഴിലെ ഒരു കുറ്റകൃത്യവുമായി തുലനം ചെയ്യാൻ കഴിയില്ല. ആക്റ്റിന്റെ

138-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യം ഏതാണ്ട് ഒരു സിവിൽ കുറ്റത്തിന്റെ സ്വഭാവത്തിലാണ്, അതിന് ക്രിമിനൽ പരാമർശങ്ങൾ നൽകിയിട്ടുണ്ട്. [കാണുക: **കൗഷല്യ ദേവി മാസ്സന്റ് Vs. രൂപ്കിഷോർ: (മനു/ എസ്സി/ 0385/2011: എ ഐ ആർ 2011 എസ്സി 2566)]** അസാധാരണമായ സാഹചര്യങ്ങളിലൊഴികെ അത്തരം കേസുകളിൽ കാര്യമായ തടവ് ശിക്ഷ നൽകില്ല. അതേസമയം, പണമില്ലാതെ ചെക്ക് മടങ്ങിയത്മൂലം ഉണ്ടായ നഷ്ടം സംബന്ധിച്ച് പരാതിക്കാരന് പ്രായശ്ചിത്തത്തിലൂടെ നഷ്ടപരിഹാരം നൽകാനുള്ള നിർദ്ദേശം നൽകും, ഇത്, ചെക്ക് തുക മാത്രമല്ല അതിന്മേലുള്ള ന്യായമായ നിരക്കിൽ പലിശയും അടയ്ക്കുക എന്ന് അർത്ഥമാക്കും.

34. **വിജയൻ Vs. ബേബി (മനു എസ്സി/ 1245/2011: എ ഐ ആർ 2012 എസ്സി 528)**-ൽ പരമോന്നത കോടതി താഴെ പറയും പ്രകാരം വിധിച്ചു:

"കോടതികൾ, പ്രത്യേക സാഹചര്യങ്ങളില്ലെങ്കിൽ, ശിക്ഷിക്കപ്പെട്ട എല്ലാ കേസുകളിലും, ചെക്ക് തുകയുടെ ഇരട്ടിവരെ പിഴ ഈടാക്കുന്നതിനുള്ള അധികാരം (ചെക്ക് തുകയും അതിനുള്ള ലളിതമായ പലിശയും അടിസ്ഥാനമാക്കി പ്രതിവർഷം 9% എന്ന നിരക്കിൽ നഷ്ടത്തിന്റെ ന്യായമായ അളവ് കണക്കാക്കി) നിയതമായി വിനിയോഗിക്കേണ്ടതും നഷ്ടപരിഹാരമായി അങ്ങനെയുള്ള തുക നൽകാൻ നിർദ്ദേശിക്കേണ്ടതുമാണ്. പണമില്ലാതെ ചെക്ക് മടങ്ങിയതുമൂലം ഉണ്ടായ നഷ്ടം സംബന്ധിച്ച്, പ്രായശ്ചിത്തത്തിലൂടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നിർദ്ദേശം പ്രായോഗികവും യാഥാർത്ഥ്യവുമായിരിക്കേണ്ടതും, ആയത് ചെക്ക് തുക അടയ്ക്കുക മാത്രമല്ല അതിന്മേലുള്ള ന്യായമായ നിരക്കിൽ പലിശയും അടയ്ക്കുക എന്നർത്ഥമാക്കും".

35. നിലവിലെ കേസിൽ, ചെക്കിന്റെ തീയതി 5-4-2010 ആണ്. ഇപ്പോൾ തന്നെ ഒൻപത് വർഷങ്ങൾക്ക് മേൽ കഴിഞ്ഞു. 5,00,000 രൂപയുടെ ചെക്ക് തുകയ്ക്ക് ഒൻപത് വർഷക്കാലയളവിൽ 9% നിരക്കിൽ പലിശ 4,05,000 രൂപ വരും. അപ്പോൾ, ആകെതുക 9,05,000 രൂപ വരും. എന്നിരുന്നാലും സൗമ്യമായ കാഴ്ചപ്പാട് സ്വീകരിച്ചുകൊണ്ട്, കീഴ്ക്കോടതികൾ ഹർജികക്ഷിക്ക് മേൽ ചുമത്തിയ കാര്യമായ തടവ് ശിക്ഷ അസ്ഥിരപ്പെടുത്തുകയും അയാൾക്ക് 7,50,000 രൂപ പിഴശിക്ഷ ചുമത്തുന്നതും, ആ തുക പരാതിക്കാരന് നഷ്ടപരിഹാരമായി അനുവദിക്കുന്നതും ഉചിതമാണെന്ന് ഞാൻ കണ്ടെത്തുന്നു.

36. തത്ഫലമായി, റിവിഷൻ ഹർജി ഭാഗികമായി അനുവദിച്ചു. ആക്റ്റിന്റെ 138-ാം വകുപ്പിൻകീഴിലെ കുറ്റകൃത്യത്തിന് ഹർജികക്ഷിയുടെ/പ്രതിയുടെ ശിക്ഷാവിധി സ്ഥിരപ്പെടുത്തുന്നു. വിചാരണക്കോടതി, ഹർജികക്ഷിക്ക്/പ്രതിക്ക് ചുമത്തിയതും അപ്പീൽ കോടതി സ്ഥിരപ്പെടുത്തിയതായി നിലകൊള്ളുന്നതുമായ ഒരു മൂന്നുമാസക്കാലയളവ് വെറും തടവ് ശിക്ഷാവിധി അസ്ഥിരപ്പെടുത്തുന്നു. ഹർജികക്ഷിയെ/പ്രതിയെ 7,50,000/-(ഏഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ഒരു പിഴ അടയ്ക്കുന്നതിനും പിഴ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ രണ്ട് മാസക്കാലയളവിലെ ഒരു വെറും തടവ് അനുഭവിക്കുന്നതിനും ശിക്ഷിക്കുന്നു. പിഴ തുക ഈടാക്കിക്കിട്ടുന്ന പക്ഷം, അത് പരാതിക്കാരന് നഷ്ടപരിഹാരമായി നൽകേണ്ടതാണ്. പിഴതുക വിചാരണക്കോടതിയിൽ നിക്ഷേപിക്കുന്നതിനായി ഹർജികക്ഷിക്ക് ഇന്നുമുതൽ ആറ് മാസത്തെ ഒരു കാലാവധി അനുവദിക്കുന്നു. എന്തെങ്കിലും തുക ഇതിനകം ഹർജികക്ഷി വിചാരണക്കോടതിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ പിഴതുകയിലേക്ക് ക്രമീകരിക്കുന്നതാണ്.

*——————*







നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക  വെബ്സൈറ്റിൽ ലഭ്യമാണ്
**www.keralalawsect.org**

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 4

ഏപ്രിൽ 2020
April 2020
DATE OF PUBLICATION
06-04-2020
ഇഷ്യൂ 1



Printed by SALIM. A, the Superintendent of Government Presses, Thiruvananthapuram
Published by B.G. Harindranath, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Govt. Press, Mannnanthala, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Editor: B, G. Harindranath